www.malankaralibrary.com

നവംബർ 2023

# ക്രൈസ്തവ കാഹളം



www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, മഹത്ത്വത്തിലും അപമാനത്തിലും സത്കീർത്തിയിലും ദുഷ്കീർത്തിയിലും വഞ്ചക യെന്നു കരുതപ്പെട്ടപ്പോഴും സത്യസന്ധയായി, എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാ ക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്ത കരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com



www.malankaralibrary.com




# ഉള്ളടക്കം

നവംബർ 2023 വാല്യം 84 ലക്കം 11

ക്രൈസ്തവ കാഹളം

രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9446703056

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

എഡിറ്റോറിയൽ 5
പിതൃമൊഴി 6
ചുവരെഴുത്തും ചൂണ്ടുപലകയും! 8
ഇസ്രായേലിന്റെയും പലസ്തീന്റെയും ചരിത്രം 11
വിധിയും ന്യായവും 14
വി. പീറ്റർ ക്രിസൊളോഗസ് 20
വനമെന്തെന്നറിയണം, പ്രകൃതിയെന്തെന്നറിയണം 29
ശ്റോഗോ ദ് ഉറ്ഹോ 32
ആരാണ് നീ? 34

www.malankaralibrary.com




എഡിറ്റോറിയൽ

# യുദ്ധം
# സമാധാനം കൊണ്ടുവരുന്നില്ല
# തീവ്രവാദം
# മതത്തെ സംരക്ഷിക്കുന്നില്ല


ലോകം വീണ്ടും ഒരു യുദ്ധത്തിന്റെ നടുവിലാണ്. അപ്രതീക്ഷിതമായി മധ്യപൂർവേഷ്യ തീവ്രവാദത്തിന്റെയും തുടർ യുദ്ധത്തിന്റെയും ഭീകരമായ സാഹചര്യങ്ങളിലൂടെ കടന്നു പോവുകയാണ്. പാലസ്തീൻ തീവ്രവാദ സംഘടനയായ ഹമാസ് ഇസ്രയേലിൽ നടത്തിയ ഭീകരാക്രമണവും നിരപരാധികളായ ആളുകളെ തട്ടിക്കൊണ്ടുപോയി ബന്ദിയാക്കിയതും ഇസ്രയേലിനെ വല്ലാതെ പ്രകോപിപ്പിച്ചു. തിരിച്ചടിക്കുകയല്ലാതെ മറ്റൊരു പ്രതിരോധ മാർഗ്ഗവും ഇസ്രയേലിന്റെ മുന്നിൽ ഉണ്ടായിരുന്നില്ല. യുദ്ധത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ഇഴകീറി പരിശോധിക്കുന്നവർ ആരും തീവ്രവാദത്തിന്റെ ഭീകരമുഖത്തേക്ക് ഒന്ന് തിരിഞ്ഞു നോക്കുന്നുപോലുമില്ല. ഇസ്രയേലിന്റെയും പാലസ്തീന്റെയും ചരിത്രവും അവകാശവും ഓരോരുത്തരും അവരവരുടെ താല്പര്യമനുസരിച്ച് വ്യാഖ്യാനിക്കാനും വിശദീകരിക്കാനും തുടങ്ങിയപ്പോൾ ആളുകൾക്ക് ആകെ കൺഫ്യൂഷൻ ആയി. എന്താണ് ഇസ്രായേൽ? എന്താണ് പലസ്തീൻ? കുടിയിറക്കപ്പെട്ട ഇസ്രയേൽ ജനത ലോകത്തിന്റെ നാനാഭാഗങ്ങളിൽ അതിഭീകരമായ വംശഹത്യയ്ക്ക് വിധേയമായി. ഒടുവിൽ അവർ തിരികെ വന്ന് ഒരു മരുപ്രദേശത്തെ പാലും തേനും ഒഴുകുന്ന വാഗ്ദത്ത ഭൂമി പോലെ ഫലഭൂയിഷ്ഠമാക്കി. അവർ മടങ്ങിയെത്തിയപ്പോൾ അവിടെ കയേറ്റക്കാരായി എത്തിയ അറബികൾ സ്വതന്ത്ര രാജ്യത്തിനുവേണ്ടി വാദിച്ചു. അവരുടെ ആവശ്യവും ന്യായം. അറബികൾക്ക് സ്വതന്ത്ര പാലസ്തീൻ രാജ്യം ഉണ്ടായിക്കൊള്ളട്ടെ. ഇസ്രായേലിന്റെ മേൽ അവകാശമുള്ള ജനത എന്തിനാണ് ആ അവകാശം അതിന്റെ പേരിൽ നഷ്ടപ്പെടുത്തുന്നത്. ഇതാണ് നീതിയും യാഥാർത്ഥ്യവും എന്നിരിക്കെ വോട്ടിനുവേണ്ടി മുതലക്കണ്ണീർ ഒഴുക്കുന്ന നമ്മുടെ നാട്ടിലെ രാഷ്ട്രീയ പാർട്ടികൾ സ്വതന്ത്രവും നീതിപൂർവ്വവും ആയ നിലപാട് എടുക്കട്ടെ.

ലോകത്തിന്റെ നാനാഭാഗങ്ങളിൽ മത തീവ്രവാദം ശക്തിപ്പെടുകയാണ്. നിരപരാധികളുടെ തലയറുത്ത് സ്വന്തം വിശ്വാസം ഉറക്കെവിളിച്ച് അട്ടഹസിക്കുമ്പോൾ പ്രീതിപ്പെടുന്ന ഒരു ദൈവം ഉണ്ടെങ്കിൽ അത് എന്തു തരം ദൈവമാണെന്ന് നാം പരിശോധിക്കണം. ഇതുപോലുള്ള പ്രവൃത്തികൾ കൊണ്ട് നമ്മുടെ മതത്തെയും വിശ്വാസത്തെയും നമ്മുടെ ദൈവത്തെയും സംരക്ഷിക്കാം എന്നുള്ളത് എത്രയോ വലിയ തെറ്റിദ്ധാരണയാണ്. മതതീവ്രവാദം നമ്മുടെ ദൈവത്തെയും നമ്മുടെ മതത്തെയും സംരക്ഷിക്കുകയില്ല. യുദ്ധം എപ്പോഴും മനുഷ്യന്റെ പരാജയമാണ് എടുത്തു കാണിക്കുന്നത്. സ്ത്രീകളും കുട്ടികളുമാണ് ഇതിലെ ഏറ്റവും വലിയ ഇരകൾ. സ്വയം പ്രതിരോധിക്കാനുള്ള എല്ലാ അവകാശവും ഓരോ രാജ്യത്തിനും ഉള്ളപ്പോഴും യുദ്ധത്തിന്റെ അന്താരാഷ്ട്ര നിയമങ്ങളും വ്യവസ്ഥകളും പാലിക്കുവാൻ എല്ലാവർക്കും കടമയുണ്ട്. ഇസ്രായേലിനെതിരെ ഈ നിയമലംഘനത്തിന്റെ ആരോപണങ്ങൾ ചെന്ന് നിൽക്കുമ്പോൾ ഒരു ആത്മ പരിശോധന ഇവിടെ ആവശ്യമാണ്. യുദ്ധം അവസാനിപ്പിച്ച്, ഭീകരവാദത്തിന്റെ കൊടുംക്രൂരതകൾ അവസാനിപ്പിച്ച് ലോകത്ത് സമാധാനം പുലരുവാൻ നമുക്ക് പ്രാർത്ഥിക്കാം...!



**റവ. ഫാ. ബോവസ് മാത്യു**
ഫോൺ: 9447661943
bovasmathew@gmail.com

www.malankaralibrary.com




# യുദ്ധം നമ്മുടെ പരാജയവും നാം ക്ഷണിച്ചു വരുത്തുന്ന ദുരന്തവും

ജീവൻ ദൈവത്തിന്റെ ദാനമാണെന്ന് വിശ്വസിക്കുകയും അത് ജീവിക്കുന്ന യാഥാർത്ഥ്യമായി തങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്രകടിപ്പിക്കുകയും ചെയ്യുന്നവരാണ് ക്രൈസ്തവർ. അതുകൊണ്ടു തന്നെ സഭയുടെ പ്രബോധനങ്ങളിലെല്ലാം മനുഷ്യജീവന്റെ വിലയെക്കുറിച്ച് കൂടെക്കൂടെയുള്ള ഓർമ്മപ്പെടുത്തലുമുണ്ടാകും. അമ്മയുടെ ഉദരത്തിൽ വച്ചു നടക്കുന്ന കൊലപാതകമാണെങ്കിലും ദയാവധമെന്ന പേരിൽ വാർദ്ധക്യത്തിന്റെ വൈഷമ്യങ്ങളെ നേരിടാൻ കരുണ മറച്ചു പിടിക്കുന്ന പ്രവൃത്തികളാണെങ്കിലും ഇഞ്ചിഞ്ചായി കൊന്നു തള്ളുന്ന ലഹരിയുടെ വിപണന കാര്യത്തിലും യുദ്ധത്തിന്റെ കാര്യത്തിലാണെങ്കിലും സഭയ്ക്ക് മൗനമവലംബിക്കാൻ സാധ്യമല്ല. ജീവൻ ദൈവത്തിന്റെ ദാനമാണ്. മനുഷ്യന് അതിന്മേൽ അധികാരമില്ല. കായേനോട് ചോദിച്ച ചോദ്യം ദൈവം ചോദിച്ചുകൊണ്ടേയിരിക്കുന്നു: 'എവിടെ നിന്റെ സഹോദരൻ?'

ഇസ്രായേൽ - പാലസ്തീൻ സംഘർഷത്തെക്കുറിച്ചുള്ള വാർത്തകൾ നമ്മെ ഏവരേയും മാനസിക ക്ലേശത്തിലാക്കുന്നു. സ്ത്രീകളും കുട്ടികളും ഉൾപ്പടെയുള്ള നിരപരാധികളായ ആയിരക്കണക്കിന് മനുഷ്യർ ഇരുഭാഗങ്ങളിലും കൊല്ലപ്പെടുന്നുവെന്ന വസ്തുത നമ്മെ ഏറ്റവും ദുഃഖിപ്പിക്കുന്നു.

മെത്രാൻമാരുടെ സിനഡ് റോമിൽ നടക്കുന്ന ഈ സമയത്ത് ഒക്ടോബർ 19 ന് വൈകുന്നേരം 7 മണിക്ക് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിന്റെ ഒരു കോണിൽ, അഭയാർത്ഥികളുടെയും കുടിയേറ്റക്കാരുടേയും ഓർമ്മയെ സജീവമാക്കുന്ന ആ പ്രതിമയ്ക്കു മുന്നിലേക്ക് ഫ്രാൻസിസ് മാർപാപ്പാ തിരുമേനി സിനഡംഗങ്ങളായ ഞങ്ങളെ എല്ലാവരേയും വിളിച്ചു കൂട്ടി. യുദ്ധത്തിൽ കൊല്ലപ്പെട്ടവർക്കുവേണ്ടിയും അഭയാർത്ഥികൾക്കുവേണ്ടിയും ഒരു കാരണവും കൂടാതെ തടവിലാക്കപ്പെടുന്ന നിരപരാധികൾക്കുവേണ്ടിയും പരിശുദ്ധ പിതാവിനൊപ്പം അവിടെ പ്രാർത്ഥിച്ചത് മറക്കാനാവാത്ത ഒരനുഭവമായിരുന്നു.

യുദ്ധത്തിൽ നടക്കുന്ന നരഹത്യയെക്കുറിച്ച് നേരത്തേ തന്നെ ഫ്രാൻസിസ് പാപ്പാ ഓർമ്മപ്പെടുത്തിയിരുന്നു. 'ആരുടെയും പക്ഷം പിടിക്കാനല്ല, സമാധാനത്തിന്റെ ഒരു പക്ഷമേ നമുക്കുള്ളൂ' എന്നതാണ് അദ്ദേഹത്തിന്റെ നിലപാട്. 'യുദ്ധം ഒരു പ്രശ്നവും പരിഹരിക്കുന്നില്ല, മറിച്ച് മരണവും നാശവും പകയും പ്രതികാരവും വർദ്ധിപ്പിക്കാനേ അതുപകരിക്കുകയുള്ളൂ. യുദ്ധം നമ്മെ പരാജിതരാക്കുന്നു. നമ്മുടെ ഭാവിയെത്തന്നെ അത് ഇല്ലായ്മ ചെയ്യുന്നു.' പരിശുദ്ധ പിതാവിന്റെ പ്രവാചകതുല്യമായ വാക്കുകൾ ബഹുമാനിക്കപ്പെടേണ്ടതാണ്. പിതാവിന്റെ വാക്കുകളിലെ പരിശുദ്ധാത്മ നിറവ് ശ്രദ്ധിക്കുക: 'ആക്രമിക്കപ്പെടുന്നവർക്ക് പ്രതിരോധിക്കാൻ അവകാശമുണ്ട്. പക്ഷെ കൊല്ലപ്പെടുന്ന നിരപരാധികളെക്കുറിച്ച് ഞാൻ ആശങ്കപ്പെടുന്നു.'

www.malankaralibrary.com

മനുഷ്യന്റെ ചരിത്രം വെറും ഭൗതിക വളർച്ചയുടെ ചരിത്രം മാത്രമല്ല. അത് സംസ്കാരത്തിന്റെ വളർച്ചയുടെ ചരിത്രം കൂടിയാണ്. കണ്ണിനു പകരം കണ്ണെന്നുള്ള പഴയ നിയമ സങ്കൽപ്പങ്ങളെ സ്നേഹത്തിന്റെയും ക്ഷമയുടേയും പുതിയ നിയമം കൊണ്ട് ക്രൈസ്തവികത മാറ്റിക്കുറിക്കുന്നത് കേവലം മതപരമായ ഒരു ആശയ പ്രകാശനമല്ല. മറിച്ച് അത് മനുഷ്യ സംസ്കാരത്തിനുണ്ടായ വളർച്ചയുടെ അടയാളമാണ്. കൊന്നും പിടിച്ചടക്കിയുമല്ല സാമ്രാജ്യങ്ങൾ സ്ഥാപിക്കേണ്ടത്. ക്ഷമിച്ചും സ്നേഹിച്ചും നീതി ഉറപ്പു വരുത്തിയുമാണ്. ഫ്രാൻസിസ് പാപ്പാ പറഞ്ഞത് എത്രയോ ശരിയാണ്, യുദ്ധം നമ്മുടെ ഒരു പരാജയമാണ്. ആരും ജയിക്കുന്നില്ല. എല്ലാവരും തോറ്റു പോകുന്ന ദുരന്തം!

ഒരു യുദ്ധം നടക്കുമ്പോൾ യുദ്ധമുഖത്തുള്ളവരേക്കാൾ അതിൽ നിന്ന് എങ്ങനെ മുതലെടുക്കാമെന്നു ചിന്തിക്കുന്നവരായിരിക്കും കൂടുതൽ. ലോകത്ത് സമാധാനം സ്ഥാപിക്കാൻ ഉത്തരവാദിത്വമുള്ള ഭരണാധികാരികൾ മുൻവിധികളും സ്വാർത്ഥതയും മാറ്റിവച്ച് യാഥാർത്ഥ്യബോധത്തോടെ ഇടപെടണം. 'സമാധാനം നടത്തുന്നവർ ഭാഗ്യവാൻമാർ; എന്തെന്നാൽ അവർ ദൈവത്തിന്റെ പുത്രൻമാരെന്ന് വിളിക്കപ്പെടും' (വി. മത്തായി 5/9). സമാധാനപാലകരെക്കുറിച്ച് യേശുകർത്താവ് അങ്ങനെയാണല്ലോ നമ്മെ പഠിപ്പിച്ചത്. കരയിലും കടലിലും ആകാശത്തും മാധ്യമങ്ങളിലും ഒക്കെ നടക്കുന്ന യുദ്ധത്തേക്കാൾ മാരകമാണ് നമ്മുടെ മനസ്സനുള്ളിൽ നടക്കുന്ന യുദ്ധം! യുദ്ധം ലോകത്തെ വെട്ടിമുറിക്കും; ലോകത്തെ മാത്രമല്ല, മനസ്സുകളേയും.

യേശുകർത്താവ് ജനിച്ച്, ജീവിച്ച്, അവിടുത്തെ കാൽപ്പാടുകൾ പതിഞ്ഞിട്ടുള്ള, മരണത്തിന് - അതെ കുരിശുമരണത്തിന് വിധേയമാക്കപ്പെട്ട, കബറടക്കപ്പെട്ട, ഉയിർത്തെഴുന്നേറ്റ സ്ഥലം 'വിശുദ്ധ നാട്' എന്ന് തങ്ങളുടെ പ്രധാന ഭാഷകളിൽ വിളിച്ച വികസിത രാജ്യങ്ങൾ അതെല്ലാം മറന്ന് ആ പുണ്യഭൂമിയിലേക്ക് ആയുധങ്ങൾ ഇറക്കുമതി ചെയ്യരുത്. നിങ്ങളുടെ രാജ്യങ്ങളുടെ ആസ്തി വർദ്ധിപ്പിക്കാൻ നിസ്സഹായരെ കൊന്നൊടുക്കുന്ന നൂതന വിദ്യകളും യുദ്ധോപകകരണങ്ങളും നിർമ്മിക്കരുത്, വിൽക്കരുത്, അവ ഉപയോഗിച്ച് കൊലപാതകം ചെയ്യരുത്! വാളെടുക്കുന്നവൻ വാളാൽ നശിക്കുമെന്ന് നമ്മുടെ കർത്താവ് പറഞ്ഞത് വൃഥാവിലാവില്ല. യുദ്ധവേളകളിലും യുദ്ധമുഖത്തും മതഗ്രന്ഥങ്ങളും മതപശ്ചാത്തലങ്ങളും എരിതീയിൽ എണ്ണ ഒഴിക്കുന്നവ ആകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം. സമാധാനമുള്ള ഭൂമി എല്ലാവരുടെയും അവകാശമാണ്. ആ സമാധാനം നമ്മുടെ തീരുമാനവും കൂടിയാണ്.

സമാധാനത്തിന്റെ ദൈവം യുദ്ധം ശമിപ്പിക്കട്ടെ! നിങ്ങളുടെ മനസ്സുകളെ ശാന്തമാക്കട്ടെ!

ദൈവം അനുഗ്രഹിക്കട്ടെ,

നിങ്ങളുടെ പിതാവ്,

+Baselios Cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ്**

**മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്**

www.malankaralibrary.com





# ചുവരെഴുത്തും ചൂണ്ടുപലകയും!

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**

ഈജിപ്തിലെ സ്യൂയസ് കനാൽ പ്രവിശ്യയുടെ തലസ്ഥാനമായിരുന്ന ഇസ്മായീലിയയിലെ ഒരു പ്രൈമറി സ്കൂൾ അധ്യാപകനായിരുന്നു, 1928 ൽ കേവലം 22 വയസ്സുകാരനായിരുന്ന ഹസ്സൻ അൽ ബന്ന. ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ നടന്നുവന്നിരുന്ന ഈജിപ്തിന്റെ പാശ്ചാത്യവൽക്കരണത്തിൽ ഏറെ അസ്വസ്ഥനായിരുന്നു ബന്ന. 1924 ൽ തുർക്കി ഖാലിഫേറ്റ് നിർത്തലാക്കിയ അട്ടാത്തുർക്കിന്റെ നടപടി അന്നു വിദ്യാർത്ഥിയായിരുന്ന ബന്നയെ ഏറെ പ്രകോപിപ്പിച്ചു. ഇസ്ലാമിക ലോകത്തോടുള്ള പടിഞ്ഞാറിന്റെ വഞ്ചനയും ഇസ്ലാമിനോടുള്ള യുദ്ധ പ്രഖ്യാപനവുമായാണ് ബന്ന അതിനെ കണ്ടത്. ഈജിപ്റ്റിലെ അൽ അസ്ർ യൂണിവേഴ്സിറ്റി കേന്ദ്രമായി വളർന്നുവന്ന ഇസ്ലാമിക പുനരുജ്ജീവന ചിന്തയുടെ പ്രണേതാക്കളിൽ പ്രമുഖനായിരുന്ന റഷീദ് റീദ്ദയുടെ ചിന്തകളിൽ ആകൃഷ്ടനായ ബന്ന, ഇസ്ലാമിക പുനരുജ്ജീവന ചിന്തയെ ഒരു പ്രത്യയശാസ്ത്ര ചട്ടക്കൂടിൽ വികസിപ്പിക്കുന്നതിൽ ശ്രദ്ധയൂന്നി. പ്രവാചക ചര്യയുടെ വഴിയിൽ ഇസ്ലാമിന്റെ പ്രവാചകനായ മുഹമ്മദിന്റെയും അദ്ദേഹത്തിന്റെ വിശ്വസ്ത അനുയായികളുടെയും ചര്യകൾ പിൻതുടർന്നുകൊണ്ട്, ഇസ്ലാമിന്റെ പ്രാമാണിക ഗ്രന്ഥമായ ഖുർ ആനിന്റേയും ശരിയത് നിയമങ്ങളുടെയും മാർഗത്തിൽ, മാതൃ രാജ്യത്തേ ഒരു 'ഇസ്ലാമിക് സ്റ്റേറ്റാക്കി' മാറ്റുന്നതിനുള്ള പദ്ധതിക്ക് അദ്ദേഹം രൂപം നൽകി.

അല്ലാഹുവിന്റെ മാർഗത്തിൽ 'ജിഹാദു' നടത്താനും അനിസ്ലാമികമായ രാഷ്ട്രീയ രൂപങ്ങളെ ഉന്മൂലനം ചെയ്യാനുമായി, ഇസ്ലാമിക സമൂഹം ഒരു സംഘടിത ശക്തിയായി മുന്നേറേണ്ടതിന്റെ ആവശ്യകതയെ അവതരിപ്പിച്ചുകൊണ്ട്, 1928 ൽ അദ്ദേഹം 'ഇസ്ലാമിക് ബ്രദർഹുഡ്' എന്ന സംഘടനക്ക് രൂപം നൽകി. പ്രസ്ഥാനത്തിന്റെ തുടക്കം ലളിതവും ജനകീയവും പരോപകാര പ്രവൃത്തികളിൽ അധിഷ്ഠിതവുമായിരുന്നു. ഇസ്മായീലിയയിലെ ചായക്കടകളിൽ വന്നുകൂടിയ തൊഴിലാളികളോട് അദ്ദേഹം തന്റെ ആശയങ്ങൾ പങ്കുവച്ചു. വിദേശ മേലാളന്മാരിൽനിന്നും അനീതികൾക്കിരയായ ഏതാനും തൊഴിലാളികൾ അദ്ദേഹത്തോടൊപ്പം ചേർന്നു. ഇസ്ലാമിന്റെ സാഹോദര്യ ആദർശത്തെ പുനരുദ്ധരിക്കാനും അനീതിക്കെതിരെ പൊരുതാനും അവർ നിശ്ചയിച്ചു. രാജ്യത്തിന്റെയും ഇസ്ലാമിക സമൂഹത്തിന്റെയും ആത്മാഭിമാനം വീണ്ടെടുക്കാനായി 'ജിഹാദി'ന്റെ മാർഗത്തിൽ സ്വയം സമർപ്പിക്കാൻ അവർ പ്രതിജ്ഞയെടുത്തു. അങ്ങനെയാണ് 'ഇസ്ലാമിക് ബ്രദർഹുഡ്' പിറന്നുവീണത്! ചാരിറ്റബിൾ പ്രവർത്തനങ്ങളിലൂടെ ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്നുകൊണ്ടാണ് ബ്രദർഹുഡ്, അതിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. തീവ്ര ഭക്തിയുടെ ഒരു മതാത്മക തലവും പ്രവർത്തകരിൽ ക്രമേണ ശക്തിയാർജിച്ചു വന്നു. 'ഇസ്ലാമിന്റെ തനിമ'യിലേക്കു സമൂഹത്തെ തിരികെയെത്തിക്കാനും, സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ളവരുടെ ദുരിതങ്ങളിൽ അവരോടൊപ്പംനിന്നു പ്രവർത്തിക്കാനും ബ്രദർഹുഡ് പ്രവർത്തകർ ശ്രദ്ധവച്ചു. ഇത് ബ്രദർഹുഡിന് സമൂഹത്തിലും ജനഹൃദയങ്ങളിലും ആഴത്തിൽ വേരോട്ടമുണ്ടാക്കി. ക്രമേണ സംഘടന ജനസാമാന്യത്തിനിടയിൽ ശക്തമായ ഒരു ജനകീയ പ്രസ്ഥാനമായി വളർന്നുവന്നു. ഇസ്ലാമികവൽക്കരണം സമസ്ത മേഖലകളിലും ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിലേക്കും സാമൂഹിക ജീവിതത്തിന്റെ എല്ലാ തലങ്ങളിലേക്കും ബ്രദർഹൂഡ് അതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. ജീവിതത്തിന്റെ എല്ലാ മേഖലകളും

www.malankaralibrary.com

ഇസ്ലാമിക തത്വങ്ങൾക്കനുസൃതമാകേണ്ടതിന്റെ ആവശ്യകത ബ്രദർഹുഡ് പ്രവർത്തകർ ജനഹൃദയങ്ങളിൽ പതിപ്പിക്കുവാൻ, പരിശ്രമിച്ചു.

അങ്ങനെ, ഏകദേശം ഒരു പതിറ്റാണ്ടുകൊണ്ട് ഈജിപ്ഷ്യൻ ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും പടർന്നുകയറി, ജനഹൃദയങ്ങളിൽ തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യം സുദൃഢമായി പതിപ്പിക്കുവാൻ ഇസ്ലാമിക് ബ്രദർഹുഡിന് കഴിഞ്ഞു. ചാരിറ്റിമുതൽ സായുധ സമരംവരെ ഇതിനോടകം, സംഘടന അതിന്റെ രാഷ്ട്രീയ ലക്ഷ്യത്തിലേക്കു ചുവടുകൾ വച്ചുതുടങ്ങി. ഈജിപ്തിനെ ശരിയത് നിയമത്തിൻ കീഴിൽ, ഒരു ഇസ്ലാമിക രാഷ്ട്രമാക്കി (ഇസ്ലാമിക് സ്റ്റേറ്റ്) മാറ്റുന്നതിനുള്ള അണിയറ പ്രവർത്തനങ്ങൾ ശക്തമാവുകയായിരുന്നു. സംഘടനയിൽ ഒരു രഹസ്യ സായുധ സേനക്ക് ബ്രദർഹുഡ് രൂപം നൽകി. ഇസ്ലാമിക സമൂഹ നിർമ്മിതി ലക്ഷ്യമാക്കി ക്രമാനുഗതമായി നടപ്പിലാക്കേണ്ട സാമൂഹ്യ - സാമ്പത്തിക - രാഷ്ട്രീയ മാറ്റങ്ങൾ സംഘടന വിഭാവനം ചെയ്തു. ഇസ്ലാമിക ധാർമികതയും നൈതികതയും രാഷ്ട്രത്തിന്റെ മാനദണ്ഡമാക്കാൻ ബന്ന ഈജിപ്ഷ്യൻ ഭരണകൂടത്തെ നിർബന്ധിച്ചു. സ്വാതന്ത്ര്യത്തിനു ശേഷവും ഈജിപ്തിൽ സ്വാധീനമുറപ്പിച്ചിരുന്ന കൊളോണിയൽ ശക്തികൾക്കെതിരെ, ആയുധമേന്തി ജിഹാദിൽ ഏർപ്പെടാനുള്ള കർത്തവ്യത്തിൽനിന്ന് ഒരു മുസ്ലിമിനും ഒഴിവില്ലെന്നു സംഘടന നിലപാടെടുത്തു. ബ്രദർഹൂഡ് ഈജിപ്തിന്റെ ഭരണം പിടിക്കുന്നതിനുള്ള നീക്കങ്ങളാരംഭിച്ചു. ഈജിപ്തിൽ പ്രവർത്തനങ്ങൾ ധൃതഗതിയിൽ മുന്നേറുമ്പോൾത്തന്നെ, 1936 മുതൽ 39 വരെ നടന്ന പലസ്തീൻ - യഹൂദ പോരാട്ടത്തിലും, 1948 ലെ അറബ് - ഇസ്രായേൽ യുദ്ധത്തിലും പലസ്തീനൊപ്പം നിലകൊണ്ട ബ്രദർഹൂഡ്, അരങ്ങിലും അണിയറയിലും നിർണ്ണായക ശക്തിയായി. പലസ്തീൻ പ്രശ്നം അറബ് രാജ്യങ്ങളുടെ ഒരു പൊതുവിഷയമാക്കി വളർത്തിയെടുക്കുന്നതിലും, യഹൂദർക്കെതിരെ പലസ്തീൻ ജനതയെ മുൻനിർത്തി അറബ് രാജ്യങ്ങളുടെ സഖ്യം രൂപീകരിക്കുന്നതിലും, ബ്രദർഹൂഡിന്റെ തന്ത്രങ്ങൾ വിജയം കണ്ടു. 1948 ൽ ഈജിപ്ഷ്യൻ പ്രധാനമന്ത്രിയായിരുന്ന മുഹമ്മദ് നക്രാഷിയെ വധിച്ചുകൊണ്ട്, ബ്രദർഹുഡ് ഈജിപ്തിന്റെമേലുള്ള പിടിമുറുക്കി.

**ഹമാസിന്റെ ജനനം**

1948 ൽ ഇസ്രായേൽരൂപീകൃതമായതിനെത്തുടർന്നു പലസ്തീനിൽ വേരുറപ്പിച്ച ഇസ്ലാമിക് ബ്രദർഹുഡ് രൂപംകൊടുത്ത 'ഹമാസ്' അക്ഷരാർത്ഥത്തിൽത്തന്നെ, ഇസ്ലാമിക് ബ്രദർഹുഡിന്റെ പലസ്തീനിയൻ മുഖവും ഇസ്രയേലിനെതിരെയുള്ള ആഗോള ഇസ്ലാമിക സഖ്യത്തിന്റെ രാഷ്ട്രീയ രൂപവുമായി മാറുകയായിരുന്നു. ഇസ്ലാമിക് ബ്രദർഹുഡിന്റെതുപോലെ, ചാരിറ്റി, രാഷ്ടീയം, സായുധ പോരാട്ടം എന്നീ ത്രിവിധ തലങ്ങളും, ഓരോ വിഭാഗത്തിനും പ്രത്യേക നേതൃനിരയുമുള്ള ഒരു സങ്കീർണ്ണ സംഘടനാ സംവിധാനമാണ് ഹമാസിനുമുള്ളത്. ഒരു സംഘടനയായിരിക്കുമ്പോൾത്തന്നെ ഈ മൂന്നു തലങ്ങളും സ്വതന്ത്രമായി പ്രവർത്തിക്കുകയും അത്ഭുതകരമാംവണ്ണം ഏകോപിപ്പിക്കപ്പെടുകയും ചെയ്യുന്ന ഹമാസിന്റെ ഏറ്റവും വലിയ ശക്തി, ചാരിറ്റി പ്രവർത്തനങ്ങളിലൂടെ വളത്തിയെടുക്കുന്ന ജനപിന്തുണ തന്നെയാണ്. ഇസ്രയേലിനെ ഉന്മൂലനം ചെയ്യുക എന്ന ഏകലക്ഷ്യം മുൻനിർത്തി കരുക്കൾ നീക്കുന്ന ഹമാസിന്റെ മുഖ്യ ശത്രു ഇസ്രായേലാണെങ്കിലും, ജനപിന്തുണയിൽ പരസ്പരം മത്സരിക്കുന്ന ഇതര പലസ്തീനിയൻ സംഘടനകളുമായും അതു നിരന്തരം സംഘർഷത്തിലാണ്. ജനപിന്തുണയിൽ ഹമാസ് ഇതര സംഘടനകൾക്ക് ബഹുദൂരം മുന്നിൽ നിൽക്കുന്നതിനു വേറെയും കാരണങ്ങളുണ്ട്. അതിൽ മുഖ്യമായത്, ഇസ്ലാമിക ലോകത്തിന്റെ മതവികാരത്തെ ഏറ്റവും ഫലപ്രദമായി വിനിയോഗിക്കാനുള്ള അതിന്റെ ശേഷിതന്നെയാണ്. പലസ്തീൻ വിഷയത്തെ മുസ്ലിം ലോകത്തിന്റെ ഒരു വൈകാരിക പ്രശ്നമാക്കി മാറ്റുന്നതിൽ, ഹമാസ് അത്ഭുതകരമായ മികവാണ് കാട്ടുന്നത്! 1988 ൽ പ്രസിദ്ധീകരിച്ച ഹമാസിന്റെ ചാർട്ടർ, 11 ആം നമ്പറിൽ, ഇസ്രായേൽ ഉൾപ്പെടുന്ന സമ്പൂർണ്ണ പലസ്തീനിനെ മുസ്ലിം ലോകത്തിനു 'അള്ളാഹു നൽകിയ വഖഫായി' പ്രഖ്യാപിച്ചിരിക്കുന്നു! അങ്ങിനെ, ഇസ്ലാമിൽ വിശ്വസിക്കുന്ന എല്ലാ ജനതയുടെയും മതപരമായ ഒരു പ്രശ്നമായി പലസ്തീൻ പ്രശ്നത്തെ മാറ്റിയെടുക്കുന്നതിൽ ഹമാസ് വിജയംകണ്ടു! 'അല്ലാഹുവിന്റെ വഖഫ്' ജൂതന്മാരായ കാഫിറുകളിൽനിന്നും മോചിപ്പിക്കുക എന്നത്, അങ്ങനെ, സകല മുസ്ലീമുകളുടെയും ബാധ്യതയായിത്തീർന്നിരിക്കുന്നു!

എന്തുകൊണ്ടാണ്, പലസ്തീൻ പ്രശ്നം ഇങ്ങു കേരളത്തിൽപോലും, ഒരു അതി വൈകാരിക പ്രശ്നമായി മാറുന്നത് എന്ന് ഇതു വ്യക്തമാക്കുന്നു. ത്രിമാന മുഖങ്ങളുടെ അഗോളവൽക്കരണം ഈജിപ്തിൽ ഇസ്ലാമിക് ബ്രദർഹുഡ് ആവിഷ്കരിച്ച, ത്രിവിധ മാർഗങ്ങളിലൂടെയുള്ള ഇസ്ലാമിക രാഷ്ട്ര സ്ഥാപന മാതൃക, ഇന്ന് ആഗോളതലത്തിൽത്തന്നെ പൊളിറ്റിക്കൽ ഇസ്ലാമിന്റെ അംഗീകൃത രൂപമായി വളർന്നിരിക്കുന്നു. ഇക്കാ



www.malankaralibrary.com



ര്യത്തിൽ, സുന്നി-ഷിയാ വ്യത്യാസങ്ങൾ ബാധകമല്ല എന്നതിന്റെ ഉദാഹരണമാണ്, ജോർദാനിലെ ഹിസ്ബുല്ലയുടെയും ഇന്ത്യയിലെ ജമാഅത്തെ ഇസ്ലാമിയുടെയും ആഗോളതലത്തിൽ പ്രവർത്തിക്കുന്ന നൂറുകണക്കിന് ഇതര ഇസ്ലാമിസ്റ്റ് പ്രസ്ഥാനങ്ങളുടെയും സംഘടനാ രൂപവും പ്രവർത്തന രീതികളും! ആഴത്തിലുള്ള പഠനത്തിനും വിശകലനങ്ങൾക്കും വിധേയമായിട്ടുള്ള പൊളിറ്റിക്കൽ ഇസ്ലാമിന്റെ രാഷ്ട്രീയ രൂപങ്ങൾ ഇന്ന് ഒരു രഹസ്യമല്ല. 'ഹാൻഡ്ബുക് ഓഫ് പൊളിറ്റിക്കൽ ഇസ്ലാം' എന്ന ഗ്രന്ഥം ഇതിന്റെ ഒരു സമഗ്ര ചിത്രം അനാവരണം ചെയ്യുന്നുണ്ട്. ശക്തി പ്രാപിക്കുന്ന സലഫി-വഹാബി മതാത്മകത 19, 20 നൂറ്റാണ്ടുകളിലുണ്ടായ ഇസ്ലാമിക പുനരുജ്ജീവന ചിന്തയുടെയും രാഷ്ട്രീയ ഉണർവിന്റെയും ഫലമായി വളർന്നുവന്ന സലഫി-വഹാബി ചിന്തയുടെ അതിപ്രസരം, ആഗോളതലത്തിൽ എന്നപോലെ ഇങ്ങു കേരളത്തിലും, നിരവധി മത-രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇന്ത്യയിൽ ഇന്ന് നിലനിൽക്കുന്ന ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ സ്വാധീനത്തിൽ, ഈ പ്രസ്ഥാനങ്ങൾ തഴച്ചു വളരുന്നതിൽ അത്ഭുതമില്ല.

ബൃഹദാഖ്യാനങ്ങൾ, അപ്രസക്തമാക്കുന്ന പോസ്റ്റ് മോഡേൺ ചിന്താലോകത്ത്, ഐഡിയോളജികൾ തകർന്നടിയുകയും, ഐഡന്റിറ്റിക്കുവേണ്ടിയുള്ള ത്വര തീവ്രതരമാവുകയും ചെയ്യുമ്പോൾ, ആഗോളതലത്തിൽതന്നെ, മതാധിഷ്ഠിത രാഷ്ട്രീയ രൂപങ്ങൾ ശക്തിപ്രാപിക്കാനുള്ള സാധ്യത വർധിച്ചുവരികയാണ്.ജനാധിപത്യത്തിലേക്കുള്ള ദൂരം തീവ്ര ഇസ്ലാമിക രാഷ്ട്രീയത്തെ ഫലപ്രദമായി നേരിടാൻകഴിയണമെങ്കിൽ, ജനാധിപത്യം, മനുഷ്യ ചരിത്രത്തിൽ നടന്ന രാഷ്ട്രീയ രൂപ പരിണാമങ്ങളിൽ, അവസാനത്തേതാണ് (ഏറ്റവും ഉന്നതമാണ്) എന്ന ഫ്രാൻസിസ് ഫുക്കുയാമയുടെ ദർശനത്തെ ലോകം ഗൗരവപൂർവം ചർച്ച ചെയ്യണം. ഇതര രാഷ്ട്രീയ രൂപങ്ങളെല്ലാംതന്നെ, സമഗ്രാധിപത്യത്തിലേക്കും സർവ്വാധിപത്യത്തിലേക്കും, അടിമത്വത്തിലേക്കുമുള്ള ചുവടുവയ്പ്പുകളായിരുന്നു എന്ന ഫുക്കുയാമയുടെ ദർശനത്തെ വസ്തുനിഷ്ഠമായി വിലയിരുത്തണം. ഗോത്ര ഭരണവും, തിയോക്രസിയുടെയും സ്വേച്ഛാധിപത്യത്തിന്റെയും വിവിധ രൂപങ്ങളും സർവ്വാധിപത്യ പ്രവണതയുള്ള പ്രത്യയശാസ്ത്രങ്ങളും ചരിത്രത്തിന്റെ വിവിധ ദശകളിൽ പരീക്ഷിച്ചു പാഠമുൾക്കൊണ്ട മനുഷ്യ സമൂഹത്തിനുമുൻപിൽ പരിമിതികളേറെയുണ്ടെങ്കിലും, ജനാധിപത്യം എന്ന രാഷ്ട്രീയ രൂപത്തിന്റെ മഹത്വം പ്രോജ്വലമായിത്തന്നെ നിൽക്കുന്നു എന്നതിനെ മതരാഷ്ട്രവാദികൾക്ക് നിഷേധിക്കാനാവുമോ? ഉപസംഹാരം മതരാഷ്ട്ര സിദ്ധാന്തങ്ങളുടെ പേരിലായാലും സർവ്വാധിപത്യ പ്രവണതയുള്ള പ്രത്യയശാസ്ത്രങ്ങളുടെ പേരിലായാലും, കാലഹരണപ്പെട്ട രാഷ്ട്രീയ രൂപങ്ങളുടെ പുനഃസ്ഥാപനത്തിനുവേണ്ടി, വ്യക്തികളുടെ ജീവനും, അന്തസ്സും സ്വാതന്ത്ര്യവും അവകാശങ്ങളും, അടിയറവയ്ക്കാൻ പ്രബുദ്ധം എന്നവകാശപ്പെടുന്ന ആധുനിക മനുഷ്യ സമൂഹം തയ്യാറാകുമോ? ചരിത്രത്തിന്റെ ചുവരെഴുത്തുകൾ ചൂണ്ടുപലകകളാകുമോ? ആകുമെങ്കിൽ, അത് ഏതു ദിശയിലേക്കായിരിക്കും? ഇരുപത്തൊന്നാം നൂറ്റാണ്ടിലെ മനുഷ്യൻ, ചരിത്രത്തിൽ നടത്തുന്ന ചുവടുവയ്പ്പുകൾ, മനുഷ്യ വംശത്തെ മുന്നോട്ടു നയിക്കുമോ അതോ പിന്നോട്ടടിക്കുമോ?



www.malankaralibrary.com






# ഇസ്രായേലിന്റെയും പലസ്തീന്റെയും ചരിത്രം

റവ. ഫാ. ബിബിൻ മഠത്തിൽ

'BC1200 നോട് അടുത്താണ് ഇസ്രായേൽക്കാർ കാനാൻദേശത്ത് വാസമുറപ്പിച്ചത് എന്നാണു ചരിത്രം സാക്ഷ്യപ്പെടുത്തുന്നത്. ഏകദേശം അതേ സമയത്താണു ഫിലിസ്ത്യരും ഇവിടേക്ക് എത്തിയത്. ഇസ്രായേൽക്കാരും ഫിലിസ്ത്യരും കാനാനിലേക്ക് കുടിയേറിയതോടെ തദ്ദേശീയരായിരുന്ന കാനാന്യർ അവിടത്തെ ചരിത്രത്തിൽനിന്നും അപ്രത്യക്ഷരായി. (ഈ ഫിലിസ്ത്യരും ഇപ്പോൾ പലസ്തീനികൾ എന്നു വിളിക്കപ്പെടുന്നവരും ഒരേ ഗോത്രമല്ല.) ഏകദേശം ബി.സി. 1000 ആയപ്പോഴേക്കും കാനാൻ മുഴുവനായി ഇസ്രായേല്യരുടെ നിയന്ത്രണത്തിലായി. അവർതന്നെ ഇസ്രായേൽ എന്നും യൂദാ എന്നും രണ്ടു രാജ്യമായി പിരിഞ്ഞു. ബി.സി. 721-ൽ അസീറിയ പത്തു ഗോത്രങ്ങളടങ്ങിയ ഇസ്രായേൽ എന്ന രാജ്യത്തെ കീഴടക്കുകയും അവരെ അവിടെനിന്ന് നാടുകടത്തുകയും ചെയ്തു. പിന്നീട് ബാബിലോൺ സാമ്രാജ്യം ബി.സി. 597/587 വർഷങ്ങളിൽ യൂദാ കീഴടക്കി അവിടങ്ങളിൽ ഉണ്ടായിരുന്നവരെയും നാടുകടത്തി. എന്നാൽ പേർഷ്യക്കാർ ബാബിലോൺ പിടിച്ചടക്കിയതിനെ തുടർന്ന് യഹൂദർ അഥവാ ഇസ്രായേല്യർ ഇസ്രായേലിലേക്കു മടങ്ങി. ബി.സി. 538ലായിരുന്നു ഈ മടക്കം. ബി.സി. 332-ൽ അലക്സാണ്ടർ ചക്രവർത്തിയുടെ നേതൃത്വത്തിൽ ഗ്രീക്കുകാർ പേർഷ്യയെ കീഴടക്കിയതോടെ ഇസ്രായേൽ ഗ്രീക്കുകാരുടെ അധീനതയിലായി. പിന്നീട് ഹസ്മോണിയൻ കുടുംബത്തിന്റെ നേതൃത്വത്തിൽ യൂദാ ഒരിക്കൽ കൂടി സ്വതന്ത്രരാജ്യമായി. ബി.സി. 140 മുതൽ ബി.സി. 63 വരെയായിരുന്നു ഈ കാലഘട്ടം. ആധുനിക ഇസ്രായേൽ ഒരു രാജ്യമാകുന്നതിനു മുമ്പ് ഒരു അധിനിവേശശക്തികളുടെയും കീഴിലല്ലാതെ ഇസ്രായേൽ അഥവാ പലസ്തീൻ സ്വയംഭരിച്ചിരുന്ന അവസാനകാലഘട്ടമായിരുന്നു അത്.

ബി.സി. 63-ൽ റോമാക്കാർ ഇസ്രായേലിനെ ആക്രമിച്ചതോടെ, വീണ്ടും ആ ഭൂപ്രദേശം സഹസ്രാബ്ദങ്ങൾ നീണ്ട അധീനതയിലേക്ക് വീണു. റോമാക്കാരുടെയും ബൈസന്റെയിൻ സാമ്രാജ്യത്തിന്റെയുമൊക്കെ അധീനതയിൽ കഴിഞ്ഞ ശേഷം ഇസ്രായേൽ എ.ഡി. 636-ൽ അറേബ്യൻ ഖാലിഫേറ്റിന്റെ കീഴിലായി. പിന്നീട് എ.ഡി. 12-ആം നൂറ്റാണ്ടിലെ കുരിശുയുദ്ധ പടയാളികളുടെ കാലം മാറ്റിനിർത്തിയാൽ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം വരെ ഇസ്രായേൽ വിവിധ മുസ്ളീം സാമ്രാജ്യങ്ങളുടെ കീഴിലായിരുന്നു. ഇതിനിടയിൽ മതപീഡനവും മറ്റു അടിച്ചമർത്തലുകളും കാരണം യഹൂദരിൽ/ഇസ്രായേല്യരിൽ ഭൂരിഭാഗവും അവിടെനിന്ന് പലായനം ചെയ്യുകയോ നാടുകടത്തപ്പെടുകയോ ചെയ്തിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പ്രവാസികളായി കഴിഞ്ഞിരുന്ന യഹൂദരുടെ ഇടയിൽ സയണിസം ശക്തിപ്പെട്ടു. തങ്ങളുടെ മാതൃരാജ്യത്തിലേക്ക് മടങ്ങണമെന്നുള്ള ആഗ്രഹം ശക്തമായി. അങ്ങനെയിരിക്കെയാണ് ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസരത്തിൽ ബ്രിട്ടീഷ് പിന്തുണയോടെ അറബ് രാജ്യങ്ങൾ ഓട്ടോമൻ സാമ്രാജ്യത്തിൽ നിന്ന് സ്വതന്ത്രരായത്.

www.malankaralibrary.com

ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം ഓട്ടോമൻ സാമ്രാജ്യത്തിൽ നിന്ന് സിറിയ, ലെബനോൻ, പലസ്തീൻ, ജോർദാൻ എന്നീ പ്രദേശങ്ങളെ ലീഗ് ഓഫ് നേഷൻസ് വേർതിരിക്കുകയും അവയുടെ ഭരണച്ചുമതല ഫ്രാൻസിനെയും ഇംഗ്ളണ്ടിനെയും ഏൽപ്പിക്കുകയും ചെയ്തു. ഘട്ടം ഘട്ടമായി ഈ രാജ്യങ്ങൾക്ക് സ്വാതന്ത്ര്യം കൊടുക്കുവാനും തീരുമാനമായി. ഈ കാലഘട്ടത്തിലാണ് ജർമ്മനിയിൽ നാസികൾ അധികാരത്തിലെത്തുന്നത്. അതിനെ തുടർന്നും സയണിസത്തിന്റെ പിന്തുണയിലും ധാരാളം യഹൂദർ പലസ്തീനയിലേക്ക് പലായനം ചെയ്തു തുടങ്ങി. അറബികളുടെ എതിർപ്പ് ഉണ്ടായിട്ട് കൂടി ബ്രിട്ടീഷുകാർ യഹൂദർക്ക് കുടിയേറ്റത്തിനുള്ള പെർമിറ്റ് കൊടുത്തുപോന്നു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം പലസ്തീന്റെ ഭാവി ബ്രിട്ടീഷുകാർ ഐക്യരാഷ്ട്ര സംഘടനയെ ഏൽപ്പിച്ചു.

1947-ൽ ഐക്യരാഷ്ട്ര സംഘടന പലസ്തീനിൽ രണ്ടു രാജ്യങ്ങൾ സ്ഥാപിക്കുവാൻ തീരുമാനിച്ചു. ഒന്ന് യഹൂദർക്കു വേണ്ടിയും മറ്റൊന്നു പലസ്തീനിയായിലെ അറബികൾക്കു വേണ്ടിയും. യഹൂദർക്കും മുസ്ളീങ്ങൾക്കും ക്രിസ്ത്യാനികൾക്കും വിശുദ്ധ നഗരമായ ജറുസലെം യുഎന്നിന്റെ കീഴിലാക്കാം എന്നതായിരുന്നു മറ്റൊരു തീരുമാനം. അറബികൾക്ക് ഈ തീരുമാനം സ്വീകാര്യമായിരുന്നില്ല. പലസ്തീൻ മുഴുവൻ അറബികളുടേതാണ് എന്നതായിരുന്നു അവരുടെ വാദം. യു.എൻ. നിർദ്ദേശം അംഗീകരിച്ച യഹൂദർ 1948 മെയ് 14-നു ഇസ്രായേലിനെ ഒരു സ്വതന്ത്രരാജ്യമായി പ്രഖ്യാപിച്ചു. ഇതിന്റെ പിറ്റേദിവസം മെയ് 15-ന് ജോർദാൻ, ഈജിപ്ത്, സിറിയ, ഇറാഖ്, ലെബനോൻ



എന്നീ അഞ്ച് അറബ് രാജ്യങ്ങൾ ഇസ്രായേലിനോട് യുദ്ധം പ്രഖ്യാപിച്ചു. ബാലാരിഷ്ടത മാറാത്ത ഇസ്രായേലിനെ തുടക്കംതന്നെ ഇല്ലാതാക്കാമെന്ന പ്രതീക്ഷകൾക്ക് വിപരീതമായി, യുദ്ധത്തിൽ അറബികൾ തോറ്റു. യു.എൻ. ഇസ്രായേലിന് അനുവദിച്ച എല്ലാ പ്രദേശവും ഇസ്രായേലിനു നിലനിർത്താനായി എന്നു മാത്രമല്ല, പലസ്തീന് അനുവദിച്ചിരുന്ന ചില പ്രദേശങ്ങൾ അവർ കീഴടക്കുകയും ചെയ്തു. അറബികളാവട്ടെ, പലസ്തീനയുടെ ബാക്കി പ്രദേശങ്ങളെ ഒരുമിച്ചുകൂട്ടി ഒരു സ്വതന്ത്ര രാജ്യമാക്കുന്നതിനു പകരം ആ പ്രദേശങ്ങളെ വീതിച്ചെടുക്കുകയാണു ചെയ്തത്. അങ്ങനെ ഗാസ ഈജിപ്തിന്റെയും വെസ്റ്റ് ബാങ്ക് ജോർദാന്റെയും ഭാഗമായി. സിറിയയും ഇറാഖും ചില പ്രദേശങ്ങൾ കയ്യടക്കി. ഈ യുദ്ധത്തെ തുടന്ന് ഏഴ് ലക്ഷത്തോളം പലസ്തീനികൾ അഭയാർത്ഥികളായി മാറി.

ഈ യുദ്ധത്തിനു ശേഷം അറബികളും യഹൂദരും സമാധാനക്കരാർ ഒക്കെ ഒപ്പുവച്ചു എങ്കിലും അതിന് അധികം ആയുസ്സുണ്ടായിരുന്നില്ല. ചെറുതും വലുതുമായ പല യുദ്ധങ്ങൾക്കൊടുവിൽ 1967-ൽ ഈജ്പിതിന്റെ നേതൃത്വത്തിൽ ഇസ്രായേലിനെതിരെ യുദ്ധത്തിനുള്ള തയാറെടുപ്പു തുടങ്ങി. തുടർന്ന് 'ടശഃ ഉമ്യ ണമ്യ' എന്നറിയപ്പെടുന്ന യുദ്ധം പൊട്ടിപ്പുറപ്പെട്ടു. അറബികൾ വീണ്ടും പരാജയപ്പെട്ടു. വെസ്റ്റ് ബാങ്കും, ഗോലാൻ ഹൈറ്റ്സും ഗാസയും സീനായിയും ഒക്കെ ഇസ്രായേൽ നിയന്ത്രണത്തിലായി. രണ്ടര ലക്ഷം പലസ്തീനി അറബികൾ വീണ്ടും അഭയാർത്ഥികളായി മാറി. 1973-ൽ ഈജിപ്തും സിറിയയും ചേർന്ന് വീണ്ടും ഇസ്രായേലിനെ ആക്രമിച്ചു. യോം കിപ്പൂർ യുദ്ധം എന്നാണ് ഇത് അറിയപ്പെടുന്നത്. തുടക്കത്തിൽ ലഭിച്ച അഡ്വാന്റേജ് നിലനിർത്താൻ സാധിക്കാതെ ഈജിപ്തും സിറിയയും വീണ്ടും യുദ്ധം തോറ്റു. തുടർന്ന് അമേരിക്കയുടെയും സോവിയറ്റ് യൂണിയന്റെയും ഇടപെടലുകളെ തുടർന്ന് ഇവർ ഇസ്രായേലുമായി സന്ധിചെയ്തു. തുടർന്നും വലുതും ചെറുതുമായ സംഘർഷങ്ങൾ ഇസ്രായേലും അയൽരാജ്യങ്ങളും തമ്മിൽ ഉണ്ടായി.

ഇതിനിടയിൽ പലസ്തീനിയയുടെ സ്വാതന്ത്രത്തിനു വേണ്ടി വാദിക്കുന്ന പ്രസ്ഥാനങ്ങൾ ശക്തിപ്രാപിച്ചു. പതിയെ പതിയെ സംഘർഷങ്ങൾ ഇസ്രായേലും അവരുമായി മാറി. അങ്ങനെ ഇരിക്കെ 1987-ൽ ആദ്യ പലസ്തീൻ സ്വാതന്ത്ര്യസമരം അഥവാ ഇന്തിഫാദ ആരംഭിച്ചു. ഈ സമരം പലസ്തീൻ എന്ന പുതിയ ഒരു രാജ്യത്തിന്റെ തുടക്കത്തിലേക്കാണു വാതിൽ തുറന്നത്. പലസ്തീനെയും പലസ്തീൻ ലിബറേഷൻ ഓർഗനൈസേഷനെയും (പി.എൽ.ഒ.) ഇസ്രായേലിന് അംഗീകരിക്കേണ്ടതായി വന്നു. 1988-ൽ യാസർ അറാഫത്തിന്റെ നേതൃത്വത്തിലുള്ള പി.എൽ.ഒ പലസ്തീനെ ഒരു സ്വതന്ത്രരാജ്യമായി പ്രഖ്യാപിച്ചു. അപ്പോഴും ആ രാജ്യത്തിന്റെ അതിർത്തികളെ കുറിച്ചൊന്നും വ്യക്തതയില്ലായിരുന്നു. 1948-ൽ യു.എൻ അംഗീകരിച്ച

www.malankaralibrary.com



അതിർത്തി അനുവദിച്ചു കിട്ടണമെന്നതായിരുന്നു പി.എൽ.ഒയുടെ ആവശ്യം. അക്കാലത്ത് തങ്ങൾ അത് അംഗീകരിച്ചതായിരുന്നുവെന്നും അത് അംഗീകരിക്കാതിരുന്നത് അറബികളായിരുന്നുവെന്നും വാദമുയർത്തി, ഇപ്പോൾ അത് അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട് എന്ന നിലപാടാണ് ഇസ്രായേൽ സ്വീകരിച്ചത്. 1993-ൽ ഓസ്ളോ കരാർ അനുസരിച്ച് ഇസ്രായേലും പി.എൽ.ഒയും പരസ്പരം അംഗീകരിച്ചു. പിന്നീട് പല കാലഘട്ടങ്ങളിലായി ഇസ്രായേൽ ഗാസയുടെയും വെസ്റ്റ്ബാങ്കിന്റെയും ഭൂരിപക്ഷം ഭാഗങ്ങളുടെയും നിയന്ത്രണം പലസ്തീനിയൻ അതോറിറ്റിക്ക് കൈമാറി. സമാധാനത്തിനുള്ള ശ്രമങ്ങൾ തുടർന്നുകൊണ്ടേയിരുന്നു.

പലസ്തീനെയും ഇസ്രായേലിനെയും പരസ്പരം അംഗീകരിച്ചുകൊണ്ട് ഇരുചേരിയിലുമുള്ള രാജ്യങ്ങളും ഈ ശ്രമങ്ങളെ പിന്തുണച്ചു. 2012-ൽ യു.എൻ. പലസ്തീനെ ഒരു “നോൺ മെമ്പർ ഒബ്സേർവർ സ്റ്റേറ്റ്” ആയി അംഗീകരിച്ചു. ഒരു വശത്ത് ഇത്തരം ശ്രമങ്ങൾ നടക്കുമ്പോഴും മറുവശത്ത് ഇരുഭാഗങ്ങളിലുംനിന്ന് പ്രശ്നങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. ഇസ്രായേൽ തങ്ങളുടെ പല സെറ്റിൽമെന്റുകളിൽനിന്നും പിന്മാറാൻ തയ്യാറായില്ല. മറുവശത്ത് പലസ്തീനിയൻ ഇസ്ളാമിക് തീവ്രവാദം ശക്തമായിക്കൊണ്ടിരുന്നു. ഈജിപ്തിലെ ഇസ്ലാമിക് ബ്രദർഹുഡിന്റെ പിന്തുണയോടെ ഹമാസും പോപ്പുലർ ഫ്രണ്ട് ഓഫ് പലസ്തീനും ഒക്കെ ഇത്തരത്തിലുള്ള പ്രവൃത്തികൾക്ക് നേതൃത്വം നൽകിപ്പോന്നു. 2005-ൽ ഇസ്രായേൽ ഗാസയിൽനിന്ന് മുഴുവനായി പിന്മാറിയതിനെ തുടർന്ന് 2006-ൽ ഹമാസ് ഗാസയിൽ ഇലക്ഷൻ വിജയിച്ചു. തുടർന്ന് പടിപടിയായി അവർ ഗാസയുടെ മുഴുവൻ നിയന്ത്രണവും ഏറ്റെടുത്തു. ഇതിനെ തുടർന്ന് ഗാസയിൽനിന്ന് ഇസ്രായേലിലേക്ക് റോക്കറ്റ് ആക്രമണങ്ങൾ പതിവായി. ഇസ്രായേലും തിരിച്ചടിച്ചു പോന്നു.

വർഷങ്ങളായി നടന്നുവന്നിരുന്ന സമാധാന ചർച്ചകൾക്കും പലസ്തീന്റെ അംഗീകാരത്തിനും തുരങ്കംവയ്ക്കുന്ന നടപടികളാണ് ഇത്തരത്തിലുള്ള ആക്രമണങ്ങൾ. അവവഴി പലസ്തീൻ ജനതയ്ക്കും ഇസ്രായേൽ ജനതയ്ക്കും സമാധാനവും പുരോഗതിയും കൊണ്ടുവരാം എന്നു കരുതുന്നത് പരമവിഡ്ഢിത്തമാണ്. ഇസ്രായേലിന്റെയും പലസ്തീന്റെയും ചരിത്രത്തിലേക്കുള്ള ഒരു ചെറിയ കുറിപ്പായിട്ടാണു ഇതിനെ കാണേണ്ടത്. ഇതിലെഴുതാത്തതായ കാര്യങ്ങൾ ഇനിയും ഉണ്ട്.

www.malankaralibrary.com



# വിധിയും ന്യായവും



ഇക്കഴിഞ്ഞ ദിവസങ്ങളിൽ ഭാരതത്തിന്റെ പരമോന്നത നീതിപീഠത്തിൽ നിന്ന് രണ്ടു വ്യത്യസ്തമായ വിധി പ്രസ്താവനകളുണ്ടായി. അബോർഷനെയും സ്വവർഗ്ഗ വിവാഹത്തെയും നിരുത്സാഹപ്പെടുത്തുന്ന ചരിത്രപരമായ രണ്ടു വിധികൾ. ഭാരതത്തിന്റെ ധാർമ്മികതയ്ക്ക് ലോകത്തിനു മുന്നിൽ ശ്രദ്ധ നേടിക്കൊടുത്ത ഈ സുപ്രധാന വിധി പ്രസ്താവങ്ങളുടെ ഹ്രസ്വമായ രണ്ടു വിശകലനങ്ങൾ!

www.malankaralibrary.com



# ഗർഭസ്ഥ ശിശുവിനുവേണ്ടി കോടതിയിൽ വാദിക്കാൻ ആരുണ്ട്?

**റവ. ഡോ. ക്ളീറ്റസ് കതിർപ്പറമ്പിൽ**
സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ




26 ആഴ്ച്ചയെത്തിയ ഗർഭം അലസിപ്പിക്കാൻ അനുമതി തേടി രണ്ടുകുട്ടികളുടെ അമ്മയായ സ്ത്രീ സമർപ്പിച്ച ഹർജ്ജി ഒരാഴ്ച നീണ്ട വാദങ്ങൾക്കൊടുവിൽ സുപ്രീംകോടതി തള്ളിയിരിക്കുകയാണ്. വാദപ്രതിവാദങ്ങൾക്കിടയിൽ സ്ത്രീയുടെ അഭിഭാഷകനോട് ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ് ഉയർത്തിയ ഒരു പ്രധാന ചോദ്യം 'ഗർഭസ്ഥ ശിശുവിന് വേണ്ടി വാദിക്കാൻ ആരുണ്ട്? 'എന്നായിരുന്നു. ആദ്യം ഗർഭഛിദ്രത്തിന് അനുമതി നൽകിയെങ്കിലും കേന്ദ്ര സർക്കാരിന്റെ ആവശ്യപ്രകാരം കേസ് വീണ്ടും പരിഗണനയിലെടുത്ത സുപ്രീം കോടതി ഗർഭഛിദ്ര അനുമതി സ്റ്റേ ചെയ്യുകയും, കേസ് സുപ്രീംകോടതി അദ്ധ്യക്ഷനായ മൂന്നംഗ ബഞ്ചിന് കൈമാറുകയുമായിരുന്നു. ഏതാനും ദിവസങ്ങൾ കൂടി കഴിഞ്ഞാൽ ആരോഗ്യമുള്ള ഒരു ശിശുവായി പുറത്തെടുക്കാമെന്നിരിക്കെ ജീവനുള്ള ഒരു മനുഷ്യകുഞ്ഞിനെ നശിപ്പിക്കാനുള്ള തീരുമാനത്തെ ചീഫ് ജസ്റ്റിസ് വിമർശിച്ചു. സ്ത്രീയ്ക്കുണ്ടായിരുന്ന വിഷാദരോഗവും, മൂന്നുകുട്ടികളെ വളർത്താനുള്ള കുടുംബത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടുമാണ് അബോർഷനുള്ള കാരണങ്ങളായി കോടതിക്ക് മുന്നിൽ അവതരിപ്പിക്കപ്പെട്ടത്. എന്നാൽ, ഗർഭസ്ഥ ശിശുവിന്റെ അവകാശത്തെക്കുറിച്ചുകൂടി ചിന്തിക്കേണ്ടതുണ്ട് എന്നായിരുന്നു ചീഫ് ജസ്റ്റിസിന്റെ അഭിപ്രായം.

www.malankaralibrary.com

ഡൽഹി എ.ഐ.ഐ.എം.എസിലെ വിദഗ്ധ ഡോക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ അബോർഷൻ തടയണമെന്ന ആവശ്യവുമായി വീണ്ടും സുപ്രീംകോടതിയെ സമീപിച്ചത്. ഗർഭകാലം സുരക്ഷിതമായി പൂർത്തിയാക്കിയശേഷം കുട്ടിയുടെ സംരക്ഷണ ചുമതല സർക്കാർ ഏറ്റെടുക്കാനുള്ള തീരുമാനം സോളിസിറ്റർ ജനറൽ കോടതിയെ അറിയിച്ചു. ഈ ഘട്ടത്തിൽ കുട്ടിയെ പുറത്തെടുത്ത് ജീവൻ സംരക്ഷിക്കാൻ ശ്രമിക്കാമെന്ന വാദത്തെ സുപ്രീംകോടതി തള്ളിക്കളഞ്ഞു. അവശ്യമായ ഗർഭകാലം പൂർത്തിയാകാതെ പുറത്തെടുക്കുന്ന പക്ഷം കുട്ടിക്ക് വൈകല്യങ്ങൾ ഉണ്ടായേക്കാമെന്ന് കോടതി നിരീക്ഷിച്ചു. ഗർഭിണിയുടെ ജീവന് ഭീഷണിയോ, ഭ്രൂണത്തിന്റെ വളർച്ചയ്ക്ക് തകരാറോ ഉള്ള പക്ഷമാണ് ഈ ഘട്ടത്തിൽ ഭ്രൂണഹത്യക്ക് അനുമതി നൽകാനാവുന്നത്. എന്നാൽ, ഇവിടെ കുട്ടി തൃപ്തികരമായ ആരോഗ്യാവസ്ഥയിലാണ് എന്ന മെഡിക്കൽ റിപ്പോർട്ട് ആണുണ്ടായിരുന്നത്. തുടർന്ന്




ഭ്രൂണഹത്യയ്ക്കുള്ള അനുമതി നിഷേധിച്ച സുപ്രീം കോടതി, കുട്ടിയെ വളർത്താനാകുന്നില്ലെങ്കിൽ ദത്ത് നൽകാനുള്ള അവകാശം യുവതിക്കുണ്ടെന്നും അറിയിച്ചു. ഈ കേസിൽ സുപ്രീംകോടതിയുടെ വിധിയും കേന്ദ്ര സർക്കാരിന്റെ നിലപാടും ആശ്വാസപ്രദമാണ്. ഈ വിഷയത്തിൽ ക്രിയാത്മകമായി ഇടപെടാൻ തയ്യാറായ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ്, അഡീഷണൽ സോളിസിറ്റർ ജനറൽ ഐശ്വര്യ ഭാട്ടി എന്നിവർ അഭിനന്ദനം അർഹിക്കുന്നു.

ഗർഭസ്ഥ ശിശുവിന്റെ അവകാശങ്ങളും, ഗർഭസ്ഥ ശിശുവിനുവേണ്ടി വാദിക്കാൻ ആരെങ്കിലും ഉണ്ടാവേണ്ടതുണ്ട് എന്ന ചിന്തയും കൂടുതൽ ആഴമായ വിചിന്തനങ്ങൾ അർഹിക്കുന്നു. ലോകമെമ്പാടും ഓരോ വർഷവും 5.6 കോടി ഗർഭഛിദ്രങ്ങൾ നടക്കുന്നതായി കണക്കാക്കപ്പെടുന്നു. ഇന്ത്യയിൽ 1.6 കോടി ഗർഭച്ഛിദ്രങ്ങൾ പ്രതിവർഷം നടക്കുന്നതായാണ് കണക്കുകൾ. സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളിൽ വച്ച് നടത്തപ്പെടുന്ന ഗർഭഛിദ്രങ്ങൾ ഓരോ വർഷവും 70,000 ഗർഭിണികളുടെ മരണത്തിനും, ലക്ഷക്കണക്കിന് സ്ത്രീകൾക്ക് ശാരീരിക വൈകല്യം സംഭവിക്കുന്നതിനും കാരണമാകുന്നതായും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഒരേസമയം കുഞ്ഞിന്റെ മരണത്തിനും ശാരീരികവും മാനസികവുമായി അമ്മയുടെ വൈകല്യത്തിനും കാരണമാകുന്നവയാണ് അബോർഷന്റെ നടപടിക്രമങ്ങൾ. അബോർഷനെ തുടർന്ന് മാനസികമായ പ്രശ്നങ്ങളിലേക്ക് പതിക്കുന്ന സ്ത്രീകളുടെ എണ്ണവും വളരെയേറെയാണ്. ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളാൽ നടക്കുന്ന ഗർഭച്ഛിദ്രത്തെക്കാൾ ഒരുപാട് മടങ്ങ് അധികമാണ് മറ്റുകാരണങ്ങളാൽ നടക്കുന്നവ. നിയമം അനുവദിക്കുന്നു എങ്കിലും, അതീവ രഹസ്യ സ്വഭാവത്തോടെയാണ് അബോർഷനുകളിൽ ഏറിയ പങ്കും നടക്കുന്നത് എന്നുള്ളത് മറ്റൊരു യാഥാർഥ്യമാണ്. അതിനാൽത്തന്നെ കൃത്യമായ കണക്കുകൾ ലഭിക്കുക എളുപ്പമല്ല. അപ്രതീക്ഷിത ഗർഭധാരണങ്ങൾ, അവിവാഹിതരിൽ നടക്കുന്ന ഗർഭധാരണങ്ങൾ തുടങ്ങിയവയാണ് ഏറെയും ഭ്രൂണഹത്യയിലേയ്ക്ക് നയിക്കുന്നത്. സ്കൂൾ - കോളേജ് വിദ്യാർത്ഥിനികൾക്കിടയിൽ വർധിച്ചുവരുന്ന ഗർഭധാരണത്തിന്റെയും ഗർഭച്ഛിദ്രത്തിന്റെയും കണക്കുകൾ നടുക്കമുളവാക്കുന്നവയാണ്. മാറിവരുന്ന സാമൂഹിക സാഹചര്യങ്ങളുടെയും നിയമത്തിന്റെയും ദുരുപയോഗം ലക്ഷക്കണക്കിന് ഗർഭസ്ഥ ശിശുക്കൾ കൊല്ലപ്പെടാൻ കാരണമാകുന്ന അവസ്ഥ അത്യന്തം ദയനീയമാണ്. നിയമം നൽകുന്ന സ്വാതന്ത്ര്യം ദുരുപയോഗിക്കപ്പെടാതിരിക്കാനും, ഉത്തരവാദിത്ത രഹിതമായ ജീവിതത്തിന് വളമാകാതിരിക്കാനും സർക്കാരും കോടതികളും ശ്രദ്ധ പുലർത്തേണ്ടിയിരിക്കുന്നു.

മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി നിയമ (MTP Act 1971) ത്തിന്റെ 2021 ലെ അമൻഡ്മെന്റ് പ്രകാരം, ഗർഭം അലസിപ്പിക്കാനുള്ള സമയപരിധി 20 ആഴ്ചയിൽനിന്നും 24 ആഴ്ചയായി ഉയർത്തിയിരുന്നു. നിയമപ്രകാരം അവിവാഹിതകൾക്ക് ആ സമയപരിധി 20 ആഴ്ചയുമാണ്. എന്നാൽ, പിന്നീടുണ്ടായ ചില കോടതി ഇടപെടലുകൾ നിരാശാജനകമായിരുന്നു. പ്രത്യേക സാഹചര്യങ്ങളും അവകാശവാദങ്ങളും പരിഗണിച്ചുകൊണ്ട് 29 ആഴ്ച വരെയുള്ള ഗർഭം അലസിപ്പിക്കാൻ പോലുമുള്ള കോടതി അനുമതികൾ പലപ്പോഴായി ഉണ്ടായിട്ടുണ്ട്. പ്രായപൂർത്തിയാകാതെ ഗർഭിണിയായ ഒരു പെൺകുട്ടിയുടെ ഏഴുമാസം പ്രായമായ ഗർഭസ്ഥ ശിശുവിനെ അബോർട്ട് ചെയ്യാൻ കേരള ഹൈക്കോടതി വിധി ഉണ്ടായത് ഈ വർഷം മെയ് മാസത്തിലാണ്. കഴിഞ്ഞ വർഷം നവംബറിൽ 23

www.malankaralibrary.com





വയസുള്ള അവിവാഹിതയുടെ 24 ആഴ്ച പ്രായമുള്ള ഗർഭം അലസിപ്പിക്കാൻ അനുമതി നൽകിക്കൊണ്ട് കേരള കോടതി അഭിപ്രായപ്പെട്ടത്, അത് അവളുടെ സ്വാതന്ത്ര്യമാണ് എന്നാണ്. 2021 മുതൽ, 20 ആഴ്ചയിൽ താഴെയുള്ള ഗർഭം അലസിപ്പിക്കാൻ ഒരു ഡോക്ടർ മാത്രം തീരുമാനിച്ചാൽ മതി. അത്തരത്തിൽ രഹസ്യ സ്വഭാവത്തോടെ നടക്കുന്ന അബോർഷനുകളുടെ കൃത്യമായ എണ്ണം പോലും ലഭിക്കുക എളുപ്പമല്ല. ആയിരക്കണക്കിന് കുഞ്ഞു ജീവനുകൾ പ്രതിദിനം നശിപ്പിക്കപ്പെടുന്നുണ്ട് എന്ന് നിശ്ചയം. പ്രസവത്തോടടുക്കുന്ന ദിവസങ്ങളിൽ പോലും കോടതി ഇടപെടലുകൾ വഴി ഗർഭസ്ഥ ശിശുക്കൾ കൊല്ലപ്പെടുന്നത് അത്യന്തം വേദനാജനകമാണ്. അത്തരം കോടതി വിധികൾ അപൂർവ്വമല്ല എന്ന ഇന്നത്തെ സാഹചര്യത്തിൽ സുപ്രീംകോടതിയുടെയും കേന്ദ്ര സർക്കാരിന്റെയും ഇടപെടലുകൾ തെല്ല് ആശ്വാസം പകരുന്നതാണ്.

ഇത്തരം ഘട്ടങ്ങളിൽ ഏതാനും ആഴ്ചകൾകൂടി കാത്തിരുന്ന് ആരോഗ്യവാനായ കുഞ്ഞിന് ജന്മം നൽകാനുള്ള നല്ല തീരുമാനങ്ങൾക്ക് പ്രോത്സാഹനം ലഭിക്കപ്പെടുന്നതിനൊപ്പം, അമ്മയുടെയും കുഞ്ഞിന്റെയും സുരക്ഷിതത്വം ഉറപ്പുവരുത്താൻ കോടതിക്കും സർക്കാരുകൾക്കും കഴിയേണ്ടതുണ്ട്. ഭരണഘടനപരമായിത്തന്നെ ജീവനും മൗലിക അവകാശങ്ങൾക്കും വലിയ മൂല്യം കല്പിക്കപ്പെടുന്ന രാജ്യമാണ് ഇന്ത്യ. സുപ്രീംകോടതിയുടെ നിരീക്ഷണങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഇവിടെ ഗർഭസ്ഥ ശിശുക്കളുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്താൻ ഭരണകൂടങ്ങളും മനുഷ്യവകാശപ്രവർത്തകരും തയ്യാറാകണം. ഈ വിഷയത്തിൽ സ്ത്രീയുടെ തെരഞ്ഞെടുപ്പിനുള്ള അവകാശം എന്ന വാദഗതിക്കപ്പുറം ഗർഭസ്ഥ ശിശുക്കളുടെ ജീവിക്കാനുള്ള അവകാശംകൂടി പരിഗണിക്കപ്പെടേണ്ടതുണ്ട്. മനുഷ്യ ജീവന് വിലകല്പിക്കാത്ത പ്രത്യയശാസ്ത്രങ്ങൾ ആധിപത്യം പുലർത്തുന്ന ഈ ലോകത്തിൽ ഇക്കാര്യത്തിൽ മാതൃകയാകുവാൻ ഇന്ത്യയ്ക്ക് കഴിയണം. നിസാര ന്യായീകരണങ്ങളോടെ ഗർഭസ്ഥ ശിശുക്കൾ വ്യാപകമായി കൊല്ലപ്പെടുന്ന പ്രവണതയ്ക്ക് മാറ്റം വരുത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടണം. അതിനുള്ള ബോധവൽക്കരണ പരിപാടികൾ ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. നിരുത്തരവാദിത്തപരമായ സമീപനങ്ങൾക്കൊണ്ട് മരണവക്രതത്തിൽ അകപ്പെട്ടേക്കാവുന്ന ഗർഭസ്ഥ ശിശുക്കളെ ഏതുവിധേനയും സംരക്ഷിക്കാനുള്ള നടപടികളും സർക്കാർ സ്വീകരിക്കേണ്ടതുണ്ട്.

ഗർഭഛിദ്രം ആവശ്യമെന്ന് ചിന്തിച്ചേക്കാവുന്ന സാഹചര്യങ്ങളിൽ സ്ത്രീകൾ എത്തിച്ചേരുന്ന പക്ഷം സുരക്ഷിതമായും ആരോഗ്യകരമായും ഗർഭകാലത്തെ അതിജീവിക്കാനുള്ള സാഹചര്യം ഒരുക്കി നൽകേണ്ടതുണ്ട്. ഈ മേഖലയിൽ സജീവമായ ഒട്ടേറെ ക്രൈസ്തവസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. അത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് സർക്കാർ പിന്തുണ നൽകുകയും, ഈ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ഗർഭാവസ്ഥയിലുള്ള കുഞ്ഞിന്റെ ജീവനെ മുഖ്യമായി പരിഗണിച്ചുകൊണ്ടുള്ള ഒരു ജീവിത ക്രമം വളർത്തിയെടുക്കാൻ കേന്ദ്ര - സംസ്ഥാന ഭരണകൂടങ്ങളും സംഘടനകളും പ്രവർത്തന സജ്ജമാകണം. ഈ സർക്കാർ, ഗർഭസ്ഥ ശിശുക്കളുടെയും കൂടി സർക്കാരാണെന്ന് പ്രഖ്യാപിക്കാനുള്ള ആർജ്ജവം ഭരണാധികാരികൾ പ്രകടിപ്പിക്കട്ടെ. 'ഗർഭസ്ഥ ശിശുവിനുവേണ്ടി കോടതിയിൽ വാദിക്കാൻ ആരുണ്ട്?' എന്ന സുപ്രീംകോടതിയുടെ ആശങ്ക മനുഷ്യാവകാശ പ്രവർത്തകരുടെയും മനുഷ്യസ്നേഹികളുടെയും മനസ്സിൽ എക്കാലവും മുഴങ്ങിനിൽക്കട്ടെ.

www.malankaralibrary.com

# മല കയറുന്ന നമ്മുടെ ധാർമ്മികബോധം



**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
അസി. പ്രഫസർ, സെന്റ് തോമാസ് കോളേജ്, തൃശ്ശൂർ



നമ്മുടെ നാടിന്റെ പരമോന്നത നീതിപീഠങ്ങളിൽ നിന്ന് , ഇന്ത്യയുടെ ധാർമ്മികതയെ തന്നെ മാറ്റി മറിയ്ക്കുന്ന സുപ്രധാന കോടതി വിധികൾ നേരത്തെയുണ്ടായിട്ടുണ്ട്. അതിൽ സുപ്രധാനമാണ് 2021 ൽ ഉണ്ടായ സ്വവർഗ്ഗരതി സംബന്ധിച്ചും പ്രായപൂർത്തിയായവർ തമ്മിലുള്ള ഉഭയകക്ഷി ധാരണ പ്രകാരമുള്ള ലൈംഗികത സംബന്ധിച്ചുള്ള കോടതി വിധികൾ.

പ്രസ്തുത വിധികളുടെ ന്യായ- അന്യായങ്ങൾക്കതീതമായി, ഒരു നാടും അതിലെ വൈവിധ്യമാർന്ന മതസംസ്ക്കാരങ്ങളും വർഷങ്ങളായി പുലരുന്ന ധാർമിക നീതിബോധത്തിനപ്പുറമുള്ള കോടതിവിധി, സമൂഹത്തിലുണ്ടാക്കിയ സമ്മിശ്ര പ്രതികരണങ്ങൾ നാം 2021 ൽ കണ്ടിട്ടുമുണ്ട്. വിവിധ സാംസ്കാരിക പാരമ്പര്യം പുലരുന്ന മതവിശ്വാസങ്ങളും അവയുടെ സ്വാധീനം മൂലം വർഷങ്ങളായി ജനമനസ്സുകളിൽ ഊട്ടിയുറപ്പിക്കപ്പെട്ടിട്ടുള്ള ധാർമ്മിക ബോധ്യങ്ങളും നീതിന്യായകോടതികളിൽ നിന്നും നിയമനിർമ്മാണ സംവിധാനങ്ങളിൽ നിന്നുള്ള ഉത്തരവുകളും നിയമനിർമ്മാണങ്ങളും വേറെ വേറെ വഴികളിൽ ചരിച്ചാൽ വ്യക്തികളിലും സമൂഹത്തിലും ആശയക്കുഴപ്പമുണ്ടാകുമെന്നത് നാം ഈയിടെ കണ്ടു പഠിച്ച യഥാർത്ഥ്യമാണ്. ഈ പശ്ചാത്തലത്തിലാണ്, സ്വവർഗ്ഗ വിവാഹങ്ങൾക്ക്, നിയമ സാധുത നൽകേണ്ടതില്ലെന്ന സുപ്രധാന വിധി, ഇക്കഴിഞ്ഞ ദിവസം പരമോന്നത നീതിപീഠത്തിൽ നിന്നുണ്ടായത്. അമ്മയുടെ

www.malankaralibrary.com

ഉദരത്തിൽ 6 മാസം ഗർഭാവസ്ഥയിലുള്ള ഭ്രൂണത്തെ, അബോർഷൻ നടത്താനുള്ള അപേക്ഷയും ഈയടുത്ത ദിവസങ്ങളിൽ കോടതി തള്ളിയിരുന്നു. ജീവിക്കാനുള്ള അവകാശത്തെ സംരക്ഷിച്ച ആ വിധിയും ശുഭോതർക്കം തന്നെയാണ്.

നേരത്തെയുണ്ടായ സ്വവർഗ്ഗരതി കുറ്റകരമെന്ന് അനുശാസിക്കുന്ന IPC 377 ൽ കോടതി ഭേദഗതി വരുത്തിയത്, സമൂഹത്തിൽ നൈയ്യാമികമായും പ്രായോഗികതലത്തിലും വലിയ ധാർമിക പ്രതിസന്ധി യുണ്ടാക്കും എന്ന് മുൻകൂട്ടി അറിയാമായിരുന്നിട്ടും വലിയൊരു വിഭാഗം ആളുകൾ, അതേക്കുറിച്ച് ചിന്തിച്ചത് അത് വ്യക്തിപരമായി നമ്മെയോ നമ്മുടെ സമൂഹത്തെ പൊതുവിലോ മൊത്തമായോ ബാധിക്കുന്ന പ്രശ്നമല്ല ല്ലോയെന്ന രീതിയിലാണ്. കോടതി വിധി സംബന്ധിച്ച നമ്മുടെ പുനർവ്യാഖ്യാനങ്ങളിൽ 'സ്വവർഗ രതി നടത്തിക്കൊള്ളണം' എന്ന് കോടതി പറഞ്ഞില്ലല്ലോ യെന്ന വാദത്തിനായിരുന്നു, ഇക്കാരണം കൊണ്ടു തന്നെ കൂടുതൽ പ്രാമുഖ്യം ലഭിച്ചതും. കുറച്ചുകൂടി കടന്നു ചിന്തിക്കുന്ന നിയമജ്ഞ പ്രബുദ്ധർക്കിടയിൽ 'സ്വവർഗ്ഗ രതി നടത്താൻ പരസ്പരം സമ്മതിക്കുന്ന പ്രായപൂർത്തി യായവരുടെ കാര്യത്തിൽ ആരും ഇടപെടാൻ പാടില്ല' എന്നല്ലേ കോടതി പറഞ്ഞുള്ളുയെന്ന ആഖ്യാനവും മാത്രവുമല്ല; ഞാനീപ്പണിയ്ക്കു പോകുന്നയാളുമല്ല, അതു കൊണ്ട് എന്നെ ഒരു വിധത്തിലും ഈ കോടതി വിധി ബാധിക്കാൻ സാധ്യതയില്ലെന്ന ചിന്തയും ആളുകളിൽ നിലവിലുണ്ടായി. ചുരുക്കിപ്പറഞ്ഞാൽ ഈ കോടതി വിധിയിൽ നമുക്കെന്തു നഷ്ടം? നമുക്കെന്തു കാര്യം? എന്ന അനുമാനത്തിൽ ലാഭനഷ്ടകണക്കുകൾ തിട്ടപ്പെടുത്തിയപ്പോൾ നമ്മിൽ ഭൂരിപക്ഷത്തിനും 'ലാഭവുമില്ല;നഷ്ടവുമില്ല' എന്ന ഭൂരിപക്ഷ ചിന്ത തന്നെയാണ് സാമാന്യവൽക്കരിക്കപ്പെട്ടതെന്നതാണ് സത്യം.

IPC 497, പരിപൂർണ്ണമായി തന്നെ റദ്ദുചെയ്തു കൊണ്ട് പ്രായപൂർത്തിയായ സ്ത്രീ – പുരുഷന്മാർ,അവർ ആരുടെ ഭാര്യയോ ഭർത്താവോ ആയിക്കൊള്ളട്ടെ, മകനോ മകളോ ആകട്ടെ; ഉഭയകക്ഷിസമ്മതപ്രകാരം ഏർപ്പെടുന്ന ലൈംഗിക ബന്ധങ്ങൾ കുറ്റകരമല്ലാതാക്കി യപ്പോഴും, ഈ 'കോടതിവിധി പൊതു സമൂഹത്തിൽ പ്രതിസന്ധിയുണ്ടാക്കും' എന്ന് സാമാന്യബോധമുള്ള പലരും ചൂണ്ടിക്കാട്ടിയെങ്കിലും സമൂഹം അതും ഇരുകയ്യും നീട്ടി തന്നെ കൈയടിച്ചു സ്വീകരിച്ചു. 'ഭാര്യാ ഭർത്താക്കന്മാർക്ക് വിവാഹേതര ലൈംഗിക ബന്ധങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് കോടതി പറഞ്ഞിട്ടില്ലല്ലോ' എന്നതായിരുന്നു അതിന്റെ ന്യായ വാദം. അതായത് അതിനു (പരസ്ത്രീ – പരപുരുഷ ബന്ധം) താല്പര്യമുള്ളവർ മാത്രം, പ്രസ്തുതവിധിയെ ഉപയോഗപ്പെടുത്തിയാൽ മതിയത്രേ. മഴ കാത്തിരുന്ന വേഴാമ്പലിന് വെള്ളപ്പൊക്കം ലഭിച്ച പോലെയായി വേറെ ചില ന്യൂനപക്ഷത്തിനിത്.

സാമൂഹ്യ മാധ്യമങ്ങളൊക്കെ മേൽ സൂചിപ്പിക്കപ്പെട്ട സ്വവർഗ്ഗ രതിയും ഉഭയകക്ഷി സമ്മതപ്രകാരമുള്ള



ലൈംഗിക വേഴ്ചയും സംബന്ധിച്ചുള്ള ഇരുകോടതി വിധികളും 'സമത്വത്തിന്റെ വിജയം, അടിച്ചമർത്ത പ്പെട്ടവന്റെ ദിവസം' എന്ന തലക്കെട്ട് വാർത്തയോടെ യാണ്, അന്ന് ആഘോഷിച്ചത്. ഇവിടെ സമൂഹത്തിന്റെ വിശ്വാസ–ധാർമ്മിക ബോധ്യങ്ങൾക്കു മുകളിലാണ് ഒരു പൗരന്റെ ഭരണഘടനാപരമായ സ്വാതന്ത്ര്യത്തിനുള്ള അവകാശം എന്നതത്രേ ബഹു. നീതിന്യായകോടതി കൾ ഉയർത്തിപ്പിടിക്കുന്ന പൊതുതത്വം. അതു മാനിക്കപ്പെടേണ്ടതു തന്നെ. അതൊരു നാടിന്റെ സംസ്കാരത്തിനും ആ സംസ്കാരം തീർത്ത ധാർമ്മിക തയ്ക്കും എതിരാകുമ്പോൾ, വീണ്ടുവിചാരത്തോടെ അവയെ വീക്ഷിക്കുകയും അവശ്യംവേണ്ട തിരുത്ത ലുകൾ ഉണ്ടാകുകയും വേണം. നമ്മുടെ രാഷ്ട്രീയ നേതൃത്വവും ആത്മീയ നേതൃത്വങ്ങളും ആ തിരുത്ത ലുകളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും വേണം. അതാരുടെയും സ്വാതന്ത്ര്യത്തെയും സ്വത്വത്തേയും ഹനിച്ചാകരുതെന്നു മാത്രം. കാരണം, ഇവിടെ പൗരൻ എന്ന നിർവ്വചനത്തിൽ ആണും പെണ്ണും എൽ.ജി.ബി.ടി. യും എല്ലാമുണ്ട് താനും. എല്ലാവരുടേയും സ്വത്വബോധം മാനിക്കപ്പെടുക തന്നെ വേണം. അതിലാർക്കും നമ്മുടെ നാട്ടിൽ എതിരഭിപ്രായം ഉണ്ടാകാനിടയില്ല.

ആർഷഭാരത സംസ്ക്കാരം ഉയർത്തിപ്പിടിക്കുന്ന ചില മാനവിക മൂല്യങ്ങളുണ്ട്. അതിൽ ധാർമ്മികയ്ക്കും സ്നേഹത്തിനും മൂല്യങ്ങൾക്കും വലിയ പ്രസക്തി യുമുണ്ട്. ആ മൂല്യങ്ങൾക്ക് വിലകൽപ്പിച്ചുള്ളതാണ്, സ്വവർഗ്ഗ വിവാഹങ്ങൾക്ക് നിയമപരിരക്ഷ നൽകേണ്ട തില്ലെന്ന ബഹു.കോടതിയുടെ ആഖ്യാനം. നൻമയു ടെയും ധാർമ്മികതയുടേയും കാമ്പുകൾ, ഈ സമൂഹ ത്തിൽ അവശേഷിക്കുന്നുണ്ടെന്നതിന്റെ നേർസാക്ഷ്യം കൂടിയാണത്. എന്നാൽ അതേ സംസ്കാരം പിന്തുടരുന്ന നമ്മുടെ നാട്ടിലെ രാഷ്ട്രീയ കക്ഷികളും ഭരണ നേതൃത്വവും ഈ വിഷയങ്ങളിൽ കാണിക്കുന്ന ഇരട്ടത്താപ്പ് അവസാനിപ്പിക്കുകയും ധാർമ്മികത തീർക്കുന്ന മാനവികതയുടെ പക്ഷം ചേരുകയും വേണം.

www.malankaralibrary.com





റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ

# വി. പീറ്റർ ക്രിസൊളോഗസ്

ദൈവവചനം തന്റെ ജനത്തിനു വിശ്വസ്തതയോടെ വ്യാഖ്യാനിച്ചു നല്കിയതുവഴി സഭയിലെ വേദപാരംഗതരുടെ ഗണത്തിൽ ഇടം കണ്ടെത്തിയ അജപാലകനാണ് വി. പീറ്റർ ക്രിസൊളോഗസ്. ഹൃസ്വവും ലളിതവുമായ ശൈലിയിൽ തന്റെ അജഗണത്തിന് തിരുവെഴുത്തിന്റെ ആഴവും അർത്ഥവും പകർന്നു നല്കിയ ഈ വിശുദ്ധൻ ഇന്ന് 'സുവിശേഷ പ്രഘോഷണത്തിന്റെ വേദപാരംഗതൻ' (Doctor of Homilies) എന്ന പേരിലാണറിയപ്പെടുന്നത്. പൗരസ്ത്യസഭയിലെ 'സ്വർണ്ണനാവുകാര'നായി അറിയപ്പെടുന്ന ജോൺ ക്രിസോസ്റ്റത്തിന് സമാനമായി പാശ്ചാത്യ സഭയിലെ 'സുവർണ്ണ വാക്ക്' കാരനാണ് (ക്രിസൊളോഗസ്) വി. പീറ്റർ. അപ്പസ്തോല വിശ്വാസപ്രമാണം പ്രസംഗത്തിലൂടെ വിവരിച്ചു കൊടുത്തുകൊണ്ട് ആര്യനിസത്തിന്റെയും ഏകസ്വഭാവവാദത്തിന്റെയും അവശേഷിക്കുന്ന അംശങ്ങളെ തന്റെ പ്രദേശങ്ങളിൽ നിന്നും പൂർണ്ണമായും ഇല്ലാതാക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചു. സ്ഥിരമായി വിശുദ്ധ കുർബാന യോഗ്യതയോടെ സ്വീകരിക്കുന്നത് വിശ്വാസിയെ വിശുദ്ധിയിൽ വളർത്തുമെന്ന് പഠിപ്പിച്ച പുരാതന പിതാക്കന്മാരിലൊരാളാണ് വി. പീറ്റർ ക്രിസൊളോഗസ്. സഭയുടെ പരമ്പരാഗത വിശ്വാസങ്ങളുടെ ഭാഗമായ മറിയത്തിന്റെ കന്യാത്വം, വി. കുർബാനയിലെ ക്രിസ്തുവിന്റെ സാന്നിദ്ധ്യം, വി. പത്രോസിന്റെ സർവപ്രമുഖത, നോമ്പിൽ അനുഷ്ഠിക്കുന്ന അനുതാപത്തിന്റെ മാഹാത്മ്യം എന്നിവയെല്ലാം തന്റെ പ്രസംഗ വിഷയങ്ങളായി അദ്ദേഹം തിരഞ്ഞെടുത്തു. മഹാനായ ലിയോ മാർപാപ്പയുടെ (400-461) ഉപദേശകനെന്ന നിലയിലും മതപീഡന കാലത്തിന് ശേഷമുള്ള സഭയുടെ ദിശനിർണ്ണയിക്കുന്നതിലും വി. പീറ്റർ ക്രിസൊളോഗസ് മുഖ്യപങ്കു വഹിച്ചു. മിലാനിലെ വി. അംബ്രോസ്, ഹിപ്പോയിലെ വി. അഗസ്തീനോസ് എന്നീ പേരുകേട്ട അജപാലകരുടെ വാക്ചാതുര്യവും പാടവും അവരുടെയത്രയുംപ്രസിദ്ധനല്ലാതിരുന്ന വി. പീറ്റർ ക്രിസൊളോഗസിനുമുണ്ടായിരുന്നു എന്ന് സഭാചരിത്രകാരന്മാർ പറയുന്നു. ഇദ്ദേഹത്തിന്റെ ജീവിതത്തെ അടുത്തറിയുന്നത് ദൈവവചനത്തെ ആഴത്തിൽ മനസ്സിലാക്കുന്നതിനും ശരിയായ രീതിയിൽ വ്യാഖ്യാനിക്കുന്നതിനും നമ്മെയും സഹായിക്കും.

**ജനനം, ബാല്യം, വിദ്യാഭ്യാസം**

എ.ഡി. 380-ൽ ഇറ്റലിയിലെ ഫോറം കൊർണെല്ലി (ഇന്നത്തെ ഇമോള) നഗരത്തിലാണ് വി. പീറ്റർ ക്രിസൊളോഗസ് ജനിച്ചത്. റോമൻ ജനറൽ ആയിരുന്ന ലൂസിയൂസ് കൊർണേ

www.malankaralibrary.com

ലിയൂസ് സുള്ള ഫെലിക്സ് ബി.സി. 82-ൽ ഈ നഗരം സ്ഥാപിച്ചു തന്റെ പേര് അതിന് നൽകി. റെവെന്ന നഗരത്തിൽ നിന്നും മുപ്പത്തഞ്ചു കിലോമീറ്റർ ദൂരത്തിലുള്ള ഈ നഗരം മൺപാത്ര നിർമ്മാണത്തിലും, കൃഷിക്കും, കച്ചവടത്തിനു മൊക്കെ പുരാതന കാലം മുതലേ പ്രശസ്ത മായിരുന്നു. ഏഴാം നൂറ്റാണ്ടിൽ ഇവിടെ ഭരിച്ച ലൊംബാർഡുകളാണ് ഇവിടെ നിർമ്മിച്ച കോട്ടയുടെ നാമമായ ഇമോള എന്നത് നഗരത്തിനും നല്കിയത്.

പീറ്റർ ക്രിസൊളോഗസിന്റെ ബാല്യകാല ജീവിതത്തെക്കുറിച്ചു ചരിത്രപരമായ വിവരങ്ങൾ കാര്യമായി ലഭ്യമല്ല. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ വിരളമായി മാത്രം പരാമർശിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങളും മരിച്ചതിന് നാനൂറു വർഷങ്ങൾക്ക് ശേഷം എഴുതപ്പെട്ട ഒരു ജീവചരിത്രവുമാണ് ഇക്കാലയളവിലേക്ക് വെളിച്ചം വീശുന്ന ചുരുക്കം ചില വസ്തുതകൾ ലഭ്യമാക്കുന്നത്. ആഞ്ഞല്ലൂസ് എന്ന ആബട്ട് റെവെന്നയിലെ ബിഷപ്പുമാരുടെ ജീവിതം വിവരിക്കുന്ന കൂട്ടത്തിൽ പറഞ്ഞിരിക്കുന്ന ഈ ചെറിയൊരു ജീവചരിത്ര വിവരണം അപൂർണ്ണമാണ്. ഇക്കാരണത്താൽ അദ്ദേഹത്തിന്റെമാതാപിതാക്കളെക്കുറിച്ചോ മറ്റു കുടുംബാംഗങ്ങളെക്കുറിച്ചോ യാതൊരു വിവരങ്ങളും നമുക്ക് ലഭ്യമല്ല.

ക്ലാസിക്കൽ ലത്തീൻ ഭാഷയിൽ പീറ്റർ ക്രിസൊളോഗസ് പ്രസംഗിച്ചിരുന്നതിൽ നിന്നും ചെറുപ്പത്തിൽ തന്നെ ഭാഷാ പഠനത്തിലും പ്രഭാഷണ കലയിലും അദ്ദേഹത്തിന് പരിശീലനം ലഭിച്ചിരുന്നു എന്ന് അനുമാനിക്കപ്പെടുന്നു. പുരാതന സാഹിത്യ കൃതികളെക്കുറിച്ചും അദ്ദേഹത്തിന് ആഴമായ അറിവുണ്ടായിരുന്നു. അഞ്ചാം നൂറ്റാണ്ടിൽ ലഭ്യമായിരുന്ന ക്രിസ്തീയ ആത്മീയ-പ്രാമാണിക അറിവുകൾ അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ ഉടനീളം ഉപയോഗിച്ചിരിക്കുന്നതിൽ നിന്നും സഭാപിതാക്കന്മാരുടെ കൃതികളിൽ അദ്ദേഹത്തിന് പരിശീലനം ലഭിച്ചിരുന്നു എന്ന് അനുമാനിക്കപ്പെടുന്നു. അക്കാലത്തെ ഒരു നിയമജ്ഞന്റെ അവധാനതയും പ്രതീകങ്ങളും പ്രസംഗങ്ങളിൽ ധാരാളമായി ഉപയോഗിച്ചിരിക്കുന്നു. ഇത് ബിഷപ്പായി നിയമിക്കപ്പെടുന്നതിന് മുൻപ് അദ്ദേഹം റെവെന്നയിൽ രാജ്യഭരണത്തിൽ സഹായിയായി ജോലി ചെയ്തിരുന്നു എന്നതിന്റെ തെളിവാണ്. അന്നത്തെ കാലത്ത് ബിഷപ്പുമാരാകുന്നതിന് മുൻപ് പലരും ഇത്തരത്തിലുള്ള ഉദ്യോഗം വഹിച്ചിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. കൂടാതെ ഇക്കാലയളവുകളിൽ ബിഷപ്പുമാർ പൊതുസമൂഹത്തിന്റെ ന്യായാധിപന്മാരും മറ്റുമായി സേവനം ചെയ്തിരുന്നതിനാൽ രാഷ്ട്രനിയമങ്ങളിൽ ശരിയായ അവഗാഹം അനിവാര്യമായിരുന്നു.

ഇമോള രൂപതയുടെ ബിഷപ്പായിരുന്ന കൊർണേലിയോസിന്റെ ശിക്ഷണത്തിലാണ് പീറ്റർ വളർന്നത്. അദ്ദേഹം തന്നെയാണ് പ്രായപൂർത്തിയായതിന് ശേഷം പീറ്ററിനു മാമോദീസ നല്കിയതും. പീറ്ററിന്റെ ഭാവിയിലെ വളർച്ചയ്ക്കുള്ള പ്രാഥമിക പരിശീലനവും ഉന്നത വിദ്യാഭ്യാസവുമെല്ലാം നൽകിയത് ബിഷപ്പ് കൊർണേലിയോസ് ആയിരുന്നു. ഡീക്കൻ പട്ടം നൽകി അദ്ദേഹത്തിന്റെ ആർച്ചുഡീക്കനായി സേവനം ചെയ്യുന്ന കാലയളവിലാണ് അവിചാരിതമായി റെവെന്ന



രൂപതയുടെ അദ്ധ്യക്ഷനായുള്ള നിയമനം അദ്ദേഹത്തെ തേടിയെത്തുന്നത്. ഒരു പ്രസംഗത്തിൽ പീറ്റർ ക്രിസൊളോഗസ് തന്റെ ജീവിതത്തിൽ ബിഷപ്പ് കൊർണേലിയസിനുള്ള പ്രത്യേക സ്ഥാനത്തെക്കുറിച്ച് ഇപ്രകാരം വിവരിക്കുന്നു: "അദ്ദേഹം എനിക്ക് പിതൃതുല്യനാണ്. സുവിശേഷത്തിൽ ബിഷപ്പ് കൊർണേലിയോസ് എനിക്ക് ജന്മം നൽകി. ഭക്തനായ അദ്ദേഹം ദൈവഭക്തിയിൽ എന്നെ വളർത്തി; പരിശുദ്ധനായ അദ്ദേഹം വിശുദ്ധ സേവനങ്ങൾക്കായി എന്നെ പരിശീലിപ്പിച്ചു. ബിഷപ്പ് എന്ന നിലയിൽ പരിശുദ്ധ അൾത്താരയിലേക്ക് എന്നെ ആനയിക്കുകയും എന്നെ അഭിഷേചിക്കുകയും ചെയ്തു."

**റെവെന്നയിലെ ബിഷപ്പ്**

എ.ഡി. 433-ൽ പീറ്റർ ക്രിസൊളോഗസ് റെവെന്നയിലെ ബിഷപ്പായി നിയമിക്കപ്പെട്ടു. ആബട്ട് ആഞ്ഞല്ലൂസ് എഴുതിയ ജീവചരിത്രത്തിൽ പീറ്റർ ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടതിനെക്കുറിച്ചു എഴുതിയിട്ടുണ്ട്. ബിഷപ്പ് കൊർണേലിയൂസിന്റെ കൂടെ ജോലി ചെയ്യുന്ന സമയത്താണ് ഈ സംഭവം നടക്കുന്നത്. ആർച്ചുഡീക്കൻ എന്ന നിലയിൽ ഇമോള രൂപതയുടെ ഭൗതീക വസ്തുവകകളുടെ നടത്തിപ്പായിരുന്നു പീറ്ററിനുണ്ടായിരുന്നത്. ഈ സമയത്ത് റെവെന്നയിലെ ബിഷപ്പായിരുന്ന ജോൺ കാലം ചെയ്തു. അന്നത്തെ രീതിയനുസരിച്ചു അവിടുത്തെ പുരോഹിതരും വിശ്വാസികളും ചേർന്ന് പുതിയൊരു ബിഷപ്പിനെ തിരഞ്ഞെടുക്കുകയും മാർപാപ്പയുടെ അംഗീകാരം കിട്ടുന്നതിനായി റോമിലേക്ക് ഒരു പ്രതിനിധി സംഘത്തെ അയക്കുകയും ചെയ്തു.

സിക്റ്റസ് മൂന്നാമൻ മാർപാപ്പയുടെ അരികിൽ ഈ സംഘം എത്തുന്നതിന്റെ തലേരാത്രിയിൽ അദ്ദേഹത്തിന് ഒരു ദർശനം ഉണ്ടായി. ഈ

www.malankaralibrary.com

ദർശനത്തിൽ വി. പത്രോസും അദ്ദേഹത്തിന്റെ ശിഷ്യനും റെവെന്ന സഭയുടെ സ്ഥാപകനുമായ വി. അപ്പോളിനാരിയൂസും പ്രത്യക്ഷപ്പെട്ടു. മൂന്നാമതൊരാൾ ഇവരുടെ രണ്ടുപേരുടെയും മധ്യേ കാണപ്പെട്ടു. പത്രോസ് അപ്പസ്തോലൻ സിക്റ്റസ് മാർപാപ്പയോട് ഇപ്രകാരം പറഞ്ഞു: "ഞങ്ങളുടെ മദ്ധ്യേ നില്ക്കുന്ന ഇദ്ദേഹത്തെ ദൈവം തിരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ ഇദ്ദേഹത്തെ അടുത്ത ബിഷപ്പായി അഭിഷേകം ചെയ്യുക". അടുത്ത ദിവസം റെവെന്നയിലെ പ്രതിനിധി സംഘം തങ്ങളുടെ ബിഷപ്പ് സ്ഥാനാർത്ഥിയെ കൊണ്ടുവന്നപ്പോൾ മാർപാപ്പ ദർശനത്തിൽ കണ്ട വ്യക്തി അക്കൂട്ടത്തിൽ ഇല്ലായിരുന്നു. ഇക്കാരണത്താൽ അവരുടെ കൂടെ റെവെന്നയിൽ നിന്നും വന്ന എല്ലാവരുമായി വീണ്ടും വരാൻ മാർപാപ്പ ആവശ്യപ്പെട്ടു. തങ്ങളുടെ സ്ഥാനാർത്ഥിയെ മാർപാപ്പ അംഗീകരിക്കാതിരുന്നത് റെവെന്നയിൽ നിന്നും വന്ന പ്രതിനിധി സംഘത്തെ നിരാശരാക്കി.

സിക്റ്റസ് മാർപാപ്പയ്ക്ക് വീണ്ടും ഒരു ദർശനം ലഭിക്കുകയും റെവെന്നയിലെ അടുത്ത ബിഷപ്പിനെ വീണ്ടും ദൈവം കാണിച്ചുകൊടുക്കുകയും ചെയ്തു. അതിനാൽ മാർപാപ്പ കൊർണേലിയൂസ് ബിഷപ്പിനോട് അവരുടെ കൂടെ വന്ന എല്ലാവരെയും ഹാജരാക്കാൻ ആവശ്യപ്പെട്ടു. ഈ സംഘത്തിന്റെകൂടെ പീറ്റർ ക്രിസൊളോഗസിനെ കണ്ട മാത്രയിൽ മാർപാപ്പ മുൻപോട്ട് ചെന്ന് അദ്ദേഹത്തെ അഭിവാദനം ചെയ്യുകയും ഇദ്ദേഹത്തെയാണ് ദൈവം ബിഷപ്പായി തിരഞ്ഞെടുത്തിരിക്കുന്നത് എന്ന് അറിയിക്കുകയും ചെയ്തു. ഇതിനെ അവിടെ കൂടിയവർ എതിർത്തപ്പോൾ ഈ തിരഞ്ഞെടുപ്പിന് കാരണമായ ദൈവീക ദർശനത്തെക്കുറിച്ചു മാർപാപ്പ അവരോട് വിശദീകരിച്ചു. അങ്ങനെ പ്രതിനിധി സംഘം ഡീക്കനായിരുന്ന പീറ്ററിനെ തങ്ങളുടെ ബിഷപ്പായി സന്തോഷത്തോടെ സ്വീകരിച്ചു.



**റെവന്നയുടെ ചരിത്ര പ്രാധാന്യം**

സിറിയയിലെ റോമൻ പ്രോവിൻസിലെ അന്ത്യോഖ്യയിൽ നിന്നുള്ള വി. അപ്പൊളിനാരിയൂസിന്റെ സുവിശേഷ പ്രഘോഷണം കൊണ്ട് ക്രിസ്തീയ വിശ്വാസത്തിലേക്ക് വന്നവരാണ് റെവെന്നയിലും റേജിയോ-എമീലിയ പ്രദേശങ്ങളിലും ഉള്ളവർ. യേശുവിന്റെ എഴുപത്തിരണ്ട് ശിഷ്യന്മാരുടെ ഗണത്തിൽ ഉൾപ്പെട്ടിരുന്ന ആളായിരുന്നു ഇദ്ദേഹമെന്നു ചില പാരമ്പര്യങ്ങൾ സാക്ഷിക്കുന്നു. പത്രോസ് ശ്ലീഹായുടെ ശിഷ്യനായിരുന്ന അപ്പൊളിനാരിയൂസിനെ റെവെന്നയിലെ ആദ്യത്തെ ബിഷപ്പായി പത്രോസ് അഭിഷേകം ചെയ്തു നിയോഗിച്ചു. സെപ്തിമിയൂസ് സേവേറൂസ് (145-211) ചക്രവർത്തിയുടെ ഭരണകാലയളവിൽ ക്രിസ്തീയ മതപീഡനത്തിന്റെ ഇരയായി അദ്ദേഹം രക്തസാക്ഷിത്വം വരിച്ചു.

എ.ഡി. 330-ൽ കോൺസ്റ്റന്റീൻ ചക്രവർത്തി സാമ്രാജ്യത്തിന്റെ ഭരണസിരാകേന്ദ്രം റോമിൽ നിന്നും കോൺസ്റ്റാന്റിനോപ്പിളിലേക്ക് മാറ്റിയതിന് ശേഷവും അവിടെയിരുന്നുകൊണ്ട് അദ്ദേഹവും പിൻഗാമികളും പാശ്ചാത്യ റോമൻ സാമ്രാജ്യത്തെ ഭരിച്ചു. റോമിന് പകരം റെവെന്നയായിരുന്നു തലസ്ഥാനമായി അവർ തിരഞ്ഞെടുത്തത്. (ചുരുക്കം ചില അവസരങ്ങളിൽ മിലാൻ തലസ്ഥാനമായിരുന്നു). എ.ഡി. 476-ൽ ഓസ്ട്രോഗോത്തിക്ക് രാജാക്കന്മാർ ഈ പ്രദേശം കീഴടക്കിയെങ്കിലും അധികം താമസിയാതെ അവരെ പുറത്താക്കി എ.ഡി. 751 വരെ ബൈസന്റീൻ സാമ്രാജ്യത്തിന്റെ ആധിപത്യം ഇവിടെ തുടർന്നു. ചക്രവർത്തിയുടെ പ്രതിനിധി താമസിച്ചിരുന്ന നഗരമെന്ന നിലയിൽ 'ഇറ്റലിയിലെ ബൈസാന്റിയം' എന്നായിരുന്നു റെവെന്ന അറിയപ്പെട്ടിരുന്നത്.

വി. പീറ്റർ ക്രിസൊളോഗസ് റെവന്ന രൂപതയുടെ ഇരുപത്തൊന്നാമത്തെ ബിഷപ്പും ആദ്യത്തെ ആർച്ചുബിഷപ്പുമായിരുന്നു. ഇദ്ദേഹത്തിന്റെ രൂപതാഭരണകാലയളവിൽ മഹാനായ തെയഡോഷ്യസ് ചക്രവർത്തിയുടെ മകൾ ഗാല്ലാ പ്ലസീദിയ രാഞ്ജി ഇവിടെയായിരുന്നു വസിച്ചിരുന്നത്. രാഞ്ജിയുടെ മകൻ വാലന്റീനിയൻ മൂന്നാമൻ ചക്രവർത്തി ഇക്കാലയളവിൽ ഇവിടെയാണ് വളർന്നത്. വി. പീറ്റർ ക്രിസൊളോഗസിന്റെ പ്രസംഗങ്ങൾ രാഞ്ജിയെ വളരെയധികം സ്വാധീനിച്ചിരുന്നു. പീറ്റർ എന്ന് മാത്രം അറിയപ്പെട്ടിരുന്ന ബിഷപ്പിന് 'ക്രിസൊളോഗസ്' എന്ന പേര് നൽകിയത് ഗാല്ലാ പ്ലസീദിയ രാഞ്ജി ആണെന്നും പറയപ്പെടുന്നു. ക്രിസൊളോഗസ് എന്ന പേരിന് പല വിശദീകരണവും നല്കപ്പെട്ടിട്ടുണ്ട്. 'സുവർണ്ണ വാക്കുകാരൻ' എന്നും

www.malankaralibrary.com



'സുവർണ്ണ വാഗ്മി' എന്നൊക്കെയാണ് ഇത്. പൗരസ്ത്യസഭയിലെ ഏറ്റം വലിയ വാഗ്മിയും വേദപാരംഗതനുമായ ജോൺ ക്രിസോസ്റ്റോമിനു സമാനമായ രീതിയിൽ പാശ്ചാത്യ സഭയിൽ ഉപയോഗിച്ച് തുടങ്ങിയതാണ്. വി. പീറ്ററിന് ഗ്രീക്ക് ഭാഷ അറിയാമായിരുന്നു എന്നതും ഈ പേരിന്റെ പിന്നിൽ പ്രചോദനമായി വർത്തിച്ചിട്ടുണ്ടാവാം.

റെവന്ന പ്രദേശങ്ങളിലെ പല ദേവാലയങ്ങളും ഇക്കാലയളവിൽ രാജ്ഞിയുടെ സഹായത്തോടെ പീറ്റർ ക്രിസൊളോഗസ് നിർമ്മിക്കുകയും ചെയ്തു. അന്നുമുതൽ ഇവിടെ നിലനിൽക്കുന്ന ക്രിസ്തീയ ചിത്രകലയും ദേവാലയങ്ങളും ഇന്നും ഈ നഗരത്തിന്റെ പുരാതന പ്രൗഢി പ്രഘോഷിക്കുന്നു. ഈ നഗരത്തിലാണ് പ്രശസ്ത ഇറ്റാലിയൻ സാഹിത്യകാരൻ ദാന്തെ അലിഗിയേരി തന്റെ അന്ത്യകാലം ചിലവച്ചതും 'ഡിവൈൻ കോമഡി' എന്ന കൃതി പൂർത്തിയാക്കിയതും. റെവന്നയിലെ സാൻ ഫ്രാഞ്ചെസ്കോ ദേവാലയത്തിലാണ് ദാന്തെ അലിഗിയേരിയെ അടക്കിയിരിക്കുന്നത്.

**വചനപ്രഘോഷണ വേദപാരംഗതൻ**

സാധാരണ വിശ്വാസികളെ കൂടാതെ രാജ്ഞിയും ചക്രവർത്തിയും രാജസദസ്സിലെ പ്രമുഖരും വി. പീറ്റർ ക്രിസൊളോഗസിന്റെ നേതൃത്വത്തിൽ നടന്ന ശുശ്രൂഷയിൽ സംബന്ധിച്ചിരുന്നു. ജീവിതത്തിന്റെ വിവിധ തുറകളിലുള്ള എല്ലാവർക്കും ഗ്രഹിക്കാൻ കഴിയുന്ന വിധത്തിൽ വചനം പങ്കുവച്ച അജപാലകനാണ് വി. പീറ്റർ ക്രിസൊളോഗസ്. ക്രിസ്തുവിനോടുള്ള സ്നേഹത്താൽ പ്രചോദിതനായി പരിശുദ്ധാത്മ അഭിഷേകത്താൽ അദ്ദേഹം വചനം പ്രഘോഷിച്ചപ്പോൾ തന്റെ സമൂഹത്തെ അത് പരിവർത്തനപ്പെടുത്തുന്നതായി. ആളുകൾക്ക് മടുപ്പ് തോന്നാതിരിക്കാനായി ചുരുങ്ങിയ വാക്കുകളിൽ പ്രസംഗം പൂർത്തിയാക്കി കൂടുതൽ ചിന്തക്കായി അവരെ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് അദ്ദേഹം പ്രസംഗം നടത്തിയത്. തന്റെ ജനത്തിന്റെ അനുദിന ജീവിതാനുഭവങ്ങളിൽ നിന്നും പകർത്തിയ സങ്കല്പങ്ങളാൽ നിറയപ്പെട്ട പ്രസംഗങ്ങൾ ആളുകൾ ശ്രദ്ധയോടെ ശ്രവിച്ചു.

തന്റെ ശ്രോതാക്കളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനായി വിശുദ്ധ ഗ്രന്ഥത്തെ രസകരമായി വ്യാഖ്യാനിക്കുന്നതിനും അദ്ദേഹം ഒരുമ്പെടാറുണ്ടായിരുന്നു. പിശാച് യേശുവിനെ പരസ്യജീവിതം തുടങ്ങുന്നതിന് മുൻപ് പരീക്ഷിക്കുന്ന വേദഭാഗം വിശദീകരിക്കുമ്പോൾ പീറ്റർ പിശാചിനെ ഇപ്രകാരം പരിഹസിക്കുന്നു: "നീ എത്ര ഗതികെട്ടവനായ സാധുവാണ്, നീ വിദ്വേഷമുളവാക്കുന്നവനാകാൻ ശ്രമിക്കുന്നെങ്കിലും അതിനുപോലും നിനക്ക് കഴിയുന്നില്ല. നീ പരീക്ഷിക്കാൻ ആഗ്രഹിക്കുന്നു, പക്ഷെ അതെങ്ങനെ ചെയ്യണമെന്ന് നിനക്കറിയില്ല. വിശക്കുന്ന ഈ മനുഷ്യന് കഴിക്കാൻ കഴിയാത്ത കല്ലിനുപകരം നീ രുചികരമായ ഭക്ഷണം കൊടുക്കണമായിരുന്നു. മോശമായ കാര്യങ്ങൾ കൊണ്ടല്ല, നീ അവന്റെ വിശപ്പിനെ പരീക്ഷിക്കേണ്ടിയിരുന്നത്. അവന്റെ ആസക്തിയെ ശമിപ്പിക്കാൻ വെറുപ്പുളവാക്കുന്ന ഭക്ഷണത്തിന് പകരം സ്വാദിഷ്ഠമായ വിഭവങ്ങൾ വേണമായിരുന്നു. നിന്റെ ഈ പദ്ധതികകൾ മനുഷ്യമക്കളെ വശീകരിക്കുന്നതിനുപോലും മതിയാവില്ല, പിന്നെയല്ലേ ദൈവപുത്രനെ!" (Sermon 11).

വി. കുർബാനയുടെ മദ്ധ്യേ നടത്തിയ ഈ വചനപ്രഘോഷണം ഒരു പ്രത്യേക സമയപരിധിക്കുള്ളിൽ നിർത്തണമെന്ന നിർബന്ധബുദ്ധി ഉണ്ടായിരുന്നതിനാൽ വിഷയം പൂർണ്ണമാകുന്നതിനു

www.malankaralibrary.com

മുൻപേ ചിലപ്പോഴൊക്കെ അദ്ദേഹം പ്രസംഗം നിർത്തിയിരുന്നു. അതിനാൽ അടുത്ത പ്രാവശ്യം അവസാനിപ്പിച്ചിടത്തു നിന്നും വീണ്ടും പ്രസംഗം ആരംഭിച്ചിരുന്നു. അതുപോലെതന്നെ ആളുകളെ ക്കുറിച്ചു കരുതലുള്ളതുകൊണ്ട് വേനൽക്കാലത്തു ചൂടുകൂടുമ്പോൾ പ്രസംഗങ്ങൾ വേണ്ടെന്നു വയ്ക്കുകയും ചെയ്തിരുന്നതായി അദ്ദേഹത്തെ ക്കുറിച്ചു പഠിച്ചവർ നിരീക്ഷിച്ചിട്ടുണ്ട്.

**ജനങ്ങളുടെ ആത്മീയ പിതാവ്**

വി. പീറ്റർ ക്രിസൊളോഗസ് ഒരു യഥാർത്ഥ ഇടയനായിരുന്നു. തന്റെ ജനങ്ങളുടെ ദൃഷ്ടി ദൈവത്തിലേക്ക് കേന്ദ്രീകരിക്കാനും അവിടുത്തെ പരിപാലനയിൽ ആശ്രയിക്കാനും അദ്ദേഹം നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ദൈവം ഭരമേല്പിച്ച താലന്തുകൾ, പ്രത്യേകിച്ചും ദൈവ വചന പ്രഘോഷണം, ഈ ലക്ഷ്യത്തിനായി അദ്ദേഹം ഉപയോഗിച്ചു. തന്റെ അജപാലന പരിധിയിലുള്ള ജനത്തെ സ്വർഗ്ഗത്തിലേക്ക് നയി ക്കുക എന്നതുപോലെതന്നെ ഈ ലോക ജീവിതം അർത്ഥപൂർണ്ണമായി മുന്നോട്ട് കൊണ്ടു പോകാൻ സഹായിക്കുക എന്നതും അദ്ദേഹത്തിന്റെ പ്രസംഗങ്ങളുടെ ലക്ഷ്യമായിരുന്നു. ഒരു പ്രസംഗ ത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ക്രിസ്തു വിന്റ പേരിനോട് ചേർത്ത് നീ ക്രിസ്ത്യാനിയെന്ന് വിളിക്കപ്പെടുന്നതിനാൽ നിന്നിൽ ആ നാമം മഹത്വപ്പെടുന്നതിന് ആവശ്യമായതെല്ലാംചെയ്യേണ്ടി യിരിക്കുന്നു. ദൈവത്തിന്റെ നാമം അതിൽത്തന്നെ പരിശുദ്ധമായതിനാൽ ഒന്നുകിൽ നിന്റെ നന്മയുള്ള പ്രവൃത്തികളാൽ അതിനെ മഹത്വപ്പെടുത്തു ന്നതിനോ അല്ലെങ്കിൽ നിന്റെ തിന്മകളാൽ പുറജാതികളുടെ ഇടയിൽ അത് ദുഷിക്കപ്പെടു ന്നതിനോ ഇടയാകും" (Sermon 70).

ദൈവത്തെ സമീപിക്കുന്ന ബഹുമാനത്തോടെ യാണ് അദ്ദേഹം മനുഷ്യനെയും സമീപിച്ചിരുന്നത്. തിന്മ ചെയ്യുന്നവരെ എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടതെന്ന് അദ്ദേഹം തന്റെ പ്രസംഗത്തിൽ ഇപ്രകാരം പറയുന്നു: "അതിനാൽ സഹോദരങ്ങളെ തിന്മയെ പരാജയപ്പെടുത്തണമെന്ന് ആഗ്രഹിക്കു ന്നവർ സ്നേഹത്തിന്റെ ആയുധമാണ് ധരിക്കേണ്ടത്, കോപത്തിന്റെയല്ല. വിവേകിയായ ഒരു വിശ്വാസി വേദനകളെ സഹിഷ്ണുതയോടെ നേരിടുന്നത് കാണുമ്പോൾ അത് ക്രിസ്തീയ ജീവിതത്തിന്റെ ഉത്കൃഷ്ട മാതൃകയായി മാറുന്നു... അതിനാൽ തിന്മ ചെയ്യുന്നവനെ എതിർക്കുന്നതിനേക്കാൾ തിന്മയെ നന്മയാൽ ജയിക്കുന്നതും, തന്നെ അടിക്കുന്നവനെ തടയാതിരിക്കുന്നതും, ശപിക്കുന്നവനെ അനുഗ്രഹി ക്കുന്നതും,... തന്റെ പുറങ്കുപ്പായം കൈക്കലാ ക്കിയവന് തന്റെ ഉടുപ്പുകൂടി നൽകുന്നതും, ഒരു മൈൽ നടക്കാൻ നിർബന്ധിക്കുന്നവന്റെ കൂടെ രണ്ടു മൈൽ നടക്കുന്നതും ശ്രേഷ്ഠമാണ്... ഈ ഉദാഹര ണങ്ങൾ ക്രിസ്തുവിന്റെ പടയാളി എങ്ങനെയാണ് തന്റെ വേദനകളാൽ പുണ്യത്തിൽ പരിശീലിപ്പി ക്കപ്പെട്ടു ശക്തി പ്രാപിക്കുന്നതെന്ന് നമ്മെ പഠിപ്പിക്കുന്നു" (Sermon 38).

**എല്ലാം ക്രിസ്തുകേന്ദ്രീകൃതം**

ക്രിസ്തുകേന്ദ്രീകൃത ജീവിതത്തിന് വലിയ പ്രാധാന്യം നൽകിയ വിശുദ്ധനായിരുന്നു വി. പീറ്റർ ക്രിസൊളോഗസ്. ദൈവത്തിന്റെ പുത്രന്മാരായി അവിടുന്ന് നമ്മെ ദത്തെടുത്തിരിക്കുന്നു. ഇതൊരു ശൂന്യവും നിഗൂഢവുമായ പ്രയോഗമായി അവശേഷിക്കാൻ അദ്ദേഹം ആഗ്രഹിച്ചില്ല. ഓരോ ക്രിസ്തുവിശ്വാസിയുടെയും അനുദിന ജീവിത ത്തിൽ അനുഭവവേദ്യമാകേണ്ടുന്ന യാഥാർത്ഥ്യ




മായിരുന്നു പീറ്റർ ക്രിസൊളോഗസിനെ സംബ ന്ധിച്ച് ഈ ക്രിസ്തുബന്ധം. ''ക്രിസ്തുവിൽ നാമെല്ലാവരും ദൈവമക്കളായി പുനർജനിച്ചിരി ക്കുന്നു. ദൈവം തന്റെ പുത്രന്മാരായി നമ്മെ ദത്തെടുത്തിരിക്കുന്നു. അതിനാൽ നമ്മുടെ സൃഷ്ടാവിന്റെ പ്രതിരൂപം നമുക്ക് അതിന്റെ പൂർണ്ണതയിൽ പ്രതിബിംബിക്കാം. നമ്മിൽ വരേ ണ്ടുന്ന ഈ പ്രതിഫലനം അവിടുത്തെ മഹത്വ ത്തിന്റെ അല്ല, കാരണം അതിൽ അവിടുന്ന് അതുല്യനാണ്. പിന്നെയോ അവിടുത്തെ നിഷ് കളങ്കത, ലാളിത്യം, ശാന്തത, ക്ഷമ, കരുണ എന്നിവ

www.malankaralibrary.com

നാമുമായി ഐക്യപ്പെടുന്നതിനായിട്ടുള്ളതാണ്. ക്രിസ്തുവിന്റെ ദാരിദ്ര്യം നാം വാഞ്ഛിക്കുമ്പോൾ സ്വർഗ്ഗത്തിൽ നമുക്കായി നിക്ഷേപങ്ങൾ ഉണ്ടാകും. ശരീരത്തിലും മനസ്സിലും പൂർണ്ണമായും വിശുദ്ധരായിരിരുന്നുകൊണ്ട് നമ്മുടെ സൃഷ്ടാവിന്റെ സാദൃശ്യം നമുക്ക് പ്രതിഫലിപ്പിക്കാം" (Sermon 117).

നമ്മുടെ ജീവിതത്തിന്റെ യഥാർത്ഥ വില നാം മനസ്സിലാക്കുന്നത് ക്രിസ്തുവുമായി ഐക്യത്തിലായിരിക്കുമ്പോഴാണ്. ഇത് എത്രമാത്രം തീവ്രമായിരിക്കുന്നുവോ അത്രമാത്രം അവിടുത്തെ ജീവിതം നമുക്ക് അനുഭവവേദ്യമാവുകയും അങ്ങനെ ദൈവത്തെ നാം മഹത്വപ്പെടുത്തുകയും ചെയ്യും. ഇങ്ങനെയൊരു ബന്ധത്തിന്റെ മാതൃകയായി അദ്ദേഹം അവതരിപ്പിക്കുന്നത് പരിശുദ്ധ മറിയത്തെയാണ്. മറിയത്തിന്റെ കന്യകാത്വത്തെക്കുറിച്ചു പ്രസംഗിക്കുമ്പോൾ അത് ക്രിസ്തുകേന്ദ്രീകൃതമായി മനസിലാക്കാൻ പീറ്റർ ക്രിസൊളോഗസ് ശ്രമിക്കുന്നു. ഇവിടെ മാതാവുമായി ഒരു സാങ്കല്പിക സംഭാഷണത്തിൽ ഏർപ്പെട്ടുകൊണ്ട് അദ്ദേഹം ഇപ്രകാരം പറയുന്നു: "അല്ലയോ കന്യകയേ, അവനെ നിന്റെ മകനെന്നു വിളിക്കാനുള്ള ധീരത നിനക്കുണ്ടോ... എന്നാൽ അവൻ ജനിച്ചുകഴിഞ്ഞാലുടൻ നിന്റെ രക്ഷനായി അംഗീകരിക്കുക...നിന്റെ കന്യകാത്വം നിനക്കുവേണ്ടി മാത്രം ഒരു മകനെ വഹിക്കുന്നില്ല... എല്ലാത്തിന്റെയും അധികാരിയായിരിക്കുന്നവനാണ് നീ ജന്മം നൽകിയിരിക്കുന്നത്. നിന്റെ പൂർണ്ണത നിന്റെ മകനെയല്ല, രക്ഷകനെയാണ് സംവഹിച്ചത്. അതുകൊണ്ടാണ് മാലാഖ പറഞ്ഞത് 'അവനു നീ യേശു എന്ന് പേരിടണം' (ലൂക്കാ. 1:31). ഹീബ്രു ഭാഷയിൽ യേശുവെന്നാൽ രക്ഷകനെന്നാണ്" (Sermon 142).

**സഭയിലെ അധികാരവും നമ്മുടെ അനുസരണയും**

ക്രിസ്തുവുമായി നമ്മെ ബന്ധിപ്പിക്കുന്നതിനും നന്മയുടെ വഴിയിലൂടെ സഞ്ചരിക്കുന്നതിനും സഹായിക്കുന്ന ദൈവദത്തമായ അധികാരം സഭയിൽ നിലനിൽക്കുന്നു എന്ന് പീറ്റർ ക്രിസൊളോഗസ് പഠിപ്പിച്ചു. ഈ ബന്ധത്തിൽ നിന്നും അകന്നു പോകുന്നത് നമ്മുടെ ആത്മീയ നാശത്തിന് ഇടയാക്കുമെന്നും അദ്ദേഹം തന്റെ വിശ്വാസി സമൂഹത്തെ ഉപദേശിച്ചു. സഭയിൽ നിലനിൽക്കുന്ന പ്രബോധന അധികാരത്തെക്കുറിച്ചു അദ്ദേഹം ഇപ്രകാരം പ്രസംഗിച്ചു: "ഭിഷഗ്വരന്മാർ അതീവ ശ്രദ്ധയോടെ മാരക രോഗങ്ങൾക്ക് മരുന്ന് സജ്ജമാക്കി നൽകുമ്പോൾ രോഗി ഡോക്ടറിന്റെ നിർദേശം വകവയ്ക്കാതെ അത് കഴിക്കുകയോ, അളവിൽ വ്യത്യാസം വരുത്തുകയോ, പറയുന്ന സമയത്ത് കഴിക്കാതിരിക്കുകയോ ചെയ്താൽ രോഗസൗഖ്യത്തിന് പകരം അനർത്ഥമായിരിക്കും സംഭവിക്കുന്നത്. അതുപോലെതന്നെ ദൈവവചനം സഭയുടെ അധികാരമില്ലാതെയും, സഭാപ്രബോധനത്തിന് വിരുദ്ധമായും, പ്രാമാണിക വിശ്വാസസത്യങ്ങളെ ലംഘിച്ചും ഉൾക്കൊള്ളാൻ ശ്രമിച്ചാൽ ഒരുവന്റെ ജീവന്റെ പരിപോഷണത്തിന് പകരം നാശമായിരിക്കും സംഭവിക്കുന്നത്. നാമോരുരുത്തരുടേയും ആത്മീയ ഉന്നമനത്തിനായി ദൈവീകമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത് നമ്മുടെ ആത്മനാശത്തിന് കാരണമായിത്തീരാതിരിക്കാൻ സഹോദരങ്ങളെ, നാം നല്ലതുപോലെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു" (Sermon 156).

സഭയിലെ ദൈവദത്തമായ അധികാരത്തെക്കുറിച്ചു ഇപ്രകാരം പ്രസംഗിക്കുന്നതിന് പീറ്റർ ക്രിസൊളോഗസിനെ പ്രേരിപ്പിച്ചത് എവുത്തിക്കസ് എന്ന സന്യാസിയുടെ അനുസരണക്കേടായിരുന്നു. കോൺസ്റ്റാന്റിനോപ്പിളിലെ ആശ്രമാധിപനായിരുന്ന (archimandrite) എവുത്തിക്കസ് ക്രിസ്തുവിൽ മനുഷ്യസ്വഭാവും ദൈവസ്വഭാവവും ഏകീഭവിച്ചു ഒരു സ്വഭാവം മാത്രമേയുള്ളു എന്ന് വാദിച്ചു. കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് ഇതിനെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തുകയും ഈ വാദം പാഷണ്ഡതയായി പ്രഖ്യാപിക്കുകയും ചെയ്തു. തനിക്കെതിരെ സിനഡ് ഇപ്രകാരം ഒരു തീരുമാനം എടുത്തതിനെ പ്രതിരോധിക്കാനായി ക്രിസൊളോഗസിന്റെ പിന്തുണ ആവശ്യപ്പെട്ടുകൊണ്ട് എവുത്തിക്കസ് ഒരു കത്തെഴുതി. ഈ കത്ത് നഷ്ടപ്പെട്ടുവെങ്കിലും, പീറ്റർ ക്രിസൊളോഗസ് എഴുതിയ മറുപടി പിൽക്കാല തലമുറയ്ക്ക് ലഭ്യമായിട്ടുണ്ട്.

കരുണയോടെ പെരുമാറുന്ന അവസരത്തിലും സഭയുടെ പ്രബോധന അധികാരത്തെ അടിവരയിട്ടു പറയുന്ന പീറ്റർ ക്രിസൊളോഗസ് ദൈവീക അനുസരണയുടെ ഉദാത്ത മാതൃകയാവുന്നു: "താങ്കളുടെ എഴുത്തിലെ ഉള്ളടക്കത്തിന്റെ പ്രത്യേകതയാൽ വലിയ വ്യസനത്തോടെയാണ് ഞാൻ അത് വായിച്ചത്. സഭകൾ തമ്മിലുള്ള സൗഹാർദവും, പുരോഹിതരിലെ ഐക്യവും, വിശ്വാസികളുടെ പ്രശാന്തതയും നമ്മിൽ സ്വർഗ്ഗീയ സന്തോഷം ജനിപ്പിക്കുന്നതുപോലെ, സഹോദരങ്ങൾ തമ്മിലുള്ള അനൈക്യം നമ്മിൽ നിരാശ ജനിപ്പിക്കും, പ്രത്യേകിച്ചും താങ്കൾ പറഞ്ഞതുപോലെയുള്ള കാര്യങ്ങൾ ആകുമ്പോൾ... പ്രിയ സഹോദരാ, താങ്കളുടെ എഴുത്തിന് ഈ ചെറിയ മറുപടി ഞാൻ അയക്കുന്നു... എന്നാൽ എല്ലാത്തിനെയും സംബന്ധിച്ച് ഈ ഉപദേശം ഞാൻ നൽകുന്നു... ഈ കാര്യങ്ങളിൽ ജാഗ്രത പാലിച്ചുകൊണ്ട് അനുഗൃഹീതനായ റോമിലെ മാർപാപ്പയെ അനുസരിക്കുക. എന്തെന്നാൽ അദ്ദേഹത്തിലൂടെ വി. പത്രോസ് വിശ്വാസസത്യം അന്വേഷിക്കുന്ന എല്ലാവർക്കും അത് പ്രദാനം ചെയ്യുന്നു. സമാധാനവും വിശ്വാസവും നാം അന്വേഷിക്കു

www.malankaralibrary.com

മ്പോൾ റോമിലെ ബിഷപ്പുമായിട്ടുള്ള ഐക്യത്തിലൂടെയല്ലാതെ വിശ്വാസ കാര്യങ്ങളിൽ നമുക്ക് തീരുമാനം എടുക്കാൻ സാധിക്കില്ല. പ്രിയപ്പെട്ടവനും ബഹുമാന്യനുമായ വത്സല പുത്രാ, നമ്മുടെ കർത്താവ് കനിഞ്ഞു അനുഗ്രഹിച്ചു താങ്കളുടെ സ്നേഹം അപായരഹിതമായി സംരക്ഷിക്കട്ടെ".

**മരണം, വിശുദ്ധൻ, വേദപാരംഗതൻ**

ജീവിതത്തിന്റെ അവസാന നാളുകൾ പീറ്റർ ക്രിസൊളോഗസ് തന്റെ ജന്മ നഗരമായ ഇമോളയിലാണ് ചിലവഴിച്ചത്. ഇവിടെവച്ചു എ.ഡി. 450 ജൂലൈ 31-ന് അദ്ദേഹം മരിക്കുകയും ഇമോളയിലെ വി. കാസ്സിയന്റെ നാമത്തിലുള്ള കത്തീഡ്രൽ ദേവാലയത്തിൽ അടക്കപ്പെടുകയും ചെയ്തു. റെവെന്നയിലെ ആർച്ചുബിഷപ്പായിരിക്കുമ്പോൾ അദ്ദേഹം ഉപയോഗിച്ചിരുന്ന കാസയും പീലാസയും ഇന്നും ഇവിടെ സൂക്ഷിച്ചിട്ടുണ്ട്. 1642-ൽ ഈ ദേവാലയത്തിലെ വികാരി ആയിരുന്ന ഡൊമനിക് മിത്ത എന്ന വൈദികൻ എഴുതിയ പീറ്റർ ക്രിസൊളോഗസിന്റെ ജീവചരിത്രത്തിൽ ഈ കാസയും പീലാസയും പല അത്ഭുതങ്ങൾക്കും കാരണമായി ഭവിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പലവിധ രോഗങ്ങൾ ഉള്ളവർ ഇവിടെ



നിരന്തരമായി വരികയും ഈ പാവന പാത്രങ്ങളിൽ നിന്നും വിശുദ്ധ ജലം സ്വീകരിച്ചതുവഴി സൗഖ്യം പ്രാപിക്കുകയും ചെയ്തു എന്ന് അദ്ദേഹം എഴുതിയിരിക്കുന്നു.

മരണത്തോടെ വിശ്വാസി ഗണം പീറ്റർ ക്രിസൊളോഗസിനെ വിശുദ്ധനായി കണ്ടു അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിക്കുന്ന പതിവ് ആരംഭിച്ചു. എ.ഡി. 1729-ൽ ബെനഡിക്റ്റ് പതിമൂന്നാമൻ മാർപാപ്പ അദ്ദേഹത്തെ സഭയിലെ വേദപാരംഗതനായി പ്രഖ്യാപിച്ചു. ജൂലൈ 30-ന് സഭ അദ്ദേഹത്തിന്റെ തിരുന്നാൾ കൊണ്ടാടുന്നു. ഈ അടുത്ത കാലത്താണ് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ വിവിധ ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. പലവിധ കാരണങ്ങളാൽ മറ്റ് പല വേദപാരംഗതന്മാർക്കും ലഭിച്ച അംഗീകാരവും പ്രാമുഖ്യവും പീറ്റർ ക്രിസൊളോഗസിനു ലഭിച്ചില്ല.

**ക്രിസ്തീയ സാഹിത്യ സംഭാവനകൾ**

പിൽക്കാല തലമുറയ്ക്ക് ലഭ്യമായ പ്രസംഗളാൽ സഭയിലെ വേദപാരംഗതരുടെ ഗണത്തിലേക്ക് കടന്നുവന്ന വിശുദ്ധനാണ് വി. പീറ്റർ. അദ്ദേഹത്തിന്റെ പ്രസംഗങ്ങളുടെ പരിഭാഷ വിവിധ ഭാഷകളിൽ ലഭ്യമായതോടുകൂടി അനേകർ ഈ വിശുദ്ധനെ പഠിക്കുന്നതിന് ഇടയായി. ദൈവ പുത്രന്റെ മനുഷ്യാവതാരം, പരിശുദ്ധ കന്യകാ മറിയം, വി. യൗസേപ്പ് പിതാവ് തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് അദ്ദേഹം ആധികാരിക പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ ധാർമ്മികവും, ആത്മീയവുമായ വിഷയങ്ങളിൽ തന്റെ ജനത്തെ പ്രബോധിപ്പിച്ചുകൊണ്ട് അവരെ രക്ഷയുടെ മാർഗ്ഗത്തിലൂടെ അദ്ദേഹം നയിച്ചു. ആരാധന വർഷത്തിലെ വായനകളെ അടിസ്ഥാനമാക്കി തന്റെ ജനത്തെ ക്രിസ്തീയ വിശ്വാസത്തിൽ വളർത്തുന്നതിനായി അദ്ദേഹം നടത്തിയ പ്രസംഗങ്ങളാണിത്. മിക്കവാറും പുതിയനിയമ ഗ്രന്ഥത്തിന്റെ വ്യാഖ്യാനങ്ങളാണ് അവയെല്ലാം. പഴയനിയമത്തെ അദ്ദേഹം ഉപയോഗപ്പെടുത്തിയിരിക്കുന്നത് പുതിയ നിയമം വ്യാഖ്യാനിക്കുന്നതിനു വേണ്ടി മാത്രമാണ്. അദ്ദേഹം പ്രസംഗിച്ചപ്പോൾ സഹായികൾ ഇത് പകർത്തുകയും പിന്നീട് അത് അദ്ദേഹം തന്നെ തിരുത്തലുകൾ വരുത്തി സൂക്ഷിക്കുകയും ചെയ്തവയാണ്.

വി. പീറ്റർ ക്രിസൊളോഗസ് എഴുതിയ പല ലേഖനങ്ങളും, വ്യാഖ്യാന കൃതികളും, പ്രസംഗങ്ങളും കാലാന്തരത്തിൽ നഷ്ടപ്പെട്ടു പോയിട്ടുണ്ട്. എ.ഡി. 524-ൽ ഒസ്ത്രഗോത്സ് രാജാവായിരുന്ന തിയോഡെറിക് (454-526) ഇമോള നഗരത്തെ ഉപരോധിച്ച അവസരത്തിൽ പീറ്ററിന്റെ ഗ്രന്ഥങ്ങളടങ്ങിയ ലൈബ്രറി നശിപ്പിക്കപ്പെട്ടു. കൂടാതെ എ.ഡി. 700-ൽ റെവന്ന ആർച്ചുബിഷപ്പിന്റെ ലൈബ്രറി തീപിടിച്ചു ധാരാളം പുസ്തകങ്ങൾ അവിടെയും ഇല്ലാതായി.

വി. പീറ്റർ ക്രിസൊളോഗസിന്റേതായി 183 പ്രസംഗങ്ങളാണ് പിൽക്കാല തലമുറയ്ക്ക് ലഭ്യമായിട്ടുള്ളത്. ഇതിന്റെ ഇംഗ്ലീഷിലുള്ള പരിഭാഷ മുഴുവനായി അടുത്ത കാലത്താണ് പ്രസിദ്ധീകരിക്കപ്പെട്ടത്. രണ്ടു തരത്തിലുള്ള കൈയ്യെഴുത്തു പ്രതികളാണ് നിലവിലുണ്ടായിരുന്നത്. ഒന്നാമത്തേത് സെവേറിയൻ പാരമ്പര്യത്തിൽ പെടുന്നതാണ്. ആറാം നൂറ്റാണ്ടുമുതൽ ഗബാലയിലെ ബിഷപ്പായിരുന്ന സെവേറിയന്റെ (355-425) പ്രസംഗങ്ങൾ ആയി സംരക്ഷിക്കപ്പെട്ടവ. എന്നാൽ ഇത് സെവേറിയന്റേതല്ല പിന്നെയോ ക്രിസൊളോഗസിന്റേതാണ് എന്ന് പഠനങ്ങളിലൂടെ തെളിയിക്കപ്പെട്ടു. ഈ പ്രസംഗങ്ങൾ യാതൊരും കലർപ്പും കൂടാതെ സംരക്ഷിക്കപ്പെട്ടവയാണ്. ഇതിന്റെ പകർപ്പുകൾ മിലാനിലെയും വത്തിക്കാനിലെയും

www.malankaralibrary.com

ലൈബ്രറികളിൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. രണ്ടാമത്തേത് റെവെന്നായിലെആർച്ചുബിഷപ്പായിരുന്ന ഫെലിഷ്യന്റെ (708-724) ലൈബ്രറിയിൽ നിന്നും ലഭിച്ചവ. ഫെലിഷ്യൻ പ്രത്യേക താത്പര്യമെടുത്തു തന്റെ മുൻഗാമിയുടെ പ്രസംഗങ്ങൾ ശേഖരിക്കുകയും സംരക്ഷിക്കുകയും ചെയ്തു. ഇതിന്റെ പകർപ്പുകൾ വത്തിക്കാൻ, ഇംഗ്ലണ്ട്, ഫ്രാൻസ് എന്നിവിടങ്ങളിലെ വിവിധ ലൈബ്രറികളിൽ ഉണ്ട്.

**പ്രസംഗങ്ങളിലെ ദൈവശാസ്ത്ര പ്രമേയങ്ങൾ**

ആരാധനാവർഷത്തിൽ ഞായറാഴ്ചകളിലും മറ്റും ദേവാലയത്തിൽ നടത്തിയ പ്രസംഗങ്ങളാണ് ഇവ. റെവെന്നായിലെ ആർച്ച്ബിഷപ് എന്ന നിലയിൽ ഇത്തരം ധാരാളം പ്രസംഗങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. ബൈബിളിന്റെ അക്ഷരാർത്ഥത്തിലുള്ള വിശദീകരണത്തെക്കാൾ അതിന്റെ ലാക്ഷണികമായ അർത്ഥം വിവരിച്ചുകൊണ്ട് പ്രായോഗിക ജീവിതത്തിന് ആവശ്യമായ ഉപദേശങ്ങൾ നല്കുന്നതിനായിരുന്നു അദ്ദേഹം ശ്രദ്ധിച്ചിരുന്നത്. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ ഉടനീളം കാണുന്ന ആശയങ്ങൾ നാല് വിഷയങ്ങളിലേക്ക് ചുരുക്കാവുന്നതാണ്. (താഴെ കൊടുത്തിരിക്കുന്ന ആശയങ്ങൾക്ക് പൂർണ്ണമായും ഈ ഗ്രന്ഥത്തോട് കടപ്പെട്ടിരിക്കുന്നു: David Vincent Meconi, *Peter Chrysologus: The Early Church Fathers* (New York: Routledge, Taylor & Francis Limited, 2023), pp. 23-35).

**1. ദൈവീക പ്രതിച്ഛായയും സമാനതയും**

സൃഷ്ടിയുടെ പുസ്തകത്തിൽ കാണുന്ന 'ദൈവസാദൃശ്യം' (*imago Dei*) നമ്മോട് പറയുന്നത് എല്ലാ മനുഷ്യാത്മാവിലും ദൈവം തന്റെ പ്രതിരൂപം പതിപ്പിച്ചിരുന്നു എന്നതാണ്. ദൈവത്തിന്റെ സൃഷ്ടി എപ്രകാരമായിരിക്കണമെന്ന് ദൈവം ആഗ്രഹിച്ചതിന്റെ ഫലമാണിത്. ദൈവ-മനുഷ്യ കണ്ടുമുട്ടൽ നടക്കുന്ന മേഖലയാണിത്. മനുഷ്യാവതാരത്തെ മനോഹരമാക്കുന്നത് ദൈവം തന്റെ സൃഷ്ടിയുടെ രൂപത്തിലും ഭാവത്തിലും ഇറങ്ങി വന്നു എന്നതുകൂടിയാണ്. വി. പീറ്റർ ക്രിസൊളോഗസ് ഇപ്രകാരം പ്രസംഗിച്ചു: ''മർത്യരായ നമ്മൾ ദൈവത്തെ ദർശിക്കാനുള്ള ആഗ്രഹത്താൽ സഹിക്കുകയും വേദനിക്കുകയും ചെയ്യുന്നുവെന്ന് അവിടുത്തേക്ക് അറിയാവുന്നതിനാൽ തന്റെ രൂപത്തെത്തന്നെ നമ്മിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ... അതിനാൽ ദൈവം മനുഷ്യരുടെ ഇടയിൽ മനുഷ്യനായി വന്ന് നമ്മുടെ പ്രകൃതത്തിലായിരുന്നുകൊണ്ട് എല്ലാവർക്കും വെളിവാക്കിയത് അവിടുത്തേക്ക് ദോഷമായി ഭവിച്ചു എന്ന് ആരും ധരിക്കരുത്" (Sermon 147). പൂർണ്ണനായ ദൈവം പങ്കിലമായ മനുഷ്യകുലത്തോട് സ്നേഹം കാരണം ഐക്യത്തിലാകുന്നു. മനുഷ്യവ്യക്തി സ്വർഗ്ഗത്തിനും ഭൂമിയ്ക്കും മദ്ധ്യേ മർത്യശരീരവും മാലാഖമാരുടെ കാന്തിയും പേറി നിലനിൽക്കുന്നു. "ഭൂമിയിലുള്ള എല്ലാത്തിന്റെയും അധിപനായിരിക്കുന്നതിനാണ് ദൈവം നിന്നെ മണ്ണിൽ നിന്നും മെനഞ്ഞത് - സൃഷ്ടവസ്തുക്കളുമായി അവരുടെ സ്വഭാവം നീ പങ്കു വയ്ക്കുന്നു. അതേസമയം നീ സ്വർഗ്ഗത്തിനു വേണ്ടിയുള്ളവനാണ് കാരണം അവിടെയുള്ളവരെപ്പോലെ വിവേചനശക്തിയുള്ള ആത്മാവ് നിനക്കുമുണ്ട്" (Sermon 158).

**2. മറിയത്തിന്റെ 'അനുവാദവും' മനുഷ്യാവതാരവും**

ക്രിസ്തീയ ജീവിതത്തിന്റ കേന്ദ്രമായിരിക്കുന്നത് ദൈവപുത്രന്റെ മനുഷ്യാവതാരമാണ്. ക്രിസ്തുവിന്റെ കന്യകയിലൂടെയുള്ള ഈ ലോകത്തിലേക്കുള്ള ഗമനം അനന്യമായ ഒരു അനുഭവമാണ്.



മനുഷ്യബുദ്ധിക്ക് ഗ്രഹിക്കാൻ പ്രയാസമുള്ള ഒരു ദൈവീക എളിമപ്പെടലിന്റെ അനന്തരഫലമായി സ്വർഗ്ഗവും ഭൂമിയും, ദൈവീകതയും മനുഷത്വവും, എന്നന്നേക്കുമായി സംയോജിച്ചു. മേരിയുടെ 'അതേ'യെന്ന ഉത്തരം (*Fiat*) വഴി, അവളുടെ ഏകജതാനായ യേശുവിൽ, ദൈവവും മനുഷ്യനും പരിപൂർണ്ണ സംയോജനത്തിൽ എത്തുന്നതിന് ഇടയായിത്തീർന്നു. മറിയത്തിന്റെ ഉദരം ദൈവവും മനുഷ്യനും ഒന്നാകുന്നതിനുള്ള വേദിയായിത്തീർന്നു. "ഇതുവരെ കേട്ടുകേഴ്‌വിയില്ലാത്ത ഒരു കാര്യം നമ്മൾ കേട്ടിരിക്കുന്നു. എങ്ങനെ ദൈവവും മനുഷ്യനും ഒന്നായിരുന്നു എന്നത്. നമ്മുടെ ബലഹീനമായ മനുഷ്യ പ്രകൃതി ഒരു മാലാഖയുടെ സന്ദേശത്താൽ ദൈവത്തിന്റെ പൂർണ്ണ മഹത്വം വെളിവാക്കിയിരിക്കുന്നു" (Sermon 142).

**3. മനുഷ്യവ്യക്തിയുടെ ദൈവീകവത്ക്കരണം**

ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ പരിണിത ഫലമായി ഓരോ മനുഷ്യവ്യക്തിയും ദൈവീകവത്ക്കരിക്കപ്പെടുന്നു. ഒരു മനുഷ്യനും ദൈവത്തെ 'പിതാവെന്ന്', ആ വാക്കിന്റെ സഹജമായ അർത്ഥത്തിൽ, വിളിക്കാൻ സാധിക്കില്ല. മർത്യരായ പിതാക്കന്മാർ ജന്മം നൽകിയ മനുഷ്യരാണ് നാം. എന്നാൽ

www.malankaralibrary.com

ക്രിസ്തുവിന്റെ കുടുംബാംഗമെന്ന നിലയിൽ ത്രിത്വത്തിലെ ഒന്നാമാളായ ദൈവപിതാവിന്റെ മക്കളാണ് നാം. ഈ ഉന്നതി നമുക്ക് ലഭ്യമാക്കിയതും പുതുജന്മം നൽകിയതും ദൈവപുത്രന്റെ മനുഷ്യാവതാരമാണ്. ക്രിസ്തുവിന്റെ 'ശൂന്യവത്കരണം' നമ്മുടെ 'ദൈവവത്ക്കരണം' സാധിതമാക്കി. "ദൈവത്വം മനുഷ്യത്വം സ്വീകരിച്ചു അതിനാൽ മനുഷ്യന് ദൈവത്വത്തിലേക്ക് വരുന്നതിന് സാധിച്ചു" (Sermon 30). ഇവിടെ ദൈവപുത്രനെ മനുഷ്യപുത്രനായും നാം മനസ്സിലാക്കുന്നു: "അവിടുന്ന് തന്റെ ദൈവത്വത്തെ മനുഷ്യ സ്വഭാവത്തിലേക്ക് താഴ്ത്തി കൊണ്ടുവന്നതുവഴി നമ്മുടെ ശരീരത്തിന്റെ സ്വാഭാവത്തെ ദൈവീകമാക്കി പരിവർത്തനപ്പെടുത്തി. ഭൂമിയിലുള്ള ഭൗതീകതയിൽ പങ്കുചേർന്നു യേശു തനിക്കുണ്ടായിരുന്ന സ്വർഗ്ഗത്തിലുള്ള പൈതൃകത്തിൽ മനുഷ്യരെയും പങ്കുകാരാക്കി" (Sermon 70).

**4. കൗദാശികവും വിശുദ്ധവുമായ സഭ**

ദൈവം തന്റെ കൃപാവരങ്ങൾ ജനത്തിന് നൽകുന്നത് സഭയിലൂടെയാണ്. ദൈവത്തിന്റെ ഏകജാതനായ പുത്രൻ തന്റെ ജീവൻ മാമോദീസ സ്വീകരിക്കുന്ന സഹോദരീ സഹോദരന്മാരിലേക്ക് അനർഗ്ഗളമായി ചൊരിയുന്നു. മണവാളനായ ക്രിസ്തു അവിശ്വസ്തയെങ്കിലും തന്റെ പ്രണയിനിയായ സഭയെ നിത്യമായി ആലിംഗനം ചെയ്തു അനുഗ്രഹങ്ങൾ ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. സഭ ശക്തരുടെയും പരിശുദ്ധരുടെയും ഇടമെന്നതുപോലെ പതറുന്ന പാപികൾക്ക് ദൈവകരം പിടിക്കാനുള്ള അഭയസ്ഥാനം കൂടിയാണ്. മനുഷ്യനായ ദൈവത്തിന് വേദനിക്കുന്നവരോടും മുറിവേറ്റവരോടും പ്രത്യേക കരുണയും വാത്സല്യവും ഉണ്ടായിരുന്നു. അവിടുന്ന് ശരീര സൗഖ്യം മാത്രമല്ല ആത്മീയ സൗഖ്യവും നല്കിയവനാണ്. ഈ ദൗത്യം തുടരുകയാണ് സഭയുടെ ഉത്തരവാദിത്വം. പാവങ്ങൾക്ക് ഭക്ഷണം നൽകുന്നതും രോഗികളെ സുഖപ്പെടുത്തുന്നതും സഭ ക്രിസ്തുവുമായി യോജിച്ചിരിക്കുന്നതിന്റെ ലക്ഷണങ്ങളാണ്. സഭയ്ക്ക് ക്രിസ്തുവിനോട് ബന്ധപ്പെട്ടിരിക്കുമ്പോഴാണ് ദൈവീക ജീവനുള്ളത്. "അതിനാൽ മണവാളനാകുന്ന ക്രിസ്തുവിൽ നിന്ന് മണവാട്ടിയായ സഭക്കോ, ശിരസ്സായ ക്രിസ്തുവിൽനിന്ന് ശരീരഭാഗങ്ങളായ നമുക്കോ, വേർപെട്ടിരിക്കുന്നതിന് സാധിക്കില്ല. ക്രിസ്തുവുമായുള്ള ഐക്യം വഴി നാം പരിശുദ്ധാത്മാവിൽ ഒന്നായി... ദൈവം എല്ലാത്തിലും എല്ലാമാകുന്നു (1 കോരി. 15:28). തത്ഫല മായി, ദൈവത്തിൽ വിശ്വസിക്കുന്നവൻ പരിശുദ്ധ സഭയെ ഏറ്റുപറഞ്ഞു ദൈവത്തിൽ ഒന്നാകുന്നു" (Sermon 57).

**ഉപസംഹാരം**

പ്രസംഗത്തിന്റെ ശൈലി മെച്ചമാക്കാൻ വേണ്ടിയോ, കൈയ്യടി കിട്ടുന്നതിനുവേണ്ടിയോ തന്റെ ആശയങ്ങളിൽ ഒരിക്കലും വെള്ളം ചേർക്കാതെ വചനം ദൈവജനനത്തിന് പകർന്ന് നൽകിയ വിശുദ്ധനാണ് വി. പീറ്റർ ക്രിസൊളോഗസ്. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ വി.കുർബാനയുടെ ഭാഗമായിരുന്നതിനാൽ ക്രിസ്തുവിന്റെ ശരീരവും രക്തവും തന്റെ ജനത്തിന് ഭാഗിച്ചു നൽകുന്ന ഗൗരവത്തോടെയാണ് വചനവും പകർന്നു നൽകിയത്. വി. പീറ്റർ ക്രിസൊളോഗസിന്റെ ആദ്യ ജീവചരിത്രകാരൻ ആബട്ട് ആഞ്ഞല്ലൂസ് വിശുദ്ധനായ ബിഷപ്പ് തന്റെ അന്ത്യകാലത്ത് ദൈവ ജനത്തിന് തന്റെ പിൻഗാമിയായി നല്ല ഒരു അജപാലകനെ നൽകണമെന്ന് നിരന്തരമായി പ്രാർത്ഥിച്ചിരുന്നു എന്ന് എഴുതുന്നു: "കർത്താവെ, എന്റെ ജനത്തിന് അവരെ നാശത്തിലേക്ക് നയിക്കാതെ, ആടുകളെ സഭയാകുന്ന ആലയിൽ ഒരുമിച്ചുകൂട്ടുന്ന ഒരു നല്ല ഇടയനെ നൽകണമേ... അവരെ പ്രഹരിക്കുന്ന ഇടയനെയല്ല, പിന്നെയോ പരിപോഷിപ്പിക്കുന്നവനെ... മുറിവേല്പിക്കുന്നവനെ അല്ല, പിന്നെയോ പ്രതിരോധിക്കുന്നവനെ... നിന്ദിക്കുന്നവനെ അല്ല, പിന്നെയോ തേടുന്നവനെ... കൊള്ളയടിക്കുന്നവനെ അല്ല, പിന്നെയോ അനുഗ്രഹങ്ങൾ ചൊരിയുന്നവനെ... അഹങ്കാരിയെ അല്ല, പിന്നെയോ എളിമയുള്ളവനെ... നിർദ്ദയനെ അല്ല, പിന്നെയോ സൗമ്യതയുള്ളവനെ... നിന്റെ കരവിരുതായ നിന്റെ ജനത്തെ അങ്ങുതന്നെ സംരക്ഷിക്കേണമേ... അവിടുന്ന് എപ്പോഴും വാഴ്ത്തപ്പെട്ടവനാണ്."

**വി. പീറ്റർ ക്രിസൊളോഗസിനോടുള്ള മധ്യസ്ഥ പ്രാർത്ഥന**

വി. പീറ്റർ ക്രിസൊളോഗസ്, അങ്ങ് ക്രിസ്തു സ്വഭാവത്തിന്റെ സംരക്ഷകനും, ശക്തനായ പ്രസംഗകനും, ആത്മാക്കളുടെ അജപാലകനുമായിരുന്നല്ലോ. ക്രിസ്തുവിനെ ആഴത്തിൽ അറിയുന്നതിനും ആ അറിവിൽ അവിടുത്തേയ്ക്കായി എന്നെ പൂർണ്ണമായും സമർപ്പിക്കുന്നതിനും അങ്ങ് എന്നെ സഹായിക്കുക. വി. പീറ്റർ ക്രിസൊളോഗസ്, എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ! ആമ്മേൻ.



www.malankaralibrary.com





# വനമെന്തെന്നറിയണം പ്രകൃതിയെന്തെന്നറിയണം



**ബോബി ഏബ്രഹാം**

രണ്ടുദിവസം മാധ്യമ പ്രവർത്തകരും വനം ഉദ്യോഗസ്ഥരും പരിസ്ഥിതി പ്രവർത്തകരും ഉൾക്കൊള്ളുന്ന ഒരു ക്യാംപിൽ പങ്കെടുക്കുകയായിരുന്നു. ഗവി എന്ന കേരളത്തിന്റെ വനമേഖലയിലായിരുന്നു ക്യാംപ്. ഗവി എന്ന സ്ഥലത്തെത്തുകയല്ല, ആ സ്ഥലത്തേക്കുള്ള യാത്രയാണ് പ്രധാനം. ക്യാംപും യാത്രയും നൽകുന്ന പാഠങ്ങൾ ചെറുതല്ല. വനം എന്നത് വെറും കുറേ മരങ്ങളും പുൽമേടുകളും മാത്രമല്ല. വനം സ്വയമൊരു ആവാസ വ്യവസ്ഥയും മനുഷ്യൻ ഉൾപ്പെടുന്ന എല്ലാ ജീവജാലങ്ങളുടെയും നിലനിൽപിന്റെ അടിസ്ഥാനവുമാണ്. പലതവണ എഴുതിയിട്ടുള്ളതാകാം. എങ്കിലും ഒന്നുകൂടി പറയുന്നത് അധികമാവില്ല. ഗവിയിലേക്കുള്ള യാത്രയിൽ തന്നെ തുടങ്ങാം. ഈ വനമേഖല എത്രയോ കാലമായി ഇവിടെയുണ്ട്. കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ശുദ്ധജല പദ്ധതിയായ ശബരിഗിരി പദ്ധതി ഈ മേഖലയിലാണ് സ്ഥിതിചെയ്യുന്നത്. ശബരിഗിരി പദ്ധതിയുടെ ഭാഗമായി കക്കി, പമ്പ, ആനത്തോട് അണക്കെട്ടുകളും മൂഴിയാർ പവർ ഹൗസും ഇവിടെയാണ്. 1965ലെ കരാർ പ്രകാരം ശ്രീലങ്കൻ തമിഴരെ അധിവസിപ്പിച്ചതും ഗവിയിലാണ്. ഈറ്റക്കാടുകൾ നിറഞ്ഞ ഈ മേഖലയിൽ നിന്ന് ധാരാളമായി ഈറ്റ വെട്ടിയിരുന്നു. ശബരിമലയുമായി ബന്ധപ്പെട്ട പൊന്നമ്പല മേടും ഇവിടെയാണ്. മുമ്പൊക്കെ വൈദ്യുതി, വനം ജീവനക്കാരും ഗവി നിവാസികളും മറ്റു ജോലികൾക്കു വരുന്ന തൊഴിലാളികളും മാത്രമായിരുന്നു ഇവിടേക്കുള്ള സഞ്ചാരികൾ. അപൂർവമായി സഞ്ചാരികളും കടന്നുവരും. റോഡരികിൽ മിക്കവാറും മൃഗങ്ങൾ കാണും. മൂഴിയാർ വരെ വന്നെത്തുന്ന ഒരു കെഎസ്ആർടിസി ബസും കുമളിയിൽ നിന്നു കടന്നുവരുന്ന സ്വകാര്യ ബസ് സർവീസും ആയിരുന്നു ആശ്രയം. അന്ന് ഇങ്ങോട്ട് കടക്കുന്നതിന് പ്രത്യേക നിയന്ത്രണങ്ങളൊന്നുമുണ്ടായിരുന്നില്ല. എന്നാൽ ഓർഡിനറി എന്നൊരു സിനിമ ഇറങ്ങിയതോടെ ചിത്രം മാറി. സിനിമയിൽ ചിത്രീകരിച്ച പ്രദേശങ്ങളെല്ലാം ഗവിയിലാണെന്നു വിചാരിച്ചും ഇവിടം വലിയൊരു ടൂറിസ്റ്റ് കേന്ദ്രമാണെന്നു കരുതിയും ജനപ്രവാഹമായി. അതോടെ വനം വകുപ്പ് നിയന്ത്രണങ്ങളേർപ്പെടുത്തുകയും ഇവിടം ഇക്കോ ടൂറിസം മേഖലയായി പ്രഖ്യാപിക്കുകയും ചെയ്തു. ഇപ്പോൾ മുപ്പതോളം വാഹനങ്ങൾക്കാണ് പ്രവേശനം. ഇതിനു പുറമേ മൂന്നു കെഎസ്ആർടിസി സർവീസുകളിലും സഞ്ചാരികൾ എത്തുന്നു. കെഎസ്ആർടിസി ഗവി പാക്കേജ് എന്ന പേരിൽ വെറെയും സർവീസ് നടത്തുന്നു. വള്ളക്കടവിൽ നിന്നും വാഹനങ്ങൾ കടന്നുവരുന്നു. എന്നാൽ അവർക്ക് ഗവി വരെ മാത്രമാണ് പ്രവേശനം. ഗവി മുതൽ മൂഴിയാർ വരെയുള്ള ഭാഗത്തേക്ക് അവിടെനിന്നുള്ള വാഹനങ്ങൾ കടത്തിവിടില്ല.

പലതവണ ഈ മേഖലയിലേക്ക് യാത്ര നടത്തിയിട്ടുണ്ട്. ചെക്ക് പോസ്റ്റിൽ കർശന പരിശോധനയുണ്ട്. പ്ലാസ്റ്റിക് കവറോ കുപ്പിയോ വലിച്ചെറിയരുത് എന്ന നിർദേശം നൽകും. പക്ഷേ, എന്താണ് സംഭവിക്കുന്നത്. യാത്രയിലുടനീളം കാണാനാവുക റോഡരികിൽ വലിച്ചെറിയുന്ന പ്ലാസ്റ്റിക് കവറുകളും കുപ്പികളും മിഠായി, ബിസ്ക്കറ്റ് കവറുകളും ഒക്കെയാണ്.

www.malankaralibrary.com

ഞങ്ങൾക്കൊപ്പമുണ്ടായിരുന്ന വനം ജീവനക്കാർ വലിയ ചാക്കുകളും കൂടെ കരുതിയിരുന്നു. റോഡരികിലും സഞ്ചാരികൾ വാഹനം നിർത്തി കാഴ്ച കാണുന്നിടത്തുമെല്ലാം ഇറങ്ങി അവർ ഈ മാലിന്യം ശേഖരിച്ച് ചാക്കിലേക്കു മാറ്റി. ആരെയും കാണിക്കാനായിരുന്നില്ല, മറിച്ച് അർപ്പണ ബോധത്തോടെയുള്ള പ്രവർത്തനം. അഭിനന്ദിച്ചേ മതിയാകൂ. പക്ഷേ, ആ പ്രവൃത്തി കണ്ടപ്പോൾ എനിക്ക് വേദനയാണ് തോന്നിയത്. എന്തുകൊണ്ടാണ് നമ്മുടെ മനുഷ്യർ ഇങ്ങനെയാകുന്നത്. ഒരു വനമേഖലയ്ക്കുള്ളിൽ പോലും മാലിന്യം വലിച്ചെറിയുന്നവരായി എന്തുകൊണ്ട് നമ്മൾ മാറുന്നു. മാലിന്യം ഒരു സഞ്ചിയിലാക്കി വാഹനത്തിൽ തന്നെ സൂക്ഷിച്ച് പുറത്തെവിടെയെങ്കിലും മാലിന്യപ്പെട്ടിയിൽ നിക്ഷേപിക്കാമല്ലോ. വ്യക്തമായ നിർദേശം കൊടുത്തിട്ടും അതിനുപോലും തയാറാകാതെ വലിച്ചെറിയുന്നവരായി നമ്മൾ മാറുന്നു. അങ്ങനെ മാലിന്യം വലിച്ചെറിയുന്നവരിൽ യുവാക്കളും മുതിർന്നവരും ഉണ്ട്. സ്ത്രീകളും പുരുഷന്മാരുമുണ്ട്.



മുമ്പൊക്കെ ഈ യാത്രയിൽ പ്രധാനപ്പെട്ട ഒരു കാഴ്ചയുണ്ടായിരുന്നു. അണക്കെട്ടുകളിൽ നിന്ന് വൈദ്യുതോൽപാദനത്തിനായി വെള്ളംകൊണ്ടുപോകുന്ന പെൻ സ്റ്റോക്ക് പൈപ്പുകളുടെ ദൃശ്യം. അതിന്റെ ഏറ്റവും മനോഹരമായ ദൃശ്യം കിട്ടുമായിരുന്ന സ്ഥലം ഇപ്പോൾ വേലികെട്ടി അടച്ചിരിക്കുന്നു. അവിടെ കടന്നുചെല്ലുന്നവർ വൻതോതിൽ മാലിന്യം തള്ളാനും മദ്യക്കുപ്പികൾ തല്ലിപ്പൊട്ടിച്ചിടാനും ഉള്ള സ്ഥലമായി കണ്ടതിന്റെ ബാക്കിപത്രമായിരുന്നു അത്. പെൻസ്റ്റോക്ക് പൈപ്പിലെ അറ്റകുറ്റപ്പണിക്ക് ജീവനക്കാർക്ക് കടന്നുപോകാൻ പോലും പറ്റാത്ത അവസ്ഥ വന്നാൽ മറ്റെന്തു ചെയ്യാൻ കഴിയും. ഈ കുപ്പിച്ചില്ലുകൾ മൃഗങ്ങൾക്ക് ശല്യമാണ്. പ്ലാസ്റ്റിക് മാലിന്യം തിന്നുന്ന മൃഗങ്ങളും ചത്തുപോകും. ഇതൊക്കെ അറിയാൻ വയ്യാഞ്ഞിട്ടാണോ സഞ്ചാരികൾ എന്നു പറയുന്നവർ ഈ പ്രവൃത്തി ചെയ്യുന്നത്? അങ്ങനെയങ്കിൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ അടിസ്ഥാനപരമായി ചില കുഴപ്പങ്ങളുണ്ട്. വേണ്ടതൊന്നും പഠിപ്പിക്കാത്ത വിദ്യാഭ്യാസം. നമ്മൾ കുട്ടികളെ കണക്കും ശാസ്ത്രവും ഭാഷയും എല്ലാം പഠിപ്പിക്കും. പക്ഷേ എങ്ങനെ നല്ല പൗരനാകണമെന്നും ജീവിക്കാൻ വേണ്ട അടിസ്ഥാന കാര്യങ്ങളും പഠിപ്പിക്കില്ല. ഐക്യരാഷ്ട്ര സംഘടനയിൽ ജോലി ചെയ്തിരുന്ന ലോകം മുഴുവൻ സഞ്ചരിച്ച ജോൺ സാമുവൽ എന്ന ജെ.എസ്. അടൂർ അടുത്ത കാലത്ത് എഴുതിയത് ഓർത്തുപോകുന്നു. ഔദ്യോഗികാവശ്യത്തിനായി നോർവേയിലെത്തിയതാണ് അദ്ദേഹം. അവിടെ അദ്ദേഹം താമസിക്കുന്ന ഗെസ്റ്റ് ഹൗസിൽ ടോയ്‌ലറ്റ് പൈപ്പിൽ എന്തോ കുഴപ്പം. ഇവിടുത്തെപ്പോലെ അവിടെ ഗെസ്റ്റ് ഹൗസ് ജീവനക്കാരൊന്നുമില്ല. അവിടെ അദ്ദേഹത്തിന്റെ സുഹൃത്തിനെ വിളിച്ചു കാര്യം പറഞ്ഞു. രാത്രിയാണ്. അപ്പോൾ തന്നെ അദ്ദേഹം വന്നു. ഒരു ടൂൾ കിറ്റ് കൈയിലുണ്ട്. സംഗതി അദ്ദേഹം ശരിയാക്കി. പ്ലമിങ് ജോലി പഠിച്ചിട്ടുണ്ടോ എന്ന് ജെ എസിന്റെ ചോദ്യത്തിന് ഇതൊക്കെ ഞങ്ങളെ സ്കൂളിൽ പഠിപ്പിക്കുന്നുണ്ട് എന്നായിരുന്നു മറുപടി. അതിനു പകരം ഒരു ട്യൂബ് ലൈറ്റ് മാറ്റിയിടാൻ പോലും അറിവില്ലാത്തവരായാണ് നമ്മുടെ കുഞ്ഞുങ്ങൾ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞിറങ്ങുന്നത്. അവർ എന്തു പൗരബോധം പഠിക്കാൻ!

വിഷയത്തിൽ നിന്നു വിട്ടുപോവുകയല്ല. ക്യാംപിലെ ചർച്ചകളിലേക്കുതന്നെ മടങ്ങിവരാം. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം വർധിക്കുന്നു എന്നാണല്ലോ പൊതു കാഴ്ചപ്പാട്. ഇത് എന്തുകൊണ്ടു സംഭവിക്കുന്നു? ചർച്ചകളിൽ പല അഭിപ്രായങ്ങളും ഉയർന്നുവന്നു.

1. വനത്തിനുള്ളിലേക്ക് മനുഷ്യന്റെ ഇടപെടൽ വർധിക്കുന്നത് മൃഗങ്ങൾ കാടിറങ്ങാൻ കാരണമാകുന്നുണ്ടാവാം.

2. വനമേഖലയോടു ചേർന്നും അല്ലാതെയും ധാരാളം കൃഷിയിടങ്ങളും തോട്ടങ്ങളും തരിശു കിടക്കുകയാണ് ഇപ്പോൾ. മിക്കവരും വിദേശത്താവും. അല്ലെങ്കിൽ ഈ പ്രദേശം വിട്ടുപോയിട്ടുണ്ടാവും. ഈ ഭൂമി വെറുതേകിടന്ന് കാടു കയറുകയാണ്. വനാതിർത്തിയിൽ നിന്ന് മൃഗങ്ങൾ പുറത്തേക്കു വരുകയും തുടർന്ന് ഈ കൃഷിയിടങ്ങളിലേക്ക് കടക്കുകയും ചെയ്യുന്നു. കാട്ടുപന്നികളൊക്കെ കാടുപിടിച്ച ഈ കൃഷിയിടങ്ങൾ താവളമാക്കുകയും പെറ്റുപെരുകുകയും ശല്യമായി മാറുകയും ചെയ്യുന്നു.

3. പഴയ ആനത്താരകളിൽ പലയിടത്തും റിസോർട്ടുകളും മറ്റും വന്നുകഴിഞ്ഞു. ആനയ്ക്ക് അതു മനസ്സിലാകണമെന്നില്ല. അവർ അവരുടെ വഴികളിലൂടെ നിർബാധം പോകും. അപ്പോൾ ആനകളെ ഉപദ്രവിക്കും. അത് വലിയ കുഴപ്പത്തിനു കാരണമാവുകയും ചെയ്യും.

4. മുമ്പൊക്കെ മനുഷ്യരും വന്യമൃഗങ്ങളും തമ്മിൽ സമാധാനപരമായൊരു സഹവർത്തിത്വം നിലനിന്നിരുന്നു. അവർ ആനയെ ഉപദ്രവിക്കാനും പ്രകോപിപ്പിക്കാനും പോയിരുന്നില്ല. അതിനുദാഹരണമായി അരിപ്പ എന്ന സ്ഥലത്തെ അനുഭവം പങ്കുവച്ചു. കുളത്തൂപ്പുഴയ്ക്കടുത്തുള്ള തീരെ ചെറിയൊരു വനമേഖലയാണ് അരിപ്പ. അവിടെ ആനയുടെ നിരന്തര സാന്നിധ്യമുണ്ട്. വനത്തിനുള്ളിൽ ആദിവാസികളുടെ താമസ സ്ഥലവുമുണ്ട്. അവിടെ സോളർ വേലിയുണ്ട്. ആന കൃഷിയിടങ്ങളുടെ പരിസരത്തുകൂടിയൊക്കെ കടന്നുപോവുകയും അവിടെ നിന്നു മേയുകയും ചെയ്യുമെങ്കിലും ആരെയും ഉപദ്രവിച്ചതായി അറിവില്ല.

www.malankaralibrary.com



ആനയെ കണ്ടാലുടൻ ഉപദ്രവിക്കുകയും ബഹളം വയ്ക്കുകയും ചെയ്യുന്ന രീതിയും അവർക്കില്ല.

5. അരിക്കൊമ്പൻ തുടങ്ങി അടുത്ത കാലത്ത് കേരളം ആഘോഷിച്ച പല വിഷയങ്ങളിലും കാര്യങ്ങൾ ഊതിപ്പെരുപ്പിക്കുകയായിരുന്നുവെന്നാണ് മൃഗലോകത്തെപ്പറ്റി ഏറെ അറിവുള്ള ഡോ. അരുൺ സഖറിയ പറഞ്ഞത്. ചത്തുപോയ കാട്ടാനകളിൽ പോസ്റ്റ് മോർട്ടം നടത്തിയപ്പോൾ മനുഷ്യരിൽ കാണുന്നതരം ക്ഷയരോഗാണുക്കൾ കണ്ടെത്തിയെന്ന് അദ്ദേഹം പറയുന്നു. കുറേയേറെ ആനകൾ ചത്തുപോയത് പ്ലാസ്റ്റിക് മാലിന്യം ഉള്ളിൽ ചെന്നതാണ്. രണ്ടു വിഷയവും മനുഷ്യരുടെ ഇടപെടലിൽ നിന്നുണ്ടാകുന്നതാണ്. ആനയെ മയക്കുവെടി വയ്ക്കാൻ ഉപയോഗിക്കുന്ന മരുന്നിന്റെ അളവിനെപ്പറ്റിപ്പോലും പൊതുസമൂഹം അഭിപ്രായം പറയുന്ന പരിഹാസ്യമായ അവസ്ഥയാണ് നിലവിലുള്ളത്.

6. പരിസ്ഥിതി സംരക്ഷണവിഷയത്തിൽ പൊതുസമൂഹം കൂടി ഉൾപ്പെടുന്ന സമഗ്ര ചർച്ചയും അതിൽ നിന്നുണ്ടാകുന്ന കണ്ടെത്തലുകളും ആവശ്യമാണ്. വനമേഖലയിൽ താമസമാക്കിയവരെകുടിയിറക്കുകയോ അവരെ ശത്രുക്കളായി കാണുകയോ ചെയ്യുന്ന സമീപനം ആവശ്യമില്ല. അവരെക്കൂടി പങ്കാളികളാക്കി വേണം പരിസ്ഥിതി സംരക്ഷണം നടപ്പാക്കാൻ. നിർഭാഗ്യവശാൽ വനസംരക്ഷണവുമായി ബന്ധപ്പെട്ട് ഏതു നിയമമോ റിപ്പോർട്ടോ വന്നാൽ അതേപ്പറ്റി സമഗ്രമായി ചർച്ച ചെയ്യാൻ ആരും തയ്യാറാകുന്നില്ല. അന്ധൻ ആനയെ കണ്ടപോലെയാണ് വിശകലനം. ഇത് അപകടകരമാണ്.

7. പുല്ല് തിന്നുന്ന മ്ലാവും ആനയും മുതൽ മ്ലാവിനെ തിന്നുന്ന കടുവ വരെ ഉൾപ്പെടുന്നതാണ് വനം. ഇതിലേതെങ്കിലും ഇല്ലാതായാൽ വനം തന്നെ ഇല്ലാതാവും. വനം ഇല്ലാതായാൽ വെള്ളത്തിന്റെ ഉറവിടങ്ങളും ഇല്ലാതാകും. ഈ തിരിച്ചറിവ് മനുഷ്യനുണ്ടാകണം. വനം എന്നാൽ മരങ്ങൾ മാത്രമാണെന്നതെറ്റിദ്ധാരണയും അകലണം. പുൽമേടുകൾ വനത്തിന്റെ പ്രധാന ഭാഗമാണ്. പുൽമേടുകൾ ആവശ്യത്തിനുണ്ടെങ്കിൽ മൃഗങ്ങൾ കാടിറങ്ങില്ല. മാത്രമല്ല, പുൽമേടുകൾക്ക് വെള്ളത്തെ പിടിച്ചുനിർത്താനും പിന്നീട് വിട്ടുകൊടുക്കാനും കഴിവുണ്ട്. വനത്തിനുള്ളിൽ നിന്നുദ്ഭവിക്കുന്ന നൂറുകണക്കിന് ചെറു പ്രവാഹങ്ങളാണ് പിന്നീട് നദികളായി മാറുന്നത്.

മുകളിൽ പറഞ്ഞ കാര്യങ്ങളൊന്നും നമ്മുടെ വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്നില്ല. അതാണ് നിർഭാഗ്യകരം. അതുണ്ടായിരുന്നെങ്കിൽ ജലപ്രവാഹങ്ങളിലേക്ക് മാലിന്യം ചാക്കിൽകെട്ടി തള്ളുന്നവരായി നമ്മൾ മാറുമായിരുന്നോ! മുകളിൽ പറഞ്ഞ പല കാര്യങ്ങളും ഇപ്പോഴും നമുക്ക് ഉൾക്കൊള്ളാനാവുന്നുമില്ല.

വീണ്ടും ചർച്ച ഗവിക്കാടുകളിലേക്കു തിരിഞ്ഞു. ഇത്തരം മനോഹരമായ ഭൂഭാഗങ്ങൾ കാണാനുള്ള അവസരം ജനങ്ങൾക്കു നിഷേധിക്കേണ്ടതുണ്ടോ? അതിന്റെ ആവശ്യമില്ല. പക്ഷേ നിയന്ത്രണങ്ങൾ ആവശ്യമാണ്. പരിശീലനം കിട്ടിയ ആളുകൾക്കൊപ്പം വേണം വനത്തിൽ പ്രവേശിക്കാൻ. പക്ഷേ, കെ.എസ്.ആർ.ടി.സി.ക്കോ അവിടേക്കെത്തുന്ന മറ്റു വാഹനങ്ങൾക്കോ അത്തരം ആൾക്കാരുടെ സേവനം ലഭ്യമല്ല. അതുകൊണ്ടുതന്നെ അവർക്ക് സഞ്ചാരികൾക്കാവശ്യമായ നിർദേശം കിട്ടുന്നുമില്ല. അതുകൊണ്ടു തന്നെ കെഎസ്ആർടിസി ഡ്രൈവർമാർക്കുൾപ്പെടെ പരിശീലനം നൽകുകയും പരിശീലനം കിട്ടിയവരെ മാത്രം ഈ ജോലിക്കായി നിയോഗിക്കുകയും വേണം.

വനത്തിനുള്ളിൽ നിരന്തരം സഞ്ചരിക്കുന്ന വാഹനങ്ങൾ അടിമുടി ഹരിതമാകണം. ഡീസൽ വാഹനങ്ങൾക്കു പകരം വൈദ്യുത വാഹനങ്ങൾ ഏർപ്പെടുത്താം. സ്വകാര്യ വാഹനങ്ങളിൽ വരുന്ന സഞ്ചാരികളെയും വൈദ്യുത വാഹനത്തിൽ കൊണ്ടുപോയാൽ കാടിനുള്ളിൽ ആവശ്യമില്ലാത്ത ബഹളം ഒഴിവാക്കാം. ഇതൊക്കെ സർക്കാർ തീരുമാനമെടുക്കേണ്ട കാര്യങ്ങളാണ്. ഇത്തരം ചില ചെറിയ തീരുമാനങ്ങൾക്ക് സമൂഹത്തിലുണ്ടാക്കാൻ കഴിയുന്ന സ്വാധീനം വളരെ വലുതാണ്.

പരിസ്ഥിതി മേഖലയിൽ മാത്രമല്ല, എല്ലാ കാര്യങ്ങളിലും ചർച്ചകൾ ഉയർന്നുവരട്ടെ. അപ്പോൾ മാത്രമേ പുതിയ കാലത്തിനനുയോജ്യമായി നമ്മുടെ സമൂഹത്തെ മാറ്റിയെടുക്കാനാവൂ

**മേമ്പൊടി**

യുദ്ധത്തിനെതിരായ വലിയ ചർച്ചകളാണ് കേരളത്തിലെങ്കിലും നടക്കുന്നത്. ഇസ്രയേൽ - പലസ്തീൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിലാണ് ഈ ചർച്ചകൾ. എന്നാൽ എന്തുകൊണ്ടാണ് ആരും യുക്രെയ്നെതിരെ റഷ്യ നടത്തുന്ന യുദ്ധത്തെക്കുറിച്ച് മിണ്ടുന്നില്ല. അവിടെയും ലക്ഷക്കണക്കിനാളുകളാണ് അഭയാർഥികളാക്കപ്പെടുന്നത്. അവരുടെ വിഷയത്തിൽ ആർക്കും താൽപര്യമില്ല. അസർബൈജാനിൽ ഒരു വിഭാഗം ജനങ്ങൾ ആട്ടിയോടിക്കപ്പെടുന്നു. ആരുടെയും മന:സാക്ഷി ഉണരുന്നില്ല. ഇറാഖിൽ യെസീദികളെ കൊല്ലാക്കൊല ചെയ്യുകയായിരുന്നു. പക്ഷേ, ആരുടെയും മന:സാക്ഷി ഉണർന്നില്ല.

റഷ്യ യുക്രെയ്നിനെ ആക്രമിച്ചപ്പോൾ ആക്രമണകാരിയുടെ പക്ഷത്തുനിന്ന ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനത്തിന് പശ്ചിമേഷ്യൻ സംഘർഷത്തിൽ മറിച്ചാണ് നിലപാട്. അതായത് മതവും വോട്ടും എല്ലാം കൂടിക്കുഴഞ്ഞതാണ് നിലപാടുകൾ. അതുകൊണ്ടു തന്നെ ഈ നിലപാടുകളൊക്കെ യുദ്ധത്തിനെതിരായ വലിയ നിലപാടുകളുടെ ഭാഗമാണെന്നു കരുതരുത്.

www.malankaralibrary.com





റവ. ഡോ. തോമസ് പ്രമോദ് ഒ.ഐ.സി.



# ശ്റോഗോ ദ് ഉറ്ഹോ–(വഴിവിളക്ക്)

സഭയുടെ അസ്തിത്വത്തിന്റെ ആവിഷ്ക്കാരമാണ് ആരാധന. അത് അവളുടെ ജീവിതത്തെ ഉത്തേജിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. സ്വർഗ്ഗീയരുമായും ഭൗമികരുമായും പാരസ്പര്യത്തിലാകുവാൻ ആരാധന ഉപകരിക്കുന്നു. ദൈവകൃപയിലുള്ള സംസർഗ്ഗത്തിനും ശുദ്ധീകരണത്തിനും അത് സഹായിക്കുന്നു. സഭ നിലക്കൊള്ളുന്ന ദൈവരാജ്യത്തിന്റെ രഹസ്യം ആരാധനയിലൂടെ ആവിഷ്ക്കരിക്കുകയാണ്. അതിലൂടെ ക്രിസ്തുവും ക്രിസ്തുസംഭവങ്ങളും ഭക്തർക്ക് സമകാലികമാകുന്നു. മനുഷ്യജീവിതത്തിലെ സജീവ പ്രതീക്കങ്ങളിലൂടെ ദൈവീകരഹസ്യം ആഘോഷിക്കപ്പെടുകയാണ്. അപ്രകാരം അവ പരിശുദ്ധാത്മ കൃപയുടെ സചേതന 'വാഹനങ്ങളുമാകുന്നു'. പവിത്രീകരണം, പ്രകാശീകരണം, ദൈവീകരണം എന്നീ പ്രക്രീയകളിലൂടെ ആരാധകർ കടന്നു പോവുകയും സൃഷ്ടിയുടെ രഹസ്യ സ്വഭാവം ആർജ്ജിച്ചെടുക്കുകയും ചെയ്യുന്നു. ആരാധനയിലൂടെ ഭക്തർ രക്ഷാകര വിശ്വാസത്തെ ആഘോഷിക്കുകയും അതിൽ പങ്കെടുക്കുകയും ചെയ്യുന്നു. സഭയോടൊപ്പമുള്ള ആരാധനയുടെ അനുഷ്ഠാനം വിശ്വാസ സത്യങ്ങളുടെ സംരക്ഷണമാണ് ഉറപ്പാക്കുന്നത്. ആരാധന, സഭയുടെ 'സംഗീതമായിരിക്കുന്നതിനാൽ' അതിലൂടെ അവളുടെ സ്വരവും സ്വഭാവും ആഴവും നാം ദർശിക്കുന്നു. അവളുടെ മനസ്സും പ്രകൃതിയും സഭാത്മകജീവിതവും അതിലൂടെ വെളിപ്പെടുത്തുന്നു. ആരാധനയിലൂടെ മുദ്രവെയ്ക്കപ്പെട്ട സമൂഹമാണ് സഭ. ആരാധനയുടെ ചില പൊതു സ്വഭാവങ്ങൾ താഴെ കൊടുക്കുന്നു:

**i. ത്രീയേക ദൈവത്തെ കണ്ടുമുട്ടുന്ന ഇടം**

ആരാധനയുടെ അടിസ്ഥാനപരമായ രണ്ട് ഘടകങ്ങളാണ് ഓർമ്മയും, റൂഹാ ആവസിപ്പും (Anamnesis and Epiclesis). പ്രസ്തുത മാനങ്ങൾ ആരാധനയുടെ ത്രിത്വേക ദൈവീകഭാവം അവതരിപ്പിക്കുന്നു. രക്ഷാകരചരിത്രത്തിന്റെ ദൈവികമായ ഇടപെടലുകൾ ഇവിടെ ആവിഷ്കരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു. ചരിത്രസംഭവങ്ങൾ വർത്തമാനകാലത്തിൽ ഭക്തർക്ക് സമകാലീകമാക്കിതീർക്കുക എന്നതാണ് ആരാധനയുടെ നിർവചനം തന്നെ വ്യക്തമാക്കുന്നത്. അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും വെളിപ്പെടുത്തപ്പെടുന്നത് ആരാധനയിലെ ത്രിയേക ദൈവത്തിന്റെ സാന്നിദ്ധ്യമാണ്. ഓർമ്മ എന്ന സമ്പുഷ്ടമായ പദം ആരാധനയിൽ അനുസ്മരണമെന്നതിനപ്പുറം ഒരു പങ്കെടുക്കലാണ്; ഓർമ്മിക്കപ്പെടുന്നതിനോടുള്ള സജീവമായ ഉൾചേരലാണ്. പരിശുദ്ധാത്മാവിന്റെ ആവസിപ്പ് ഓർമ്മയുടെ പരിപൂർണ്ണതയുമാണ്. പെസഹാരഹസ്യങ്ങളും പെന്തക്കോസ്തു സംഭവവും പരസ്പരം സംയോജിതമായിരിക്കുന്നു.പെസഹാരഹസ്യം, പെന്തക്കോസ്തു സംഭവത്തിലേക്കുള്ള പ്രയാണംപോലെ, ഓർമ്മയാചരണം റൂഹാ ആവസിപ്പിലേക്കും വഴികാട്ടുന്നു. ആരാധനയിൽ പരിശുദ്ധ ത്രിത്വം, സജീവമായി നിലകൊള്ളുന്ന സാന്നിദ്ധ്യമായി കടന്നു വരുന്നു. സഭ, പങ്കെടുക്കുന്നതും ആഘോഷിക്കുന്നതും രക്ഷാകര ചരിത്രത്തിലെ പരിശുദ്ധ ത്രിത്വത്തിന്റെ പ്രവർത്തനങ്ങളിലാണ്. ആരാധന, അപ്രകാരം ത്രിയേക ദൈവത്തെ കണ്ടുമുട്ടുന്ന ഇടമായും ആരാധനതന്നെ പരിശുദ്ധ ത്രിത്വത്തിന്റെ പ്രവർത്തനമായും മാറുന്നു.

**ii. തിരുവചനത്തിന്റെ വായനയും ആഘോഷവും**

ആരാധനയുടെ ഉള്ളടക്കത്തിലും ആഘോഷത്തിലും അനിവാര്യമായതും പരിപോഷിക്കുന്നതുമായ ഘടകമാണ് ബൈബിൾ. അക്കാരണത്താലാണ് ഇപ്രകാരം പറയപ്പെ

www.malankaralibrary.com

ടുന്നത്: ആരാധന എന്നാൽ വചനം പ്രഖ്യാപിക്കുന്നതും പ്രാർത്ഥിക്കുന്നതും പ്രാവർത്തികമാക്കുന്നതുമാണ്. ആരാധനാ വചനത്തിന്റെ ആഘോഷമാണ്. രണ്ടും തമ്മിലുള്ള ബന്ധം സ്വാഭാവികവും പരസ്പരമുള്ള പൂർത്തീകരണവുമാണ്. പരിപൂരകവുമായ ബന്ധത്തിൽ ഒന്ന് മറ്റൊന്നിനെ ഉൾക്കൊള്ളുന്നു. ആരാധനയിൽ ദൈവ വചനം ഭക്തർക്ക് സമകാലികമായ അനുഭവമാകുന്നു. ആരാധനയുടെ ആരംഭഘട്ടവും ആദ്യഘടനയുമാണ് തിരുവചനം. രണ്ടിലും രക്ഷാകരചരിത്രവും അതിന്റെ ആവിഷ്ക്കരണവുമാണ് ഇതിവൃത്തമാകുന്നത്. ദൈവ വചനത്തിലൂടെ ക്രിസ്തുതന്നെയാണ് സംസാരിക്കുന്നതും സന്നിഹിതനായിരിക്കുന്നതും. തിരുവചനത്തിൽ ആലേഖനം ചെയ്യപ്പെട്ട വചനവും പ്രവർത്തിയും ആരാധനയിൽ ആഘോഷിക്കപ്പെടുകയാണ്. ആരാധനയിലെ പ്രസ്തുത അനുഷ്ഠാനം എഴുതപ്പെട്ട വാക്കുകളുടെ ജീവിതാനുഭവത്തിലേയ്ക്ക് നയിക്കുന്നു. അക്കാരണത്താൽ ആരാധനയിൽ ഭക്തർ ദൈവവചനത്തിന്റെ ജീവിക്കുന്ന സാക്ഷികളാകുവാനും സജീവമായ സുവിശേഷ ചൈതന്യമായി വർത്തമാനത്തിൽ ജീവിക്കുവാനും സാധിക്കുന്നു.

**iii. സഭയുടെ പ്രവൃത്തി**

ആരാധന, സഭയുടെ നടപടിക്രമമാണ്. വെളിപ്പെടുത്തുന്ന ദൈവത്തോടുള്ള അവളുടെ പ്രതികരണവും പ്രത്യുത്തരവുമാണിത്. സഭയുടെ ജീവന്റെയും ജീവിതത്തിന്റെയും ദൃശ്യമായ ആഘോഷമാണിത്. പ്രതീകങ്ങളിലൂടെയും അടയാളങ്ങളിലൂടെയും ക്രിസ്തുവിന്റെ രക്ഷാകര സംഭവങ്ങളോട് സഭ പ്രതിഭാഷണം നടത്തുന്നു. ചരിത്ര സംഭവങ്ങളെ സഭ 'ഇന്ന്-ഇപ്പോൾ' അനുഭവത്തിലെത്തിക്കുന്നു. രക്ഷാകര സംഭവങ്ങളിൽ പങ്കാളിത്വം നല്കാൻ അവ പുനരാവിഷ്കരിക്കപ്പെടുകയാണ്. സാരാംശത്തിൽ സഭയാണ് ആരാധനയ്ക്ക് ജന്മം നല്കുന്നത്; ആരാധന, സഭാ കൂട്ടായ്മയ്ക്കും രൂപഭാവം നല്കുന്നു. ആരാധനയിലും സഭയിലും ഒരേപ്പോലെ അന്തർലീനമായിരിക്കുന്നത് ദൈവജനക്കൂട്ടായ്മയാണ്. പ്രസ്തുത കൂട്ടായ്മയിലാണ് വിശുദ്ധരോടും ജീവിക്കുന്നവരോടും മരിച്ചവരോടും സംസർഗ്ഗം പുലർത്തുവാൻ കഴിയുന്നത്. സ്വർഗ്ഗീയ സഭയും, ഭൗമീക സഭയും പ്രസ്തുത കൂട്ടായ്മയിൽ കണ്ടുമുട്ടുകയാണ്. സഭ, ആരാധനയിലാണ് ജീവിക്കുന്നതും അവളെതന്നെ വെളിപ്പെടുത്തുന്നതും. സഭയുടെ അസ്തിത്വത്തിന് അനിവാര്യമായ ശക്തിയും കൃപയും പ്രാപിക്കുന്നത് ആരാധനയിൽ കൂടെയാണ്. അപ്രകാരം അതിലൂടെ സഭാ ശരീരം രൂപപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു. സഭയുടെ രഹസ്യാത്മക സ്വഭാവം ആഘോഷിക്കപ്പെടുന്നതും ആരാധനയിലാണ്. അവൾ ആയിരിക്കുന്നതും ആകേണ്ടിയിരിക്കുന്നതുമായ അവസ്ഥ ഉൾക്കൊള്ളുന്നത് ആരാധനയിലാണ്.

**iv. പ്രതീകങ്ങളിലൂടെയുള്ള ആഘോഷം**

ആരാധനയുടെ അനുഷ്ഠാനത്തിന് അവതരണമായിരിക്കുന്നത് 'ആഘോഷം' എന്ന വാക്കാണ്. ആരാധനാ ക്രമത്തിൽ പ്രസ്തുത വാക്കിന് അനന്യമായ അർത്ഥമാണ് കല്പ്പിച്ചിരിക്കുന്നത്. മൂന്ന് ഘടകങ്ങളാണ് ആഘോഷം എന്ന പദം ഉൾക്കൊള്ളുന്നത്: ഒരു അടിസ്ഥാന സംഭവം, ഒരു കൂട്ടായ്മ, ആഘോഷം. ആരാധന ക്രമത്തിൽ പെസഹാരഹസ്യങ്ങളും അതിന്റെ പൂർണ്ണതയായ ഉത്ഥാനവും അടിസ്ഥാന സംഭവമായി നിലകൊള്ളുന്നു. അതിനെ ഒരു കൂട്ടായ്മ സ്വീകരിച്ചുകൊണ്ട് ആഘോഷമാക്കുന്നു. പ്രതീകങ്ങളിലൂടെയാണ് ഈ ആഘോഷം സാധ്യമാക്കുന്നത്. 'സിമ്പൽ'(symbol) എന്ന ആംഗലേയ പദം 'സിമ്പോലോൺ' എന്ന യവനപദത്തിൽ നിന്നും ഉത്ഭവിച്ചിരിക്കുന്നു; അർത്ഥമാകട്ടെ, 'പരസ്പര അംഗീകാരം', 'ഒന്നിച്ചെറിയൽ' എന്നിങ്ങനെയാണ്. ആരാധനാ, രഹസ്യങ്ങളുടെ പരികർമ്മത്തിന് സാക്ഷിയാകുന്നതിനാൽ അടയാളങ്ങൾ അനിവാര്യമാണ്. പൗരസ്ത്യ സഭയുപയോഗിക്കുന്ന 'റാസാ' അഥവാ 'റോസോ' എന്ന പദം തന്നെ അടയാളങ്ങളുടെ ആഴമേറിയ അർത്ഥം പ്രദാനം ചെയ്യുന്നു. ദൈവീക രഹസ്യങ്ങളെ, ഭൗതീക വസ്തുക്കൾ കൊണ്ട് ആഘോഷിക്കപ്പെടുമ്പോൾ കൗദാശികഭാവങ്ങൾ ഉൾക്കൊണ്ട് കൊണ്ട് അവയെ വർത്തമാന കാലത്തിൽ അനുഭവവേദ്യമാക്കുന്നു.

**ദൈവ മഹത്വീകരണവും മനുഷ്യന്റെ വിശുദ്ധീകരണവും**

രഹസ്യങ്ങളുടെ ആഘോഷങ്ങളിൽ സംഭവ്യമാകുന്ന രണ്ട് പ്രക്രിയകളാണ് ദൈവ മഹത്വീകരണവും മനുഷ്യന്റെ വിശുദ്ധീകരണവും. 'അനബാറ്റിക്' അഥവാ ഉന്നതങ്ങളിലേക്കുള്ള പ്രയാണവും 'കറ്റബാറ്റിക്' അഥവാ താഴേക്കുള്ള പ്രയാണവും ആരാധനയുടെ മുന്നേറ്റത്തിൽ സംഭവ്യമാകുന്നു. ഇവിടെ നടക്കുന്ന ആരോഹണ-അവരോഹണ ക്രമങ്ങളിൽ ദൈവ മനുഷ്യ സംഗമം സംഭവ്യമാകുന്നു. ദൈവം ഭൂമിയിലേക്കിറങ്ങി മനുഷ്യനെ ഉന്നതങ്ങളിലേക്കുയർത്തുന്ന നടപടിയാണ് ആരാധനയിൽ പ്രത്യേകമായി സംഭവിക്കുന്നത്. ക്രിസ്തുവിന്റെ മനുഷ്യാവതാര ലക്ഷ്യംതന്നെ മാനവന് സ്വർഗ്ഗോന്നതി പ്രദാനം ചെയ്യുക എന്നതായിരുന്നു. ആരാധനയിൽ ആഘോഷിക്കപ്പെടുന്നതും, താഴ്മയുടെ ആഴങ്ങളിലേക്കിറങ്ങിയ ദൈവപുത്രന്റെ സ്വയം ശൂന്യവല്ക്കരണവും ഉന്നതിയുടെ പുകഴ്ച്ചയിലേക്ക് പ്രവേശിക്കുവാൻ മാനവന് പ്രാപ്യമായ അവകാശവുമാണ്. പ്രസ്തുത ലക്ഷ്യ സാധൂകരണത്തിന് അനുയോജ്യമായ രണ്ടു പ്രക്രിയകളാണ് ആരാധനയിൽ സംഭവ്യമായ ദൈവ മഹത്വീകരമവും മനുഷ്യന്റെ പവത്രീകരണവും. വിശുദ്ധീകരണവും, പ്രകാശീകര,ണവും, ദൈവീകരണവും ഇത്തരണത്തിൽ സംഭവ്യമാകുന്നു. ആരാധനയുടെ ഉന്നതമായ അവസ്ഥയിൽ സ്തുതിയും ആരാധനയും ദൈവത്തിന് നല്കുന്നു. അപ്പോൾ ഭക്തരിൽ നവീകരണവും രൂപാന്തരീകരണവും സംഭവ്യമാകുന്നു. അങ്ങനെ ഭക്തർ സ്വർഗ്ഗം കേന്ദ്രീകരിച്ചും ഭൗതീകതയുടെ ആകർഷണങ്ങളിൽ നിന്നും വിടുതൽ പ്രാപിച്ചും മുന്നേറുന്നു. കൗദാശിക ഭാവങ്ങളിൽ സംഭവിക്കുന്നവിശുദ്ധീകരണ പ്രക്രിയയിലൂടെ കൃപയുടെ നീർച്ചാലുകൾ ഭക്തർക്ക് ലഭിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ സാന്നിദ്ധ്യം ഇത്തരുണത്തിൽ അനിവാര്യം തന്നെ.




www.malankaralibrary.com



# ആരാണ് നീ?

ജിൽസ ജോയ്

'എന്തുകൊണ്ടാ ആളുകൾ എന്നെ ക്രിസ്ത്യാനി എന്ന് പറയുന്നത്?'

മതബോധനക്ലാസ്സിൽ തന്നെ സൂക്ഷിച്ചു നോക്കിയിരിക്കുന്ന പ്രസരിപ്പുള്ള കുട്ടികളോട് ടീച്ചർ ചോദിച്ചു. ആദ്യം വന്ന ഉത്തരം തന്നെ ടീച്ചർ ഒട്ടും പ്രതീക്ഷിക്കാത്തതായിരുന്നു. ഒരു മിടുക്കൻ പറഞ്ഞത് ഇങ്ങനെ,

'അവർക്ക് ടീച്ചറെ ശരിക്ക് അറിയാത്തത് കൊണ്ടാവും ടീച്ചറെ!'

നമ്മളെ ഓരോരുത്തരെയും വ്യക്തിപരമായി അറിയാവുന്ന ക്രിസ്തു പറയുമോ നമ്മൾ ക്രിസ്ത്യാനി ആണെന്ന്? നമ്മുടെ പറച്ചിലും പെരുമാറ്റവും അറിയുന്നവർ പറയുമോ നമ്മൾ ശരിക്കും ക്രിസ്ത്യാനി (ക്രിസ്തുവിന്റെ അനുയായി) ആണെന്ന്? എന്തുമാത്രം രൂപാന്തരീകരണം നമുക്ക് സംഭവിക്കുന്നുണ്ട്? ക്രിസ്തുവിനെ എത്രമാത്രം നമ്മൾ അനുകരിക്കുന്നുണ്ട്? ക്രിസ്തുവിന്റെ സാദൃശ്യത്തിലേക്ക് എന്ത് മാത്രം മാറുന്നുണ്ട്?

സാഹിത്യത്തിൽ പ്രതിഭാശാലി ആയിരുന്നു വിശുദ്ധ ജെറോം. ലാറ്റിൻ, ഗ്രീക്ക്, ഹീബ്രുഭാഷകളിൽ ഇത്രയും പാണ്ഡിത്യമുള്ള വേറൊരാൾ ഉണ്ടായിരുന്നില്ല, കാരണം അത്രയധികം വർഷങ്ങളാണ് ഈ ഭാഷകൾ പഠിക്കുന്നതിന് വേണ്ടി അദ്ദേഹം ചിലവഴിച്ചത്. ഉത്തമസാഹിത്യകൃതികൾ വായിക്കാൻ വളരെ താല്പര്യമുണ്ടായിരുന്ന അദ്ദേഹം, ഒരു രാത്രിയിൽ വിചിത്രമായ സ്വപ്നമുണ്ടാകുന്നത് വരെ പ്ലോട്ടസിന്റെയും വെർജിലിന്റെയും സിസേറോയുടെയും പുസ്തകങ്ങൾ ഏറെ വായിച്ചുകൂട്ടി. ആ സ്വപ്നം ഇങ്ങനെയായിരുന്നു:

സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട ഞാൻ നിത്യനായ വിധികർത്താവിനെ മുഖത്തോട് മുഖം കണ്ടു. തേജസ്സാർന്ന പ്രകാശത്തിന്റെ ആധിക്യം കൊണ്ട് ഞാൻ തലയുയർത്തി നോക്കാൻ ധൈര്യപ്പെട്ടില്ല.

'ആരാണ് നീ?' ക്രിസ്തു ചോദിച്ചു.

'ജെറോം, ഒരു ക്രിസ്ത്യാനി' ഞാൻ പറഞ്ഞു.

'നീ നുണ പറയുന്നു'. മുഖമടച്ചു ഒരടി കിട്ടിയ പോലെ എനിക്ക് തോന്നി.

'ഞാൻ ക്രിസ്ത്യാനിയാണ്' ഞാൻ വിളിച്ചുപറഞ്ഞു.

'നീ സിസെറോയുടെ ആളാണ്. നീ ക്രിസ്ത്യാനിയല്ല'!

അത്ര മാത്രം മതിയായിരുന്നു വിശുദ്ധ ജെറോമിന് തനിക്ക് പ്രിയപ്പെട്ട എല്ലാ എഴുത്തുകാരുടെയും പുസ്തകങ്ങൾ അടച്ചുവെച്ച് പിന്നെയുള്ള കാലം തിരുവചനങ്ങൾ മാത്രം ധ്യാനിക്കുവാൻ.

ക്രിസ്ത്യാനി ആയല്ല നമ്മൾ ജീവിച്ചത് എന്ന തിരിച്ചറിവ് നമുക്കുണ്ടാവുന്നത് തനതുവിധി സമയത്താണെങ്കിൽ? 'നിങ്ങൾ എവിടെ നിന്നാണെന്ന് ഞാൻ അറിയുന്നില്ല' എന്ന അവന്റെ ഒറ്റ പറച്ചിലിൽ തീരില്ലേ എല്ലാം? പിന്നെ, ഞാൻ ക്രിസ്ത്യാനി ആണെന്നോ, കുർബ്ബാനക്ക് കൂടാറുണ്ടെന്നോ, അവനെപ്പറ്റി ഫേസ്ബുക്കിൽ കുറേ എഴുതിയിട്ടുണ്ടെന്നോ ഒന്നും പറഞ്ഞിട്ട് ഒരു കാര്യവുമില്ല.

യാക്കോബ് ഏസാവിനെ ചതിച്ച്, സങ്കടപ്പെടുത്തി നാടുവിട്ടതിനുശേഷം കാലങ്ങൾ കഴിഞ്ഞു തിരിച്ചു വരുമ്പോൾ തന്റെ ചതിക്കപ്പെട്ട ചേട്ടനോട് പറയുന്ന ഒരു ഡയലോഗ് ഉണ്ട്. 'ദൈവത്തിന്റെ മുഖം കണ്ടാലെന്ന പോലെയാണ് അങ്ങയുടെ മുഖം ഞാൻ കണ്ടതെന്ന്'. കാരണം അത്ര ദയയോടെയാണ് ഏസാവ് യാക്കോബിനെ സ്വീകരിച്ചത്. ദയയോടും സൗമ്യതയോടും കൂടിയുള്ള പ്രതികരണങ്ങൾ വെളിപ്പെടുത്തുന്നത് ദൈവത്തിന്റെ മുഖമാണ്, സ്വഭാവമാണ്. കൊലപാതകികളെയും തീവ്രവാദികളെയും പോലും മാറ്റിമറിക്കുന്ന, ക്ഷമിക്കുന്ന സ്നേഹം.

അപ്പസ്തോലർക്കും വിശുദ്ധർക്കും ലോകമെങ്ങും പോകുന്ന മിഷനറിമാർക്കും 'വസുധൈവ കുടുംബകം' ആയിരുന്നു. രാജ്യത്തിന്റെ പേരിൽ, മതത്തിന്റെ പേരിൽ, കണ്ടുമുട്ടുന്ന ആരോടും അയിത്തമോ പ്രിവിലേജോ അവർ കല്പിച്ചിട്ടില്ല. 'ഞങ്ങളാകട്ടെ ക്രിസ്തുവിന്റെ മനസ്സറിയുന്നു' എന്ന് പൗലോസ് അപ്പസ്തോലനെപ്പോലെ നമുക്കും പറയാൻ കഴിയട്ടെ. അക്ഷരം തെറ്റാതെ ക്രിസ്ത്യാനി എന്ന് നമ്മളെ നോക്കി മറ്റുള്ളവർക്ക് വിളിക്കാൻ കഴിയട്ടെ!

www.malankaralibrary.com



# MAR BASELIOS COLLEGE OF ENGINEERING AND TECHNOLOGY

(Approved by the AICTE and Affiliated to APJ Abdul Kalam Technological University.)

*The only Self-Financing Engineering College accredited by NAAC with 'A' Grade (CGPA-3.13) and all Programmes accredited by NBA National Board of Accreditation- (Tier -II)*

## Programmes Offered

***B.Tech***

| Sl.No. | Branch | No.of Seats |
|---|---|---|
| 1. | Civil Engineering | 120 |
| 2. | Computer Science and Engineering | 120 |
| 3. | Electrical and Electronics Engineering | 120 |
| 4. | Electronics and Communication Engineering | 120 |
| 5. | Mechanical Engineering | 120 |

***M.Tech***

| Sl.No. | Branch | No.of Seats |
|---|---|---|
| 1. | Civil - Structural Engineering | 18 |
| 2. | Computer Science and Engineering | 30 |
| 3. | Electrical - Control System | 18 |
| 4. | Electrical - Power Control Drives | 18 |
| 5. | Electronics - Signal Procesing | 18 |
| 6. | Electronics - Telecommunication Engineering | 18 |
| 7. | Mechanical - Mechine Design | 18 |

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2024-2026
Date of Publication 29-10-2023

Christavakahalam Monthly, NOVEMBER 2023
Annual Subscription Rs. 150/-
Single Copy Rs. 15/-

www.malankaralibrary.com

**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം.
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും....**

# ക്രൈസ്തവ കാഹളം




വായിക്കുക
വരിക്കാരാകുക
പ്രചരിപ്പിക്കുക

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com